A CHRISTIAN NEWS PAPER- MONTHLY

# മാറാനാഥാ വോയ്സ്

RNI: NO: KERBIL-2000/2219 Postal Reg:No- KL/QN/301/2018-20 10 ഏപ്രിൽ 2018 വാല്യം–19 ലക്കം–5 കൊട്ടാരക്കര ₹10.00

## ഒടുവിൽ അന്തർദേശീയ സുവിശേഷകൻ അനുതപിച്ചു...

# ‘സമൃദ്ധിയുടെ സുവിശേഷം തെറ്റ്’

**സമൃദ്ധിയുടെ സുവിശേഷം പ്രചരിപ്പിച്ചതിൽ ഖേദിക്കുന്നുയെന്ന് അന്തർദേശീയ സുവിശേഷകൻ ബെന്നിഹിൻ; ഡോ. ബില്ലിഗ്രഹാമിന്റെ ലളിതജീവിതം തന്നെ സ്വാധീനിച്ചുയെന്നും സുവിശേഷകൻ**



**ടെക്സസ്:** സമൃദ്ധിയുടെ സുവിശേഷം പ്രചരിപ്പിച്ചതിൽ തനിക്ക് തെറ്റ് പറ്റിയെന്നും താൻ അതിൽ ഇപ്പോൾ അനുതപിക്കുന്നുയെന്നും ലോകപ്രസിദ്ധ കരിസ്മാറ്റിക് പ്രഭാഷകനും രോഗശാന്തിശുശ്രൂഷകനുമായ ഡോ. ബെന്നിഹിൻ. ഫേസ്ബുക്കിലുടെയാണ് അദേഹം തന്റെ തെറ്റിനെ തുറന്ന് സമ്മതിച്ചത്. ‘ ഡോ. ബില്ലിഗ്രഹാമിന്റെ ലളിത ശൈലിയും ജീവിതരീതിയും കഷ്ടപ്പാടുകളും തന്നെ വല്ലാതെ സ്വാധീനിച്ചു. താൻ ഇതുവരെ പ്രസംഗിച്ചതും പഠിപ്പിച്ചതും തെറ്റാണെന്ന് സമ്മതിക്കുന്നു...’ ഇത് വചനവിരുദ്ധമാണ്...ഫെബ്രുവരി 21ന് പോസ്റ്റ് ചെയ്ത ഫേസ്ബുക്ക് പേജിലൂടെ അദേഹം വെളിപ്പെടുത്തുന്നു.

ലോകപ്രസിദ്ധ സുവിശേഷകൻ ഡോ. ബില്ലിഗ്രഹാമിന്റെ വേർപാടിനെ തുടർന്ന് അദേഹത്തിന്റെ ജീവിതത്തെ തന്റെ ജീവിതവുമായി വിലയിരുത്തിയാണ് ബെന്നിഹിൻ അനുതപിക്കുന്നത്. അദേഹം തുടർന്ന് കുറിക്കുന്നു... ‘എന്നെ പലരും വിമർശിച്ചിരുന്നു. യുഎസ് സെനറ്റർമാരും വിമർശിച്ചു.ഇപ്പോൾ എല്ലാ ശരിയാണെന്ന് മനസിലാക്കുന്നു. ജനങ്ങൾ എന്നെ കുറ്റപ്പെടുത്തി അതിസമ്പന്നൻ എന്ന് വിശേഷിപ്പിച്ചു. ഞാൻ സ്വകാര്യ ജെറ്റിൽ പറക്കുന്നു, ആഡംബര സൗധത്തിൽ താമസിക്കുന്നു. ചർച്ചിന് സ്വന്തമായി വിമാനം ഉണ്ട്. വർഷംതോറും നൂറ് മില്യൺ ഡോളർ വാരിക്കൂട്ടുന്നു. എന്നിങ്ങനെയാണ് എന്നെക്കുറിച്ചുള്ള ആരോപണം. ഞാൻ 35 വർഷമായി ജനങ്ങളെ വിഡ്ഢികളാക്കുകയായിരുന്നുയെന്ന് ഇപ്പോൾ തോന്നുന്നു. യേശുക്രിസ്തു വിലകൂടിയ വാഹനങ്ങളിൽ സഞ്ചരിച്ചിരുന്നോ? ക്രിസ്തു കൊട്ടാരത്തിൽ താമസിച്ചിരുന്നോ? എലിയാ പ്രവാചകന് കാറുണ്ടായിരുന്നോ? അപ്പോസ്തലന്മാർക്ക് ഭൗതികമായി എന്തുണ്ടായിരുന്നു..? .......ഒന്നുമില്ലായിരുന്നു...സ്വയം ചോദിക്കുന്ന ചോദ്യങ്ങൾക്ക് ബെന്നിഹിൻ തന്നെ ഇല്ലായെന്ന് മറുപടിയും പറയുന്നു. എന്റെ മിനിസ്ട്രിയുടെ കാഴ്ചപ്പാടുകളും ശൈലിയും അനേക പാസ്റ്റർമാർ അനുകരിക്കുന്നു. അത് പലപ്പോഴും പരിധികൾ ലംഘിക്കുകയാണ്. അതിൽ ഞാനിപ്പോൾ ഖേദിക്കുന്നു....’ 65കാരനായ ബെന്നിഹിൻ അനുതാപപൂർണ്ണമായ തന്റെ ചിന്തകളെ കുറിച്ചിരിക്കുന്നത് ഇങ്ങനെയാണ്.

സമൃദ്ധിയുടെ സുവിശേഷം കൊടുമ്പിരിക്കൊണ്ടപ്പോൾ ബെന്നിഹിൻ മിനിസ്ട്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് യുഎസ് സർക്കാർ അന്വേഷണം തുടങ്ങിയിരുന്നു. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ യുഎസിലെ ഐആർ എസിലെ ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥരും പോസ്റ്റൽ സർവ്വീസ് വകുപ്പും ബെന്നിഹിന്നിന്റെ ടെക്സസിലെ ഗ്രേപ്പ് വൈനിലെ മിനിസ്ട്രി ആസ്ഥാനത്ത് റെയ്ഡ് നടത്തിയിരുന്നു. ബെന്നിഹിന്നിന്റെ സന്ദേശം മുഴുവനും സമൃദ്ധിയും അനുഗ്രഹങ്ങളും വാഗാദാനം ചെയ്യുന്നതാണ്. ക്രിസ്തീയ ജീവിതം സമൃദ്ധിയുടേയും സന്തോഷത്തിന്റേതുമാണെന്നും കഷ്ടതകൾക്കും ദുഖങ്ങൾക്കും ക്രിസ്തീയ ജീവിതത്തിൽ സ്ഥാനമില്ലെന്നും ബെന്നിഹിൻ പഠിപ്പിക്കുന്നു. ഇത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരിപ്പിച്ചതിന്റെ ഫലമായി അനേകായിരങ്ങളാണ് സമൃദ്ധിയുടെ സുവിശേഷവുമായി ജനങ്ങളെ പ്രലോഭിപ്പിക്കുന്നതും വലയ്ക്കുന്നതും. യഥാർത്ഥത്തിൽ ക്രിസ്തു ആരെന്നും അവിടുത്തെ ആഗമനോദ്ദേശ്യം എന്തെന്നും മറച്ച് വച്ച് ക്രിസ്തു ഭൗതിമ സമൃദ്ധിയുടെ അടയാളമായി ലോകത്തിന് മുന്നിൽ വരച്ച് കാട്ടുന്നു. ക്രിസ്തുവിലൂടെയുള്ള ആത്മ രക്ഷയെ കോട്ടിക്കളയുകയും ഭൗതിക നന്മകളെ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. കഴിഞ്ഞ 35ൽ പരം വർഷങ്ങളായി ബെന്നിഹിൻ വേദികളിലും ടെലിവിഷനിലൂടേയും പ്രസംഗിച്ചത് സമൃദ്ധിയുടെ സുവിശേഷമായിരുന്നു. അത് തെറ്റായിപ്പോയി എന്ന വലിയൊരു തിരിച്ചറിവാണ് , ഈ നൂറ്റാണ്ടിലെ പ്രസംഗകരുടെ പ്രഭുയെന്നറിയപ്പെടുന്ന ബില്ലിഗഹാമിന്റെ വേർപാടിലൂടെ, ലോകപ്രസിദ്ധ ഉണർവ്വ് പ്രസംഗകനും രോഗശാന്തി ശുശ്രൂഷകനുമെന്ന് സ്വയം വിശേഷിപ്പിക്കുന്ന ബെന്നിഹിന്നിന് കൈവന്നിരിക്കുന്നത്. ഇത് ദൈവത്താൽ സംഭവിച്ചതെന്ന് വേണം കരുതാൻ. കാരണം മനുഷ്യന്റെ ആത്മരക്ഷയ്ക്കുള്ള സുവാർത്തയായ സുവിശേഷം പ്രസംഗിക്കേണ്ടതിനായി ഉപയോഗിക്കേണ്ട കോടിക്കണക്കിന് പണവും വിലപ്പെട്ട സമയവും പ്രയത്നവും സമൃദ്ധി പ്രസംഗിക്കുവാൻ ബെന്നിഹിന്നും, തന്നെ ക്ഷണിച്ച് യോഗങ്ങൾ നടത്തിയ ആഗോള ക്രൈസ്തവ സംഘാടകരും നഷ്ടമാക്കി കളഞ്ഞു. ബെന്നിഹിന്നിനെ അന്ധമായി വിശ്വസിച്ച് ഇന്നും സമൃദ്ധിയുടെ സുവിശഷം പ്രസംഗിച്ച് സ്വയം സമൃദ്ധി നേടുന്ന കേരളത്തിലെ പ്രോസ്പിരിറ്റി തിയോളജിയന്മാരും അവരുടെ തിയറിക്ക് കുഴലൂതുന്നവരും ബെന്നിഹിന്നിനുണ്ടായ തിരിച്ചറിവും അനുതാപവും കണ്ട് ഇനിയെങ്കിലും ഒരു വീണ്ടുവിചാരത്തിന് തയാറായിരുന്നുവെങ്കിൽ നന്നായിരുന്നു. കർത്താവ് മനുഷ്യനെ വിളിച്ചത് ആത്മരക്ഷ പ്രസംഗിക്കാനാണ്, സമൃദ്ധി ഉപദേശിക്കാനല്ല. ദൈവം പ്രാർത്ഥന കേൾക്കുകയും സൗഖ്യമാക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമെന്നതിന് സംശയം വേണ്ട. പക്ഷേ അതിനപ്പുറം മനുഷ്യന്റെ ആത്മാവിന്റെ മോചനമാണ് ദൈവത്തിന്റെ ലക്ഷ്യമെന്നത് നാം വിസമരിച്ചുകൂടാ.



**പേജ്–3**
യിസ്രായേൽ നാണയത്തിൽ കോരെശ് രാജാവിനൊപ്പം ഡൊണാൾഡ് ട്രമ്പും..!



**പേജ്–9**
മറയ്ക്കാൻ ആവില്ല ആ മഹാ സത്യത്തെ...!



**പേജ്–14**
ആഫ്രിക്കൻ ഭൂഖണ്ഡം രായി പിളരുന്നു

Phone: 0 8547414937 Email: maranathavoice@gmail.com

# മധുരയിൽ ആരാധനാലയങ്ങൾക്ക് നേരെ ആക്രമണം

**കൂടൽ പൂതുറ:** തമീഴ്നാട്ടിൽ സുവിശേഷ വിരോധികൾ ഒരു ദിവസം തന്നെ 4 പെന്തക്കോസ്തു സഭകളിൽ ആരാധന തടയുകയും ബൈബിളുകളും മൊബൈലുകളും മറ്റും അഗ്നിക്കിരയാക്കുകയും ചെയ്തതായി റിപ്പോർട്ട്. മാർച്ച് 11ന് ഞായറാഴ്ച മധുരയിലെ സിക്കന്തർ ചാവടിയിലെ റീമാചർച്ചിലായിരുന്നു ആദ്യ ആക്രമണം.

പത്തോളം വരുന്ന അക്രമികൾ പാസ്റ്റർ രവി ജേക്കബിനോട് തട്ടിക്കയറുകയും ആരാധന നിർത്തുവാൻ ആവശ്യപ്പെടുകയുമായിരുന്നു. തുടർന്ന് ബൈബിളുകളും ലഘുലേഖകളും മൊബൈൽ ഫോണുകളും പുസ്തക

**ബൈബിളുകളും ഇതര ക്രൈസ്തവഗ്രന്ഥങ്ങളും കത്തിച്ചു**

ങ്ങളും ബലമായി പിടിച്ച് വാങ്ങി റോഡിൽ ഇട്ട് കത്തിക്കുകയായിരുന്നു. തുടർന്ന് സമീപ സ്ഥലങ്ങളിലുള്ള 3 പെന്തക്കോസ്തു സഭകളിലും എത്തി സമാനമായ രീതിയിൽ ആക്രമണം നടത്തിയതായി പാസ്റ്റർ രവി ജേക്കബ് പറഞ്ഞു. ഒരാഴ്ചയ്ക്കകം സഭാരാധനകൾ നിർത്തിവച്ചില്ലെങ്കിൽ പരിണിതഫലം അനുഭവിക്കും എന്നായിരുന്നു ഭീഷണി. കൂടൽ പുതൂറിലെ ബഥെസ്ഥ വാർത്തയിൻ ജപവീട് എന്ന ആരാധനാലയത്തിൽ എത്തി പ്രശ്നങ്ങൾ ഉാക്കിയ ശേഷം ഇവിടുത്തെ സഭാശുശ്രൂഷകൻ ജെറോം ജഗദീശനെ ആക്രമിക്കാൻ ശ്രമിച്ചു. പിന്നീട് സമീപത്തെ ലിവിംഗ് ഗോഡ് ചർച്ചിലും തൊട്ടടുത്ത മറ്റൊരു ചർച്ചിലുമായാണ് ആക്രമണങ്ങളും ഭീഷണികളും നടത്തിയത്. പാസ്റ്റർ രവി ജേക്കബ് നൽകിയ പരാതിയിന്മേൽ മധുര പോലീസ് സൂപ്ര് എൻ മണിവണ്ണൻ മേൽ നടപടിക്ക് ശിപാർശ ചെയ്തു. അക്രമികളിൽ 3 പേരെ തുടക്കത്തിലെ തിരിച്ചറിഞ്ഞിരുന്നു.


ആരാധനാലയ ആക്രമണത്തെ തുടർന്ന് വിശ്വാസികൾ പ്രതിഷേധിക്കുന്നു

### അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ്:

## പാസ്റ്റർ പി.എസ് ഫിലിപ്പ് , ഡോ. ഐസക് വി മാത്യു എന്നിവർ വീണ്ടും നേതൃനിരയിലേക്ക്



**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റിന്റെ സൂപ്രായി പാസ്റ്റർ പിഎസ് ഫിലിപ്പും അസി. സൂപ്രായി ഡോ. ഐസക് വി മാത്യുവും തെരഞ്ഞെടുക്കപ്പെട്ടു. മാർച്ച് 13,14 തീയതികളിൽ സഭാ ആസ്ഥാനമായ പുനലൂരിലെ വർഷാ ഓഡിറ്റോറിയത്തിൽ നടന്ന സഭാ പ്രതിനിധി കോൺഫ്രൻസിലാണ് പുതിയ ടേമിലേക്കുള്ള നേതൃനിരശുശ്രൂഷകരെ ഇരു ദിനങ്ങളിലായി തെരഞ്ഞെടുത്തത്. സഭാ സെക്രട്ടറിയായി പാസ്റ്റർ ടി.വി പൗലോസ് കായംകുളം ട്രഷറായി പാസ്റ്റർ എ. രാജൻ തിരുവനന്തപുരം, അംഗമായി പാസ്റ്റർ എം.എ ഫിലിപ്പ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.
സൂപ്രായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ പിഎസ് ഫിലിപ്പ് നിലവിൽ അസി സൂപ്രായിരുന്നു. നിരവധി തവണ സഭാസൂപ്ര് പദവി വഹിച്ചിട്ട്. അസി. സൂപ്രായി ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഡോ. ഐസക് വി മാത്യു, മലയാളം ഡിസ്ട്രിക്റ്റ് സെക്രട്ടറിയായി മുമ്പ് സേവനം ചെയ്തിട്ട്. സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് കൗൺസിലിംഗിൽ ഡോക്ടേറ്റ് നേടിയിട്ട്. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ടി,വി പൗലോസ് നിലവിൽ സഭയുടെ മധ്യമേഘലാ ഡയറക്ടറാണ്. ഒമാൻ പെന്തക്കോസ്തൽ അസംബ്ലി ശുശ്രൂഷകനായി സേവനം ചെയ്തിട്ടു. സഭാ എക്സിക്യൂട്ടിവിൽ ആദ്യമാണ്. ട്രഷററും, കമ്മിറ്റി അംഗവും തത്സ്ഥാനങ്ങൾ നിലനിർത്തുകയായിരുന്നു

### ലോക സന്തോഷ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 133-ാമത്

ന്യൂയോർക്ക്: അഴിമതി വർദ്ധിക്കുകയും സാമൂഹിക സ്വാതന്ത്ര്യം നഷ്ടപ്പെടുകയും ചെയ്യുമ്പോൾ മനുഷ്യന്റെ സന്തോഷവും കുറയുന്നതായി ഈ വാർത്ത വെളിപ്പെടുത്തുന്നു. ഐക്യരാഷ്ട്ര സംഘടന പുറത്തിറക്കിയ 2018ലെ വേൾഡ് ഹാപ്പിനസ് ഇൻഡക്സ് എന്ന ലോക സന്തോഷ സൂചികയിൽ 156 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 133-ാമത്. ഫിൻലൻഡിനാണ് ഒന്നാം സ്ഥാനം.

ഇന്ത്യയുടെ അയൽരാജ്യങ്ങളായ പാക്കിസ്ഥാൻ 75-ാം സ്ഥാനത്തും, ഭൂട്ടാൻ 97-ാം സ്ഥാനത്തും നേപ്പാൾ 101-ാം സ്ഥാനത്തുമാണ്. 115-ാം സ്ഥാനത്ത് ബംഗ്ലാദേശും 116-ാം സ്ഥാനത്ത് ശ്രീലങ്കയുമാണ്. ആഫ്രിക്കൻ രാജ്യമായ ബുറുിയാണ് ഒട്ടും സ്ന്തോഷത്തിന് വകയില്ലാത്ത ഒടുവിലത്തെ രാജ്യം.


## ഒഡീഷയിൽ ക്രിസ്തീയ ഭവനത്തിന് തീയിട്ടു; 6 പേർക്ക് പരുക്കേറ്റു

**മാൽക്കാഗിരി:** ഒഡീഷയിലെ മാൽക്കാഗിരി ജില്ലയിലെ ടങ്ങാുഗുഡായിൽ ഒരു കുട്ടിയുടെ ശവസംസ്കാരവുമായി ബന്ധപ്പെട്ടുായ സംഘർഷത്തിൽ സ്ഥലത്തെ ക്രൈസ്തവ ഭവനത്തിന് തീയിട്ടു. ഭവനത്തിലെ 6 പേർക്ക് പരുക്കേറ്റു. ഫെബ്രുവരി 27ന് നടന്ന സംഭവം വേൾഡ് വാച്ച് മോനിട്ടറാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 35 ഹൈന്ദവ കുടുംബങ്ങളും 3 ക്രിസ്തീയ കുടുംബങ്ങളുമാണ് ഇവിടെയുള്ളത്. മരിച്ച് പോയ കുട്ടിയെ ഗ്രാമത്തിനുള്ളിൽ സംസ്കാരിച്ചതുമായ ബന്ധപ്പെട്ടാണ് സംഘർഷം ഉടലെടുത്തത്. മരണമടഞ്ഞ ് വയസുകാരിയെ സ്വന്ത പുരയിടത്തിൽ സംസ്കരിക്കുവാനുള്ള ക്രൈസ്തവ കുടുംബത്തിന്റെ തീരുമാനമാണ് പ്രശ്നങ്ങളിലേക്ക് വഴിവെച്ചത്.

# ലോകഭാഷയിൽ 80 ശതമാനത്തിലും ബൈബിൾ എത്തിയെന്ന് പുതിയ റിപ്പോർട്ട്

## ചിതറിയ ഭാഷകളിലെ ബൈബിൾ വിവർത്തനം ദുഷ്കരമെന്നും പഠനം

**ന്യൂയോർക്ക്:** ബൈബിൾ പരിഭാഷാരംഗത്ത് പ്രവർത്തിക്കുന്നവരുടെ അക്ഷീണ പരീശ്രമങ്ങൾക്ക് ഫലം ഉണ്ടാകുന്നതായി വെളിപ്പെടുത്തിക്കൊണ്ട് ആഗോളക്രൈസ്തവസഭയെ സംബന്ധിച്ച ഏറ്റവും ശ്രദ്ധേയമായതും സന്തോഷപ്രദവുമായ വാർത്ത പുറത്ത് വരുന്നു. ലോകത്തിലെ മുക്കാൽ പങ്ക് ഭാഷകളിലും വിശുദ്ധ ബൈബിളിന്റെ മൊഴിമാറ്റം നടത്തപ്പെട്ടതായി എറ്റേർണൽ ന്യൂസിന്റെ അന്വേഷണാത്മക റിപ്പോർട്ട് പുറത്ത് വന്നു. ലോകജനതയിലെ 760 കോടിയോളം വരുന്ന ജനസംഖ്യയിൽ 540 കോടി ജനങ്ങൾക്കും തങ്ങളുടെ സ്വന്തഭാഷയിൽ സമ്പൂർണ്ണ ബൈബിൾ ലഭ്യമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിന് പുറമേ 63.1 കോടിയോളം ആളുകൾക്ക് പുതിയ നിയമവും 40.6 കോടി ആളുകൾക്ക് പുതിയ നിയമ ഭാഗങ്ങളോ സ്വന്തഭാഷയിൽ ലഭ്യമായിട്ടുണ്ടെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.




തുർക്ക്മെനിസ്ഥാനിലെ 70 ലക്ഷത്തോളം വരുന്ന സോട്ടൂംഗ് വിഭാഗം, മൊസാംബിക്കിലെ 16,30000ത്തോളം വരുന്ന എലോംവി വിഭാഗം, മ്യാൻമറിലെ ചിൻഭാഷക്കാർ ഉൾപ്പെടെ 7 ഭാഷകളിലയി വിഭജിക്കപ്പെട്ട 130 ലക്ഷത്തോളം ആളുകൾ തുടങ്ങിയവർ കഴിഞ്ഞ വർഷം ആദ്യമായി സമ്പൂർണ്ണ ബൈബിൾ സ്വന്തം ഭാഷയിൽ വായിച്ചു. എന്നാൽ ഏകദേശം 20.9 കോടിയോളം ആളുകൾക്ക് സ്വന്തം ഭാഷയിലെ ബൈബിൾ ഇനിയും ലഭ്യമല്ല. ഇത്രയും ആളുകൾ വിഭജിച്ച് കിടക്കുന്ന ചെറിയ ഭാഷാ വിഭാഗങ്ങളാണ് എന്നതാണ് ദൗത്യത്തെ ദുഷ്കരമാക്കുന്നത്. എന്നിരുന്നാലും പലതിന്റെയും തർജ്ജിമ പുരോഗമിച്ച് കൊണ്ടിരിക്കുന്നുയെന്നത് ശ്രദ്ധേയമാണ്. 2017 മാത്രം 56.6 കോടി ജനങ്ങൾക്കിടയിൽ 30 ഓളം പുതിയ വിവർത്തനങ്ങളാണ് പുറത്തിറക്കിയത്. 26 ഓളം ബ്രെയിലി ലിപികളിലും ബൈബിൾ തർജ്ജിമ ചെയ്തു കഴിഞ്ഞു. അപ്പോഴും അടയാള ഭാഷകളിൽ ബൈബിൾ തർജജിമ ഇനിയും പുരോഗമിച്ചിട്ടില്ല. 400 ഓളം വരുന്ന അടയാള ഭാഷകളിൽ 10 ശതമാനത്തിന് മാത്രമാണ് ലിപിയുള്ളത്. 32 രാജ്യങ്ങളിൽ അടയാള ഭാഷകളിൽ ബൈബിൾ തർജ്ജിമ ചെയ്യുന്നതിനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്. ആകെയുള്ള ഏഴായിരത്തോളം ഭാഷകളിൽ 6754 ഭാഷകളിലും ഇപ്പോൾ ബൈബിളും ബൈബിൾ ഭാഗങ്ങളും ലഭ്യമാണെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഭാഷകൾ കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതിനാൽ പുതിയ വിവർത്തനങ്ങൾ നിരന്തരം തയാറാക്കേണ്ടി വരുന്നത് ഈ മേഘലയിലെ വലിയൊരു വെല്ലുവിളിയാണെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.


ബൈബിൾ വിവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന പരിഭാഷകർ

# ദുബൈയുടെ അപ്പോസ്തലന് യാത്രാമൊഴി



പാസ്റ്റർ ജീ ഗീവർഗ്ഗീസ്

**പ്രവാസ ദേശത്ത് ദൈവജനം സഭാവിഭാഗമെന്യെ ഐക്യമായി നിലകൊള്ളണമെന്ന് പാസ്റ്റർ ജി ഗീവർഗ്ഗീസ് ആഴത്തിൽ ആഗ്രഹിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായാണ് ദുബൈ-ഷാർജ ഐക്യ പെന്തക്കോസ്ത് ഫെലോഷിപ്പ് രൂപം കൊണ്ടത്.**

അരനൂറ്റാണ്ടിലധികം അറേബ്യൻ മണലാരണ്യത്തിൽ ദൈവസ്നേഹത്തെ പ്രകീർത്തിച്ച പാസ്റ്റർ ജീ ഗീവർഗ്ഗീസിന് വിശ്വാസി സമൂഹത്തിന്റെ യാത്രാമൊഴി. 8 പതിറ്റാണ്ട് നീണ്ട ആ ജീവിതത്തിൽ 5 പതിറ്റാണ്ടിലധികം പ്രവാസിദേശത്ത് യേശുക്രിസ്തുവിന്റെ സാക്ഷിയാവുക എന്ന മഹൽനിയോഗം പൂർത്തീകരിച്ചാണ് മാർച്ച് 15ന് രാവിലെ അദേഹം കർമ്മഭൂമിയായ ദുബൈയിൽ നിന്നും നിത്യതയിലേക്ക് യാത്രയായത്.

തങ്ങളുടെ എട്ട് മക്കളിൽ ഇളയവനായ ഗീവർഗ്ഗീസ് എന്ന ജോയിയെ ഒരു പുരോഹിതനായി കാണണമെന്നായിരുന്നു മാവേലിക്കര കാരായ്മ ചെറുമലക്കാട്ടിൽ ഗീവർഗ്ഗീസ്-മറിയാമ്മ ദമ്പതികളുടെ ആഗ്രഹം. എന്നാൽ ഹൈസ്ക്കൂൾ പഠനകാലത്ത് തിരുവല്ലയിൽ മിഷണറിമാർ നടത്തിയ യോഗത്തിൽ പങ്കെടുത്ത ജോയി രക്ഷാനിർണ്ണയം പ്രാപിച്ച് പുതിയൊരു ആത്മീയ വഴിക്ക് തുടക്കം കുറിക്കുകയായിരുന്നു. സ്കൂൾ പഠനാനന്തരം ഒരു സ്നേഹിതൻ വഴി ആസാമിലും തുടർന്ന് വിവാഹാനന്തരം കൽക്കത്തയിലും എത്തിച്ചേർന്നു. ഭൗതിക ജോലിക്കൊപ്പം ഏറെ പ്രാധാന്യത്തോടെ കർത്തൃവേലയയിലും വ്യാപൃതനായി. കൽക്കത്തയിൽ ആയിരിക്കെ അവിടുത്തെ പ്രദേശിക സഭയോടുള്ള ശുശ്രൂഷാ ബന്ധത്തിൽ മാവേലിക്കരയിൽ വച്ച് ഐപിസി സ്ഥാപകൻ പാസ്റ്റർ കെ.ഇ ഏബ്രഹാമിനാൽ ഓർഡിനേഷൻ ലഭിച്ചു. കൽക്കത്ത ഐപിസി ശുശ്രൂഷകനായി 7 വർഷം തികച്ചപ്പോഴാണ് 1973 ൽ ദുബൈയിലെത്തിച്ചേരുന്നത്. എന്നാൽ ആ യാത്രയിൽ ഗീവർഗ്ഗിസിനെക്കുറിച്ചുള്ള ദൈവത്തിൻരെ വിചാരം ഗീവർഗ്ഗീസിന്റെ വിചാരങ്ങളെക്കാൾ ഉയർന്നതായിരുന്നു. ഒരു കമ്പനിയുടെ മാനേജരായി ജോലിയിൽ പ്രവേശിച്ചെങ്കിലും കർത്തൃസേവനത്തിനായിരുന്നു അവിടേയും മുൻതൂക്കം. ആരാധനാ സൗകര്യമില്ലാത്തതിനാൽ വീടുകളിൽ കൂടിയിരുന്ന മലയാളി വിശ്വാസികളെ കരാമയിലെ ഒരു സ്കൂളിൽ ഒരുമിച്ച് കൂട്ടി ആരാധനയ്ക്ക് തുടക്കമിട്ടു. പ്രവാസി ദേശത്ത് ആത്മീയ പ്രകാശനത്തിന് അവസരമില്ലാത്തിരുന്ന അനവധി പേർക്ക് ആ കൂട്ടായ്മ ഒരനുഗ്രഹമായി മാറി. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ദുബൈ പെന്തക്കോസ്തു സഭ എന്ന പേരിൽ ആ കൂട്ടായ്മ രൂപപ്പെട്ടു. പിന്നീടത് ഐപിസിയായും ദുബൈയിലെ പ്രസിദ്ധമായ ഐപിസി ഫിലഡെൽഫിയാ ചർച്ച് ആയും രൂപം പ്രാപിക്കുകയായിരുന്നു. സഭയുടെ മാർഗ്ഗദർശികളായ പിതാക്കന്മാരുടെ പാത പിന്തുടർന്ന് വന്ന ഒരു ശുശ്രൂഷകൻ എന്ന നിലയിൽ തുടക്കം മുതൽ ദൈവരാജ്യദർശനങ്ങളിലധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് അദേഹം കാഴ്ച വച്ചത്. അധികാര കസേരകളോടും പോരടിച്ച് നേടുന്ന പദവികളോടും എന്നും അകലം പാലിച്ചിരുന്ന പാസ്റ്റർ ഗീവർഗ്ഗീസ് പ്രവാസികളായ ദൈവജനത്തിന്റെ ഐക്യതയ്ക്കും ആത്മീക വളർച്ചയ്ക്കും മുൻതൂക്കം കൊടുത്ത് പ്രവർത്തിച്ചു. പ്രവാസിയായി വന്നു കേവലം ഒരു കൂട്ടായ്മ നയിച്ച് ഒതുങ്ങി നിൽക്കുന്ന ആളല്ലായിരുന്നു അദേഹം. തുടക്കം മുതൽ തന്നെ വിശാല വീക്ഷണത്തോടെയാണ് അദേഹം സഭാസേവനങ്ങളേയും ദൈവജനത്തേയും കണ്ടത്. ദൈവജനം സഭാവിഭാഗമെന്യെ ഐക്യമായി നിലകൊള്ളണമെന്ന് ആഴത്തിൽ ആഗ്രഹിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായാണ് ദുബൈ-ഷാർജ ഐക്യ പെന്തക്കോസ്ത് ഫെലോഷിപ്പ് രൂപം കൊണ്ടത്. അതിന്റെ പ്രസിഡന്റായി ഏറെ വർഷങ്ങൾ നിലകൊണ്ടു.. അദേഹം സ്ഥാപിച്ച ദുബൈ ഐപിസി ഫിലെഡൽഫിയ സഭയാണ് യുഎഇയിൽ ഐപിസി പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പിന്നീട് സഹായകമായി തീർന്നത്. ഐപിസി യുഎഇ റീജിയൻ രക്ഷാധികാരിയായും അവസാനം വരേയും പ്രവർത്തിച്ചിരുന്നു. ആദ്യകാലങ്ങളിൽ ദുബൈയിൽ വരുന്ന മിക്ക പ്രവാസികൾക്കും ആത്മീയ കൂട്ടായ്മയും കൈത്താങ്ങലും നൽകിയിരുന്നു ഈ കരുതലുള്ള ഇടയശുശ്രൂഷകൻ. വേദവിഷയങ്ങളിൽ ആഴമായ

(ശേഷം പേജ് 15)

ഡൊണാൾഡ് ട്രമ്പ് യിസ്രായേലിന്റെ പുതിയ പ്രതീക്ഷ

# യിസ്രായേലിന്റെ അര ശേക്കെൽ നാണയത്തിൽ കോരെശ് രാജാവിനൊപ്പം ഡൊണാൾഡ് ട്രമ്പും..!

**ജെറുസലേം:** മൂന്നാം ജെറുസലേം ദേവാലയം പണിയുന്നതുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ യിസ്രായേലിന്റെ വെള്ളിനാണയത്തിൽ കോരെശ് രാജാവിന്റെ ചിത്രത്തിനൊപ്പം ഡൊണാൾഡ് ട്രമ്പിന്റെ ചിത്രവും. ബൈബിളിൽ രണ്ടാം ജെറുസലേം ദേവാലയം പണിയുവാൻ യെഹൂദാജനത്തിന് അനുവാദം നൽകുവാൻ ദൈവം ഉണർത്തിച്ച കോരെശ് രാജാവിന്റെയും ഇപ്പോഴത്തെ യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പിന്റെയും മുഖചിത്രങ്ങൾ ആലേഖനം ചെയ്ത അര ശേക്കെൽ വെള്ളിനാണയമാണ് സന്നദ്രിം സംഘവും ജെറുസലേം ദേവാലയ എജ്യൂക്കേഷണൽ സെന്ററും ചേർന്ന് പുറത്തിറക്കിയത്.

നാണയത്തിന്റെ നടുവിൽ ട്രമ്പിന്റെയും കോരെശ് രാജാവിന്റെയും ചിത്രവും അതിന് മുകളിൽ ഇംഗ്ലീഷ് അക്ഷരത്തിൽ സൈറസ് ബാൽഫർ -ട്രമ്പ് ഡിക്ലറേഷൻ 2018 എന്നും ചിത്രത്തിന് താഴെ ടെമ്പിൾ കോയിൻ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന് താഴെ ഹീബ്രു ഭാഷയും മറുപുറത്ത് യെറുശലേം ദേവാലയത്തിന്റെ ചിത്രവും ആലേഖനം ചെയ്തിട്ടുണ്ട്.

ജെറുസലേം ദേവാലയത്തിന്റെ പുനർനിർമ്മിതിക്ക് അതായത് രണ്ടാം നിർമ്മാണത്തിന് മുൻകയ്യെടുത്ത് ജൂതരെ തങ്ങളുടെ പ്രവാസദേശത്ത് നിന്ന് തങ്ങളുടെ രാജ്യത്തേക്ക് പറഞ്ഞയച്ചത് കോരെശ് രാജാവായിരുന്നു. ദൈവം രാജാവിന്റെ മനസുണർത്തിയതിനാൽ ആ ജാതീയ രാജാവ് ദേവാലയത്തിന്റെ പുനർനിർമ്മിതിക്ക് മുൻകയ്യെടുക്കുകയായിരുന്നു. അതിന്റെ നന്ദി സൂചകമായ ഓർമ്മയ്ക്കാണ് കോരെശിന്റെ മുഖച്ചിത്രം ഉൾപ്പെടുത്തിയിരിക്കുന്നത്.

ബാൽഫർ എന്ന പേര് ഈ നാണയത്തിൽ ഉൾപ്പെടുത്താൻ കാരണം ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറിയായിരുന്ന ലോഡ് ആർതർ ബാൽഫരിനെ അനുസ്മരിച്ചാണ്. ഒന്നാം ലോകമഹായുദ്ധ കാലത്ത് ബ്രിട്ടന് യുദ്ധം ജയിക്കുവാൻ യെഹൂദന്മാരുടെ സഹായം വേണ്ടി വന്നതിനാൽ ബാൽഫർ വിളംമ്പരത്തിലൂടെ യിസ്രായേല്യർക്ക് അവരുടെ സ്വദേശത്തേക്ക് ചെന്ന് ചേരുവാനുള്ള സൗകര്യം ബ്രിട്ടീഷ് ഗവൺമെന്റാണ് ചെയ്ത് കൊടുത്തത്. സ്വന്തം രാജ്യം നഷ്ടപ്പെട്ട് ലോകമെങ്ങും ചിതറി പോയ ജൂതർ ഇങ്ങനെ 1920 മുതൽ സ്വദേശത്തേക്ക് എത്തിതുടങ്ങി. അതിന് മുഖാന്തിരമായത് ലോഡ് ആർതർ ബാൽഫറാകയാലും, ബാൽഫർ ഉടമ്പടിയാകയാലുമാണ് അദേഹത്തിന്റെ പേര് ടെമ്പിൾ കോയിനിൽ ഉൾപ്പെടുത്തിയതെന്ന് റബ്ബി ഹില്ലേൽ വെയ്സ് പറഞ്ഞു. ഇനി പണിയപ്പെടേണ്ടത് മൂന്നാം ജെറുസലേം ദേവാലയമാണ്. അതായത് നഷ്ടപ്പെട്ട ദേവാലയത്തിൻരെ സ്ഥാനത്ത് പുതിയ പള്ളി. ഇപ്പോൾ ഇവിടെ മുസ്ളിങ്ങളുടെ പ്രസിദ്ധമായ മോസ്ക് സ്ഥിതി ചെയ്യുന്നു. ഈ സ്ഥലം പാലസ്തീന് അവകാശപ്പെട്ടതാണെന്ന് കഴിഞ്ഞ വർഷം യുനെസ്കോ പ്രഖ്യാപിച്ചിരുന്നു. ചില ലോകരാഷ്ട്രങ്ങളും ഇതിനെ പിന്തുണച്ചതോടെ ചരിത്രത്തെ വിസ്മരിച്ച ഈ തീരുമാനത്തിനെതിരെ യിസ്രായേൽ രംഗത്ത് വന്നു. ഒപ്പം അമേരിക്കയും ഇതിനെ ശക്തിയുക്തം എതിർത്ത് രംഗത്ത് വന്നു. തുടർന്ന് അമേരിക്കയും പിന്നാലെ യിസ്രായേലും യുനെസ്കോ അംഗത്വം ഉപേക്ഷിച്ചു. ഇക്കാര്യത്തിൽ അമേരിക്ക യിസ്രായേലിന് നൽകിയ പിന്തുണ അവര്ക്ക് വലിയ ആശ്വാസമായിരുന്നു. മാത്രമല്ല യിസ്രായേലിന്റെ തലസ്ഥാനം ജെറുസലേമാണെന്ന് അസന്നിഗ്ദമായി പ്രഖ്യാപിക്കാനും യുഎസ് എംബസി ജെറുസലേമിലേക്ക് മാറ്റുമെന്ന് ഉറപ്പിച്ച് പറയാനും അമേരിക്കയും


(ശേഷം പേജ്-12)




നാണയത്തിന്റെ നടുവിൽ ട്രമ്പിന്റെയും കോരെശ് രാജാവിന്റെയും ചിത്രവും അതിന് മുകളിൽ ഇംഗ്ലീഷ് അക്ഷരത്തിൽ സൈറസ് ബാൽഫർ-ട്രമ്പ് ഡിക്ലറേഷൻ 2018 എന്നും ചിത്രത്തിന് താഴെ ടെമ്പിൾ കോയിൻ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന് താഴെ ഹീബ്രു ഭാഷയും മറുപുറത്ത് യെറുശലേം ദേവാലയത്തിന്റെ ചിത്രവും ആലേഖനം ചെയ്തിട്ട്.

## തിരുവചനമൊഴി

"ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും" (മത്തായി 16:24,25)



മാറാനാഥാ വോയ്സ്
10 ഏപ്രിൽ 2018
ക്രൈസ്തവ സത്യങ്ങളുടെ പ്രതിധ്വനി

# 'വൈകി ഉദിച്ച വിവേകം'



ഷാജി മാറാനാഥാ
shajimaranatha@yahoo.co.in

ലോക പ്രസിദ്ധനായ ഉണർവ്വ് പ്രഭാഷകനും രോഗശാന്തിക്കാരനുമായ ഡോ. ബെന്നി ഹിന്നിന്റെ തന്റെ മിനിസ്ട്രിയിൽ തനിക്ക് തെറ്റ് പറ്റി എന്ന നിലപാട് ഇപ്പോൾ ക്രൈസ്തവ ഗോളത്തിൽ പരക്കെ ചർച്ച ചെയ്യപ്പെടുകയാണ്. തനിക്ക് തെറ്റ് പറ്റിയെന്ന് ബോധ്യമായാലും ഒരിക്കലും ഒരു ലോകപ്രസിദ്ധനായ സുവിശേഷകൻ തന്റെ തെറ്റുകളെ ഇത്ര പരസ്യമായി ഏറ്റു പറയുകയില്ല. അദേഹത്തിന് വൈകിയുദിച്ച ആ വിവേകം അഭിനന്ദനാർഹമാണ്.

ഡോ. ബില്ലിഗ്രഹാമിന്റെ ലളിത ശൈലിയും ജീവിതരീതിയും കഷ്ടപ്പാടുകളും തന്നെ വല്ലാതെ സ്വാധീനിച്ചു. താൻ ഇതുവരെ പ്രസംഗിച്ചതും പഠിപ്പിച്ചതും തെറ്റാണെന്ന് സമ്മതിക്കുന്നു. ഇത് വചനവിരുദ്ധമാണ്...ഫെബ്രുവരി 21ന് പോസ്റ്റ് ചെയ്ത ഫേസ്ബുക്ക് പേജിൽ താൻ കുറിച്ചു...

അദേഹം തുടർന്ന് കുറിക്കുന്നു... എന്നെ പലരും വിമർശിച്ചിരുന്നു. യുഎസ് സെനറ്റർമാരും വിമർശിച്ചു.ഇപ്പോൾ എല്ലാ ശരിയാണെന്ന് മനസിലാക്കുന്നു. ജനങ്ങൾ എന്നെ കുറ്റപ്പെടുത്തി അതിസമ്പന്നൻ എന്ന് വിശേഷിപ്പിച്ചു. ഞാൻ സ്വകാര്യ ജെറ്റിൽ പറക്കുന്നു, ആഡംബര സൗധത്തിൽ താമസിക്കുന്നു. ചർച്ചിന് സ്വന്തമായി വിമാനം ഉണ്ട്. വർഷംതോറും നൂറ് മില്യൺ ഡോളർ വാരിക്കൂട്ടുന്നു. എന്നിങ്ങനെയാണ് എന്നെക്കുറിച്ചുള്ള ആരോപണം. ഞാൻ 35 വർഷമായി ജനങ്ങളെ വിഡ്ഢികളാക്കുകയായിരുന്നുയെന്ന് ഇപ്പോൾ തോന്നുന്നു. യേശുക്രിസ്തു വിലകൂടിയ വാഹനങ്ങളിൽ സഞ്ചരിച്ചിരുന്നോ? ക്രിസ്തു കൊട്ടാരത്തിൽ താമസിച്ചിരുന്നോ? എലിയാ പ്രവാചകന് കാറുണ്ടായിരുന്നോ? അപ്പോസ്തലന്മാർക്ക് ഭൗതികമായി എന്തുണ്ടായിരുന്നു..? .......ഒന്നുമില്ലായിരുന്നു...സ്വയം ചോദിക്കുന്ന ചോദ്യങ്ങൾക്ക് ബെന്നിഹിൻ തന്നെ ഇല്ലായെന്ന് മറുപടിയും പറയുന്നു. തന്റെ മിനിസ്ട്രിയുടെ കാഴ്ചപ്പാടുകളും ശൈലിയും അനേക പാസ്റ്റർമാർ അനുകരിക്കുന്നു. അത് പലപ്പോഴും പരിധികൾ ലംഘിക്കുകയാണ്. അതിൽ ഞാനിപ്പോൾ ഖേദിക്കുന്നു....65കാരനായ ബെന്നിഹിൻ അനുതാപപൂർണ്ണമായ തന്റെ ചിന്തകളെ കുറിച്ചിരിക്കുന്നത് ഇങ്ങനെയാണ്.

കൃത്യമായി പരിശോധിച്ചാൽ ഡോ. ബെന്നിഹിന്നിന്റെ ആഗോള മിനിസ്ട്രിആണ് പ്രോസ്പിരിറ്റി തിയോളജി കേരളത്തിലെ യുവസുവിശേഷകരിൽ ആവേശമാക്കിയത്. അതിനും മുമ്പും ധാരളം കൾട്ടുകൾ ഇത്തരം വഴികളിലൂടെ സഞ്ചരിക്കുകയും പഠിപ്പിക്കുകയും ചെയ്തുവെങ്കിലും ദൈവവചനത്തിൽ ആഴമായ വേര് പടർത്തിയിരുന്ന കേരളത്തിൽ അതൊന്നും വിലപ്പോകുമായിരുന്നില്ല. എന്നാൽ ബെന്നിഹിന്നിന്റെ ലാഘവത്വമുള്ള ഉപദേശം എന്നു തോന്നാവുന്ന ശുശ്രൂഷകളും വ്യത്യസ്ഥമായ ശുശ്രൂഷാ ശൈലിയും യുവ കൺവൻഷൻ പ്രഭാഷകരെ ഹഠാദാകർഷിക്കുകയും അവരതിനെ പിൻപറ്റുകയും ചെയ്തു. ബെന്നിഹിൻ മുംബൈയിലും ബാംഗ്ലൂരിലും എത്തിയപ്പോൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രസ്തുത പട്ടണങ്ങളിലേക്ക് എത്തിയ യുവാക്കളുടെ ഒഴുക്ക് തന്നെ അത് വ്യക്തമാക്കുന്നതായിരുന്നു. പിന്നീട് വന്ന ന്യൂ ജനറേഷൻ സഭാവിഭാഗങ്ങളിലെല്ലാം ആ ഉപദേശത്തിന്റെ സ്വാധീനം പ്രകടമായിരുന്നു. അതിന് പിന്നാലെ വ്യവസ്ഥാപിത പെന്തക്കോസ്തരിലെ പ്രഭാഷകരും പ്രവാചകരുമെല്ലാം ആ വഴിക്ക് തിരിഞ്ഞതും ശ്രദ്ധേയമാണ്. പ്രോസ്പിരിറ്റി തിയോളജിയെ കുറ്റം പറഞ്ഞവർ പോലും പ്രസംഗിച്ച് വന്നപ്പോൾ സമൃദ്ധിയും അനുഗ്രഹവും മാത്രമായി പ്രസംഗ സംഗ്രഹം. അതോടെ സംഭവിച്ചത് ക്രിസ്തുവിലൂടെ മാനവജാതിക്ക് ദൈവം കരുതിയ ആത്മ രക്ഷയും , ക്രിസ്തുവിന്റെ വീണ്ടും വരവും ജീവിത വിശുദ്ധിയും വേർപാടും വേദോപദേശങ്ങളും എല്ലാം എല്ലാം ദൈവസഭാ സമൂഹത്തിൽ നിന്നും അന്യമാക്കപ്പെട്ടു.

പ്രോസ്പിരിറ്റി തിയോളജിയെ കുറ്റം പറഞ്ഞവർ പോലും പ്രസംഗിച്ച് വന്നപ്പോൾ സമൃദ്ധിയും അനുഗ്രഹവും മാത്രമായി പ്രസംഗ സംഗ്രഹം. അതോടെ സംഭവിച്ചത് ക്രിസ്തുവിലൂടെ മാനവജാതിക്ക് ദൈവം കരുതിയ ആത്മ രക്ഷയും , ക്രിസ്തുവിന്റെ വീണ്ടും വരവും ജീവിത വിശുദ്ധിയും വേർപാടും വേദോപദേശങ്ങളും എല്ലാം എല്ലാം ദൈവസഭാ സമൂഹത്തിൽ നിന്നും അന്യമാക്കപ്പെട്ടു.

ഇപ്പോൾ സമൃദ്ധിയുടെ പ്രചാരകൻ തിരിഞ്ഞ് ചിന്തിക്കുമ്പോൾ ഇതിനെ പിൻപറ്റുന്ന ആത്മീയ സമൂഹങ്ങളും ഒരു വിചിന്തനത്തിന് തയാറാകണം. സത്യസുവിശേഷം പ്രസംഗിക്കുവാൻ വേണ്ടി ഒരു പുരുഷായുസ് മാറ്റി വയ്ക്കുകയും ' എന്റെ ഗേഹം ഇവിടെയല്ല, ഞാൻ ഇതുവഴി പോകുന്നുയെന്നേയുള്ളു' എന്ന് ഉറച്ച് വിശ്വസിക്കുകയും അത് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്ത് നിത്യതയെ പൂകിയ ഡോ ബില്ലി ഗ്രഹാമിനെ പോലെ ഒരു സുവിശേഷകൻ നൂറ്റാണ്ടുകൾക്ക് അപ്പുറവും ഇപ്പുറവുമായി ഉണ്ടായിട്ടില്ല. അദേഹത്തിന്റെ പേർപാടിലൂടെ മറ്റൊരു ലോക പ്രസിദ്ധ സുവിശേഷകൻ യഥാർത്ഥ ദൈവവഴി തിരയുന്നുവങ്കിൽ ഇതൊരു നല്ല തുടക്കമാണ്. ഇനിയെങ്കിലും ബെന്നിഹിന്നിലൂടെ ക്രിസ്തു യഥാർത്ഥ ഭാവത്തിൽ പ്രസഗിക്കപ്പെടട്ടെ.

ശാന്തി സമൃദ്ധമാണ് ക്രിസ്തീയ ജീവിതം. പട്ടിണി ശരീരത്തെ ഉരുക്കുമ്പോഴും ദൈവീക സമാധാനം നമ്മെ പുഞ്ചിരിക്കുവാൻ പ്രേരിപ്പിക്കുന്നുവെങ്കിൽ ദൈവത്തിന്റെ സമൃദ്ധി അവിടെയാണ് വെളിപ്പെടുന്നത്. ഈ മണ്ണിൽ അലിഞ്ഞ് ചേരുന്ന ഭൗതിമ സമൃദ്ധി കൊണ്ട് .നമ്മെ നിറയ്ക്കാനാണ് ക്രിസ്തു വന്നതെങ്കിൽ....ബൈബിൾ നിലപാടുകൾ സത്യമല്ലാതായി തീരുകയല്ലേ? ഒരു വിചിന്തനത്തിനും മടങ്ങിവരവിനും ഈ ചിന്തകൾ നമ്മെ സഹായിക്കട്ടെ. ബില്ലി ഗ്രഹാമിലൂടെ ലോകം ശാന്തിയുടേയും സമാധാനത്തിന്റെയും ആത്മരക്ഷയുടേയും സുവിശേഷം കേട്ടു. 35 വർഷത്തെ പ്രസംഗത്തിൽ ബെന്നിഹിന്നിലൂടെ രോഗശാന്തിയും അത്ഭുതങ്ങളും ചെയ്യുന്ന ക്രിസ്തുവിനെയാണ് ലോകം ശ്രവിച്ചത്. ബില്ലിഗ്രഹാമിന്റെ സുവിശേഷം അനന്തതയോളം എത്തുമ്പോൾ ബെന്നിഹിന്നിന്റെ സുവിശേഷം ഇവിടെ നാമൊടുങ്ങുമ്പോൾ നമ്മോടൊപ്പം ഒടുങ്ങുന്ന ഭൗതിക സമൃദ്ധിയെക്കുറിച്ചായിരുന്നു. എത്രയോ സാധ്യതകളുള്ള ആ സുവിശേഷകൻ ഇനിയെങ്കിലും ക്രിസ്തുവിനെ യഥാർത്ഥ ഭാവത്തിൽ പ്രസംഗിക്കട്ടെ. ആ മാറ്റം മലങ്കരയുടെ ആത്മീയ മക്കളിലും പ്രകടമാകട്ടെ.

MARANATHA VOICE
P.B. NO. -05
KOTTARAKARA - 691 506
KOLLAM, KERALA.
Phone : 8547414937

Reg: No. KERBIL-2000/2219
POSTAL REG. NO: KL/QN/301/2018-20

CHIEF EDITOR
Bro. Thampi P. Thomas
MANAGER
Pastor. K.V. Kuruvilla
GENERAL SECRETARY
Evg. Mathew Thomas
MANAGING EDITOR
Bro. sajimon Thankachan
EDITORS
Bro. Thomas George Anayazhikathu
Pastor. Veeyapuram Georgekutty
Evg. Kurian Philip
NEWS EDITOR
Bro. ROY MANNOOR
ASSOCIATE EDITORS
Bro. James Oommen
CONTRIBUTING EDITORS
Bro. Jose Mathews
Bro. K.V. Varghese, Houston
OVERSEAS EDITOR
Bro. Noble John
CIRCULATION MANAGER
Bro. Thomson K. Thomas
MEMBERS
Bro. Chummar P. Thomas
Bro. Thomas Abraham, Florida
Bro. John Chandy
Bro. Joby John
Dr. P.A. Philip
Bro. Samuel George
Bro. Manoj George
Bro. Jojo. A. George
Bro. Ben Cherian
Bro. Eappen Varghese
ADVISORY BOARD
Pastor. Thomas Koodampallam
Bro. Abraham Kuruvila

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യ– | 100.00 രൂപ |
| യു.എസ്.എ– | $.30 |
| കാനഡ– | $.40 |
| ഗൾഫു നാടുകൾ– | 600.00 രൂപ |

*Contact Address in USA*
MARANATHA VOICE,
P.B. No. 68481,
SCHAUMBURG, IL 60168.
PH : (847) 301 - 0607

*Contact Address in CANADA*
Br. Samuel Oommen
20-Burtonwood, Cres
Etobicoke,
Toronto, Ontario, M9V 3L8, CANADA.
Ph : 416-743-9435.

## വേദവെളിച്ചം



പ്രൊഫ. മാത്യു പി.തോമസ്
തിരുവല്ല
9496502524

# വീര്യത്തോടു പരിജ്ഞാനം കൂട്ടുക

> **നിരീശ്വരനായിരുന്ന, ഈയിടെ നിര്യാതനായ ഭൗതിക ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിംഗ്, ലോകപ്രസിദ്ധനായ രവി സക്കറിയയുമായി ഒരു വാദപ്രതിവാദത്തിലേർപ്പെട്ട വാർത്ത പുറത്ത് വന്നിരുന്നു. അവർ തമ്മിലുള്ള പ്രതിവാദത്തിൽ 'ചാൾസ് ഡാർവിന്റെ പുസ്തകത്തിന്റെ പേരെന്തെന്ന് താങ്കൾക്ക് പറയാമോ' എന്ന് രവി സക്കറിയ ചോദിക്കുന്നു. അതിന്റെ പേര് പൂർണ്ണമായി പറയാൻ കഴിയാതിരുന്ന സ്റ്റീഫൻ ഹോക്കിംഗ് "ഓ മൈ ഗോഡ്" എന്ന് അറിയാതെ പറഞ്ഞ് പോയി. കേൾവിക്കാരെല്ലാം പൊട്ടിച്ചിരിച്ചു. ലോകത്തിലെ അനേകായിരം യുവാക്കളെ നിരീശ്വര കാഴ്ചപ്പാടിലേക്ക് നയിച്ച സ്റ്റീഫൻ ഹോക്കിംഗ്സിന്റെ മനസിൽ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം ദൈവം കൊടുത്തിരുന്നു. എന്നാൽ താൻ ദൈവത്തെ ദൈവമെന്നറിഞ്ഞിട്ടും തന്റെ വിവേകമില്ലാത്ത ഹൃദയം ഇരു് പോയി...."**

പരിജ്ഞാനം അഥവാ അറിവിൽ 3 ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. ജ്ഞാനം,വിവേകം, വകതിരിവ് എന്നിവയാണവ. ഈ 3 കാര്യങ്ങളുടെ സംയുക്ത തീരുമാനമാണ് അറിവായി പരിണമിക്കുന്നത്. ഇതിനെ പരിജ്ഞാനമെന്ന് വിളിക്കുന്നു. അറിവ് അഥവാ പരിജ്ഞാനം പൂർണ്ണമാകണമെങ്കിൽ മേൽപ്പറഞ്ഞ 3 ഘടകങ്ങളിൽ കൂടി മാത്രമേ അത് നിവർത്തിക്കപ്പെടുകയുള്ളു. ജ്ഞാനം മാത്രമുള്ള വ്യക്തിക്ക് വിവേകവും വകതിരിവും ഉണ്ടാകണമെന്നില്ല. അത് വിശദമാക്കാം.

ഒരു ശാസ്ത്രജ്ഞൻ ഒരു ടാക്സിയിൽ സഞ്ചരിക്കുന്നുയെന്ന് കരുതുക. ട്രാഫിക് ഐലന്റിൽ വന്നപ്പോൾ ചുവപ്പ് ലൈറ്റ് തെളിഞ്ഞതിനാൽ വണ്ടി നിർത്തി. 'എന്തിനാണ് വണ്ടി നിർത്തിയതെന്ന' ശാസ്ത്രജ്ഞന്റെ ചോദ്യത്തിന് 'ചുവപ്പ് ലൈറ്റ് തെളിഞ്ഞത് കൊണ്ടാണെന്ന് ' ഡ്രൈവർ മറുപടി പറഞ്ഞു. 'റെഡ് ലൈറ്റ് എന്താണെന്ന് നിനക്കറിയാമോ' എന്ന ചോദ്യത്തിന് 'വണ്ടി നിർത്തിയില്ലെങ്കിൽ അപകടം സംഭവിക്കും എന്നാണ് അത് നൽകുന്ന സൂചനയെന്ന് ' ഡ്രൈവർ പറഞ്ഞപ്പോൾ 'റെഡ് ലൈറ്റിനെക്കുറിച്ച് നിനക്കൊന്നും അറിഞ്ഞ്കൂടാ. കണ്ണിന് ഗോചരമായ വെളിച്ചത്തിന് 7 നിറങ്ങളിൽ ഏറ്റവും വേവ് ലെങ്ത് കൂടിയ ഇലക്ട്രോ മാഗ്നറ്റിക് റേഡിയേഷൻ ആണ് അത് ' എന്ന് ശാസ്ത്രജ്ഞൻ പ്രതികരിച്ചു. പക്ഷേ ശാസ്ത്രജ്ഞന്റെ ജ്ഞാനം ഗ്രഹിക്കുവാൻ ഡ്രൈവർക്ക് കഴിഞ്ഞില്ല. കാരണം ശാസ്ത്രജ്ഞൻ തന്റെ ജ്ഞാനമാണ് അവിടെ അവതരിപ്പിച്ചത്. ജ്ഞാനമില്ലാത്ത ഡ്രൈവർ അവിടെ ഉപയോഗിച്ചത് തന്റെ വകതിരിവും. അയാൾക്ക് അറിവിന്റെ 2 ഘടകങ്ങളായ വിവേകവും വകതിരിവും മാത്രമേ അറിയാമായിരുന്നുള്ളു. ചുവന്ന ലൈറ്റ് തെളിഞ്ഞപ്പോൾ ഡ്രൈവർ അറിവിന്റെ ഘടകമായ വിവേകം ഉപയോഗിക്കുകയും അതോടൊപ്പം തന്റെ വകതിരിവ് നടപ്പിലാക്കുകയും ചെയ്തു. ചുവന്ന ലൈറ്റിനെക്കുറിച്ചുള്ള ജ്ഞാനം തനിക്കില്ലായിരുന്നു. ട്രാഫിക് നിയമം അറിയാത്ത ശാസ്ത്രജ്ഞന് ജ്ഞാനം ഉണ്ടെങ്കിലും വിവേകവും വകതിരിവും ഇല്ലായിരുന്നു. അറിവ് പൂർണ്ണമാകണമെങ്കിൽ ജ്ഞാനവും അതോടൊപ്പം വിവേകവും വിവേകത്തോട് വകതിരിവും കൂടിയെങ്കിൽ മാത്രമേ പരിജ്ഞാനമായി മാറുകയുള്ളു.മേൽപ്പറഞ്ഞ കാര്യങ്ങൾ നമ്മെ മനസിലാക്കി തരുന്നത് ഒരു വസ്തുതയെക്കുറിച്ച് അറിവ് ലഭിക്കേണമെങ്കിൽ ഒരുവന് ജ്ഞാനവും വിവേകവും വകതിരിവും ആവശ്യമാണ് എന്നാണ്.

പരിജ്ഞാനത്തിന്റെ ആദ്യ പടി ജ്ഞാനമാണ്. ലോകത്തിൽ 2 തരത്തിലുള്ള ജ്ഞാനമുണ്ട്. അപ്പോസ്തലനായ പൗലോസ് അതിനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. "എന്നാൽ തികഞ്ഞവരുടെയിടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു. ഈ ലോകത്തിന്റെ ജ്ഞാനമല്ല, നശിച്ച് പോകുന്നവരായ ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനവുമല്ല; ദൈവം ലോകസൃഷ്ടിക്ക് മുമ്പെ നമ്മുടെ തേജസിനായി മുന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രെ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നത്. അത് ഈ ലോകത്തിന്റെ പ്രഭുക്കന്മാർ ആരും അറിഞ്ഞില്ല. അറിഞ്ഞിരുന്നുയെങ്കിൽ അവർ തേജസിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു" (1 കൊരി: 2: 6-8). മേൽപ്പറഞ്ഞ വേദഭാഗത്ത് നിന്ന് ദൈവീക ജ്ഞാനം ,ലോകത്തിന്റെ ജ്ഞാനം എന്നീ രണ്ട് തരത്തിലുള്ള ജ്ഞാനത്തെക്കുറിച്ച് വ്യക്തമാകുന്നു.ലോകത്തിന്റെ ജ്ഞാനം മാത്രം അറിയാകുന്നവന് ദൈവീക ജ്ഞാനം ഭോഷത്വമായി തോന്നുന്നു. ദൈവീക ജ്ഞാനം അറിയാവുന്നവർക്ക് ലോകത്തിന്റെ ജ്ഞാനം ഭോഷത്വമാകുന്നു. ദൈവീകജ്ഞാനം ലോകമനുഷ്യന് ഭോഷത്വമെങ്കിലും അത് വിശ്വസിക്കുന്ന ഏവർക്കും ദൈവശക്തിയായി പരിണമിക്കുന്നു. "ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തെരഞ്ഞെടുത്തു. ആയതിനാൽ ലോകത്തിലെ ശാസ്ത്രജ്ഞന്മാരിൽ മിക്കവരും ലോകമനുഷ്യരും ദൈവീകജ്ഞാനത്തേയും സുവിശേഷത്തേയും ഭോഷത്വമായി കണക്കാക്കുന്നവരും ആണ്.

ദൈവീക ജ്ഞാനം ലഭിച്ചവർ വിവേകവും വകതിരിവും ഇല്ലാതെ ജീവിച്ചാൽ ദൈവത്തെ പരിജ്ഞാനത്തിൽ ധരിക്കുവാൻ കഴിയുകയില്ല. ജ്ഞാനം കൊണ്ട് മാത്രം പരിജ്ഞാനം ലഭിക്കുകയില്ല. അതിനോട് കൂടെ വിവേകവും വകതിരിവും കൂട്ടിച്ചേർക്കേണ്ടതാണ്. എങ്കിൽ മാത്രമേ ദൈവീക പരിജ്ഞാനം ഒരു വിശ്വാസിക്ക് ലഭിക്കുകയുള്ളു. അതേക്കുറിച്ച് ,വിശുദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. "ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമല്ലാത്തതിന് തക്കവണ്ണം ദൈവമവരെ ഉചിതമല്ലാത്തത് ചെയ്വാൻ നികൃഷ്ട ബുദ്ധിയിൽ ഏൽപ്പിച്ചു (റോമ.1:28). ലോകത്തെ ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം ലോകസൃഷ്ടി മുതൽ അവിടുത്തെ പ്രവർത്തികളാൽ ബുദ്ധിക്ക് വെളിപ്പെട്ട് വന്നെങ്കിലും വിവേകവും വകതിരിവും ഇല്ലാത്തതിനാൽ മനുഷ്യർ മൂഢരായി പോയി. പൗലോസ് അപ്പോസ്തലൻ പറയുന്നു: ജ്ഞാനികൾ എന്ന് പറഞ്ഞ് കൊണ്ട് അവർ മൂഢരായി പോയി. അക്ഷയനായ ദൈവത്തിന്റെ തേജസിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി. നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമാക്കി മാറ്റിക്കളഞ്ഞു (റോമ. 1:22-23). ലോകത്തിൽ എല്ലാ മനുഷ്യരും അറിഞ്ഞോ അറിയാതെയോ ദൈവത്തെ വിളിക്കാറുണ്ട്.

നിരീശ്വരനായിരുന്ന, ഈയിടെ നിര്യാതനായ ഭൗതിക ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിംഗ്, ലോകപ്രസിദ്ധനായ രവി സക്കറിയയുമായി ഒരു വാദപ്രതിവാദത്തിലേർപ്പെട്ട വാർത്ത പുറത്ത് വന്നിരുന്നു. അവർ തമ്മിലുള്ള പ്രതിവാദത്തിൽ 'ചാൾസ് ഡാർവിന്റെ പുസ്തകത്തിന്റെ പേരെന്തെന്ന് താങ്കൾക്ക് പറയാമോ' എന്ന് രവി സക്കറിയ ചോദിക്കുന്നു. അതിന്റെ പേര് പൂർണ്ണമായി പറയാൻ കഴിയാതിരുന്ന സ്റ്റീഫൻ ഹോക്കിംഗ് "ഓ മൈ ഗോഡ് " എന്ന് അറിയാതെ പറഞ്ഞ് പോയി. കേൾവിക്കാരെല്ലാം പൊട്ടിച്ചിരിച്ചു. ലോകത്തിലെ അനേകായിരം യുവാക്കളെ നിരീശ്വര കാഴ്ചപ്പാടിലേക്ക് നയിച്ച സ്റ്റീഫൻ ഹോക്കിംഗ്സിന്റെ മനസിൽ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം ദൈവം കൊടുത്തിരുന്നു. എന്നാൽ താൻ ദൈവത്തെ ദൈവമെന്നറിഞ്ഞിട്ടും തന്റെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ട് പോയി.അതുകൊണ്ട് ജ്ഞാനി എന്ന് പറഞ്ഞ് താൻ സ്വയം മൂഢനായി പോയി. ജ്ഞാനം പ്രാപിച്ച് ദൈവമുണ്ട് എന്നറിഞ്ഞിട്ടും അവിടുത്തെ ദൈവമെന്നോർത്ത് നന്ദി കാണിക്കുകയോ മഹത്വീകരിക്കുകയോ ചെയ്യാതെ തന്റെ നിരൂപണത്തിൽ വ്യർത്ഥനായി തീർന്നു.

ഇന്നത്തെ ക്രിസ്തീയ മണ്ഠലത്തിൽ അനേകർ ദൈവമുണ്ട് എന്ന് .വിശ്വസിക്കുന്നുവെങ്കിലും വിവേകവും വകതിരിവും ഇല്ലാത്തതിനാൽ പരിജ്ഞാനം പ്രാപിക്കാതെ നാശോന്മുഖരായി തീരുന്നു. ദൈവജനത്തെ സംബന്ധിച്ച് പരിജ്ഞാനമില്ലാത്തതിനാലുള്ള അനേക സംഗതികൾ വേദ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. പഴയനിയമ പ്രവാചകന്മാരെല്ലാവരും തന്നെ ദൈവീക ജ്ഞാനവും വിവേകവും വകതിരിവും തികഞ്ഞവരായിരുന്നു.എന്നാൽ യിസ്രായേൽ ജനങ്ങൾക്ക് അവയില്ലായിരുന്നു. ദൈവത്തിന്റെ അരുളപ്പാടായി പ്രവാചകനായ ഹോശേയ പറയുന്നു "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ച് പോകുന്നു" ഹോശേയ 4:6) അപ്പോസ്തലനായ പൗലോസ് പറയുന്നു "പാപം ചെയ്യാതിരിപ്പീൻ, ചിലർക്ക് ദൈവത്തെക്കുറിച്ച് പരിജ്ഞാനമില്ല; ഞാൻ നിങ്ങൾക്ക് ലജ്ജയ്ക്കായി പറയുന്നു" (1കൊരി.15:34). കൊരിന്ത്യ സഭയിലുള്ളവർക്ക് ദൈവത്തെക്കുറിച്ച് ജ്ഞാനമുണ്ടായിരുന്നുവെങ്കിലും വിവേകവും വകതിരിവും ഇല്ലാത്തതിനാൽ പാപം ചെയ്തുകൊണ്ടേയിരുന്നു. അതിനാലാണ് പൗലോസ് ഇപ്രകാരം പറയുവാനിടയായത്. പത്രോസ് അപ്പോസ്തലൻ പറയുന്നു: കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേ

(ശേഷം പേജ്-12)


## യേശുവിന്റെ ദൈവത്വം രേഖപ്പെടുത്തിയ അതിപുരാതന മൊസൈക് ഫലകം ജെറുസലേം ആർക്കിയോളജി വിഭാഗം മ്യൂസിയത്തിൽ പൊതുപ്രദർശനത്തിന് വച്ചു

**ജെറുസലേം:** യേശുക്രിസ്തു ദൈവമാണെന്ന് കുറിക്കപ്പെട്ട അപൂർവ്വവും പുരാതനവുമായ ഈ ഫലകം ആദ്യമായാണ് പ്രദർശനത്തിന് വയ്ക്കുന്നത്. മൂന്നാം നൂറ്റാണ്ടിലേതെന്ന് കരുതപ്പെടുന്ന കറുത്ത നിറമുള്ള ഈ ചെറിയ ഫലകം ക്രിസ്ത്യൻ രേഖകളിൽ അത്യപൂർവ്വവും പഴക്കമേറിയതുമാണ്.
1940 ൽ ബ്രിട്ടീഷുകാരാൽ നിർമ്മിക്കപ്പെട്ട വടക്കൻ യിസ്രായേലിലെ മെഗിദ്ദോ ജയിലിന്റെ അടിയിലായി ജയിൽ അന്തേവാസികളാണ്




"ദൈവമായ യേശു" എന്ന് രേഖപ്പെടുത്തിയിച്ചുള്ള മൊസൈക് ഫലകം കണ്ടെത്തിയത്. 2005 ൽ യിസ്രയേലി ആൻകിറ്റി അതോറിറ്റിയും ടെൽ അവീവ് സർവ്വകലാശാലയും നടത്തിയ ഉത്ഘനനത്തിൽ ഒന്നാം നൂറ്റാണ്ടിനും നാലാം നൂറ്റാണ്ടിനും ഇടയ്ക്ക് ജനനിബിഡമായിരുന്ന കെഫാർ ഓട്നെ എന്ന യെഹൂദ-സമര്യ ഗ്രാമവും അതിന്റെ ഭാഗമായുള്ള ഒരു ക്രിസ്തീയ ആരാധനാലയത്തിന്റെ അവശിഷ്ടങ്ങളും ഇവിടെ കണ്ടെത്തിയിരുന്നു. യേശുക്രിസ്തുവിനെക്കുറിച്ചുള്ള രേഖയും കണ്ടെത്തിയതോടെ ഈ മേഘല ഇപ്പോൾ വലിയ ശ്രദ്ധാകേന്ദ്രമായി മാറിയിരിക്കുകയാണ്. തന്മൂലം നിരവധി ആളുകളാണ് പുരാവസ്തു മേഘല സന്ദർശിക്കാൻ എത്തിക്കൊണ്ടിരിക്കുന്നത്. കൂടുതൽ ഉത്ഘനനത്തിനായി മെഗിദ്ദോ ജയിലിലെ അന്തേവാസികളെ ഇവിടെ നിന്ന് ഒഴിപ്പിച്ചിരിക്കുകയാണ്. ഇവിടെ പുതിയൊരു പുരാവസ്തു പാർക്ക് തുറക്കുവാനുള്ള പദ്ധതിയിലാണ് അധികാരികൾ.

# കാക്കയെ കൊണ്ടും കനലട കൊണ്ടും....





ഐപിസിയുടെ പ്രാരംഭകാല പ്രവർത്തകൻ പാസ്റ്റർ ടി.ജി ഉമ്മന്റെ മിഷൻ യാത്രാനുഭവം....

**വീട്ടിൽ ആഹാരത്തിന് ബുദ്ധിമുട്ടുമ്പോഴും വിശന്ന് വരുന്ന ദൈവ ദാസനെ സഹായിക്കണമെന്ന് തോന്നിയ മത്തായിച്ചന്റെ ദൈവ സ്നേഹം തുളുമ്പിയ മനസ് ഇന്ന് എത്ര വിശ്വാസികൾക്ക് ഉണ്ടാകും? വിശന്ന് വലഞ്ഞ ദൈവദാസന് ഭക്ഷണം നൽകിയത് നിമിത്തം കാപ്പിക്കടക്കാരന്റെ അപമാനവാക്കുകൾക്ക് ഇരയാകും മുമ്പെ തന്റെ ഭക്തന് മുമ്പിൽ പണവുമായി ശത്രുവിനെ പോലും മിത്രമായി തത്സമയത്ത് അയച്ച ദൈവത്തിന്റെ കരുതൽ ഇന്ന് നമ്മിലെത്ര പേർക്ക് അനുഭവിച്ചറിയാനാകുന്നു..?**

ദൈവത്തിന്റെ കരുതലുകൾ അവർണ്ണനീയമാണ്. ദൈവനാമത്തെ ലാഭേച്ഛ കൂടാതെ ഉയർത്തുവാൻ ഇറങ്ങിത്തിരിച്ചിട്ടുള്ള തന്റെ ഭക്തരുടെ എല്ലാം ജീവിതത്തിൽ അതിശയകരമാംവണ്ണം ദൈവം അത് നിവർത്തിച്ചിട്ടുണ്ട്. ജാതികളോട് ഇടകലർന്ന് യിസ്രയേലിന് മുന്നിൽ സത്യദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുവാൻ ധീരമായി പോരാടിയ ഏലിയാവിനെ പ്രതിസന്ധികളുടെ മുന്നിൽ കാക്കയെക്കൊണ്ടും കനലടകൊണ്ടും ബലപ്പെടുത്തിയ ദൈവത്തിന്റെ അതിശയകരമായ കരുതലുകൾ പിൽക്കാലത്തും തന്റെ ഭക്തമാരിലൂടെ ആവർത്തിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു.

1940, പാസ്റ്റർ ടി.ജി ഉമ്മൻ പത്തനാപുരത്ത് താമസിച്ച് സുവിശേഷ വേല ചെയ്യും കാലം. ആ സമയത്ത് കുമ്പനാട് ബൈബിൾ ഹെബ്രോൻ ബൈബിൾ കോളേജിൽ ദൈവവചനം പഠിപ്പിക്കുന്നതിനും പോവുക പതിവായിരുന്നു. സൈക്കിളിലാണ് യാത്ര. തിങ്കളാഴ്ച സൈക്കിളിൽ പോവുകയും വെള്ളിയാഴ്ച ഉച്ചയോടെ ക്ലാസ് കഴിഞ്ഞ് മടങ്ങി പോരുകയുമാണ് പതിവ്. വാഹനത്തിന്റെ ദൗർലഭ്യവും അതിലുപരി യാത്രാക്കൂലിക്കുള്ള പണം കൈവശമില്ലാത്തതിനാലുമാണ് നീണ്ട സൈക്കിൾ യാത്രയ്ക്ക് മുതിരുന്നത്. അങ്ങനെയൊരു ജൂലൈ മാസത്തിൽ മൂന്നാം വെള്ളിയാഴ്ച കുമ്പനാട്ട് നിന്ന് മടങ്ങിപോരുകയാണ്. അന്നത്തെ കാലത്ത് മിക്കപ്പോഴും ബൈബിൾ കോളേജുകളിൽ ആഹാരത്തിന് ബുദ്ധിമുട്ടാണ്. പലപ്പോഴും ആഹാരം മുട്ടുമ്പോൾ നിരന്തര പ്രാർത്ഥനയാൽ അത്ഭുതങ്ങൾ സംഭവിക്കുകയാണ് പതിവ്. അന്നും വ്യാഴാഴ്ച മുതൽ പട്ടിണിയാണ്. എങ്കിലും വ്യാഴാഴ്ച്ചയും വെള്ളിയാഴ്ചയും പതിവ് പോലെ പാസ്റ്റർ ഉമ്മൻ ക്ലാസ് എടുത്തു. അതിന് ശേഷം അൽപ്പം വെള്ളവും കുടിച്ച് സൈക്കിൾ ചവിട്ടി മടങ്ങിപോരുകയാണ്. കോഴഞ്ചേരി കഴിഞ്ഞപ്പോൾ മുതൽ ശരീരത്തിൽ ക്ഷീണവും തളർച്ചയും അനുഭവപ്പെട്ടു. ഒരു വിധത്തിൽ കോന്നിയിൽ എത്തിച്ചേർന്നു.ആ സമയത്താണ് കൊന്നപ്പാറയിൽ താമസിക്കുന്ന കുത്തുകല്ലിങ്കൽ മത്തായി എന്ന വിശ്വാസി സാധനങ്ങൾ വാങ്ങാനായി കോന്നി ജംഗ്ഷനിൽ വന്നത്. അക്കാലത്ത് വിശ്വാസികൾ ചുരുക്കമാകയാലും അവർ പങ്കിട്ടിരുന്ന ആത്മീയ ബന്ധം ദൃഢതരമായിരുന്നതിനാലും പാസ്റ്റർ സൈക്കിൾ ചവിട്ടി ദൂരെ നിന്ന് വരുന്നത് കണ്ടപ്പോഴെ മത്തായിച്ചന് സന്തോഷമായി. ' ഞാൻ അടുത്തെത്തിയപ്പോഴെ അദേഹം സന്തോഷത്തോടെ എന്നെ കൈകാണിച്ച് കൊണ്ട് ഇറങ്ങിയിട്ട് പോകാം എന്ന് പറഞ്ഞു.എന്നാൽ വളരെ ക്ഷീണിതനായി വരുന്ന എനിക്ക് സൈക്കിളിൽ നിന്ന് ഇറങ്ങുവാനും ഇറങ്ങിയിട്ട് കയറുവാനും പ്രയാസമായതിനാൽ ഇറങ്ങുന്നില്ല, ഞാൻ പോകട്ടെ എന്ന് പറഞ്ഞ് മുന്നോട്ട് പോകുവാൻ ആഞ്ഞപ്പോൾ, ആ സഹോദരൻ സൈക്കിളിന്റെ ഹാന്റിലിൽ പിടിച്ച് ഇറങ്ങിയെ പോകാവൂ എന്ന് പറഞ്ഞു നിർബന്ധിച്ചു എന്നെ താഴെയിറക്കിച്ചു. മാത്രമല്ല, താൻ തന്നെ സൈക്കിൾ ഉരുട്ടി ഒരു കാപ്പിക്കടയുടെ മുൻപിൽ വച്ച ശേഷം എന്നെ കാപ്പിക്കടയിലേയ്ക്ക് കയറ്റിയിരുത്തി കാപ്പിയും പലഹാരങ്ങളും വാങ്ങി തന്നു. ഞാൻ അത് കഴിച്ച ശേഷം അൽപ്പം ആശ്വസിച്ചിട്ട് സൈക്കിളിൽ പത്തനാപുരത്തേയ്ക്ക് വന്നു. ഏകദേശം 2 വർഷം കഴിഞ്ഞപ്പോൾ കൊന്നപ്പാറയിൽ വച്ച് ഒരു മാസയോഗവും കൺവൻഷനും ക്രമീകരിക്കപ്പെട്ടു. കൺവൻഷനിലും മാസയോഗത്തിലും പ്രസംഗിക്കുന്നതിന് മത്തായിച്ചൻ എന്നെയും ഭാര്യയേയും ക്ഷണിച്ചു. മാസയോഗത്തിന് വിഭവ സമൃദ്ധമായ ഭക്ഷണം തന്നെ മത്തായിച്ചൻ എല്ലാവർക്കുമായി കരുതി. ശേഷം ഞങ്ങൾ വിശ്രമിക്കുമ്പോൾ മത്തായിച്ചൻ ഞങ്ങൾക്ക് അരികിൽ വന്ന് എന്റെ ഭാര്യയോടെന്നവണ്ണം പറഞ്ഞു. 'കൊച്ചമ്മെ, കഴിഞ്ഞ കർക്കിടക മാസത്തിന്റെ മുമ്പിലത്തെ കർക്കിടക മാസത്തിൽ ഞാൻ കോന്നിചന്തയിൽ പോയിരുന്നു. ഞങ്ങൾക്ക് വീട്ടിൽ അരിയോ മറ്റ് സാധനങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. കുറെ വാട്ടുകപ്പ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അത് തിന്നുന്നതിന് അൽപ്പം ഉപ്പും മുളകുമെങ്കിലും വാങ്ങാമെന്ന് ചിന്തിച്ചെങ്കിലും അതിനുള്ള പണവും കൈയിൽ തികയുമായിരുന്നില്ല. ഞാൻ പറമ്പിൽ ചെന്നു നോക്കിയപ്പോൾ ഒരു തടിയൻ കുമ്പളങ്ങ പാകമായി കിടക്കുന്നു. അതും അടർത്തി ഞാൻ ചന്തയിൽ പോയി അത് വിറ്റപ്പോൾ ഒന്നര ചക്രം കിട്ടി. അതുകൊണ്ട് എന്തെങ്കിലും വാങ്ങാം എന്ന് കരുതി നിൽക്കുമ്പോഴാണ് അച്ചായൻ സൈക്കിൾ ചവിട്ടി വരുന്നത് ഞാൻ കണ്ടത്. ഇദേഹത്തിന്റെ വരവ് കണ്ടപ്പോഴെ ഭക്ഷണമൊന്നും കഴിക്കാതെ ക്ഷീണിതനായിട്ടാണ് വരുന്നതെന്ന് എനിക്ക് തോന്നി. ഞാൻ നിർബന്ധിച്ച് സൈക്കിൾ നിർത്തിച്ച് കടയിൽ കയറ്റി കാപ്പി വാങ്ങിക്കൊടുത്തു. അതിന് ശേഷം അച്ചായൻ പോയി. എന്നാൽ ആ കാപ്പിക്ക് കൊടുക്കതക്കവണ്ണം പൈസ എന്റെ കൈയ്യിൽ തികയുമായിരുന്നില്ല. ബാലൻസ് അര ചക്രം പിന്നെ തരാം എന്ന് പറഞ്ഞാറെ കടക്കാരൻ സമ്മതിച്ചില്ല. ഞാൻ വല്ലാതെ വിഷമിച്ച് നിൽക്കുമ്പോൾ ഒരു നായർ യുവാവ് അതു വഴി വന്നു. അദേഹം എന്നെ കണ്ടപ്പോൾ മത്തായി മാപ്പിളെ നിങ്ങൾക്ക് ഞാൻ ഒരു രൂപ തരാൻ ഇല്ലേ എന്ന് പറഞ്ഞ് കൊണ്ട് ഒരു വെള്ളിരൂപ എന്റെ നേർക്ക് ഇട്ട് തന്നു. ഞാൻ വളരെ സന്തോഷത്തോടെ സ്തോത്രം പറഞ്ഞ്കൊണ്ട് അത് എടുത്തു. എന്തെന്നാൽ ഈ രൂപ ഞാൻ പലപ്പോഴും ചോദിച്ചിട്ടുള്ളതാണ് .ഒടുവിൽ ചോദിച്ചപ്പോൾ എന്നെ ചീത്ത പറഞ്ഞു കൊണ്ട് അടിക്കാൻ വന്നതാണ്. അതിൽ പിന്നെ ഞാൻ ചോദിച്ചിട്ടുമില്ല... ഇനിയൊരിക്കലും കിട്ടില്ല എന്നാണ് ഞാൻ കരുതിയത്. ദൈവം അയാളോട് സംസാരിച്ചിട്ടാണ് ആ അത്യവശ്യ സമയത്ത് അത് ലഭിച്ചത് എന്ന് ഞാൻ വിശ്വസിക്കുന്നു. അതിൽ നിന്ന് കാപ്പിക്കടക്കാരന് അരചക്രം കൂടെ കൊടുത്തിട്ട് ബാക്കി പൈസയ്ക്ക്

(ശേഷം പേജ് –12)

## ഒരു ദൈവാനുഭവം നിങ്ങൾക്കുമുണ്ടോ?

ഈ കോളത്തിൽ ദൈവം തന്റെ ഭക്തരുടേയും ഭൃത്യരുടേയും ജീവിതത്തിൽ ഓരോരോ കാലങ്ങളിൽ ചെയ്ത അത്ഭുതങ്ങളുടെ അത്യപൂർവ്വ അനുഭവങ്ങളാണ് ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഇതുപോലെ നിങ്ങൾക്കും ഒരനുഭവം ഉങ്കെിൽ മടിക്കാതെ എഴുതി നിങ്ങളുടെ ഒരു ഫോട്ടോ സഹിതം ഞങ്ങൾക്ക് അയച്ച് തരിക. തീർച്ചയായും ഞങ്ങളത് പ്രസിദ്ധീകരിക്കാം. അനേകർ അത്വായിച്ച് ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

പത്രാധിപർ.

## ദൈവീക ദൗത്യങ്ങളിൽ നിന്ന്... പേജ് 7 ൽ നിന്ന്

ത്തിലേക്ക് തള്ളി വിടുന്ന വാചകമാണെന്ന് തോന്നിപ്പോകാം. പക്ഷേ അങ്ങനെയല്ല. അവരുടെ ജോലിയുടെ ഗൗരവ്വത്തേയും ഉത്തരവാദിത്വത്തേയുമാണ് അത് വെളിപ്പെടുത്തുന്നത്. അവരുടെ ദൗത്യത്തിന്റെ ഗൗരവമാണ് ആ വാക്കുകൾ. അപകടത്തിൽ പെടുന്ന മറ്റു ജീവനുകളെ രക്ഷിക്കയാണ് നിങ്ങളുടെ ജോലി, സ്വന്ത ജീവൻ നഷ്ടപ്പെടേണ്ടി വന്നാലും കർമ്മത്തിൽ നിന്ന് പിന്തിരിയരുത്....! എനിക്ക് അവരെ രക്ഷിക്കുവാൻ കഴിയുമോ? എനിക്ക് സുരക്ഷിതമായി മടങ്ങി വരുവാൻ കഴിയമോ എന്ന് തുടക്കത്തിലെ ചിന്തിക്കുന്നവന് തന്നെ ഏൽപ്പിച്ച കൃത്യത്തിൽ വിജയിക്കുവാൻ കഴികയില്ല. ജീവനെ രക്ഷിക്കുക എന്നതാണ് അവരുടെ ദൗത്യം. അവിടെ സ്വന്തതാത്പ്പര്യങ്ങളെ പരിഗണിക്കുവാൻ ശ്രമിച്ചാൽ ദൗത്യത്തിൽ, ലക്ഷ്യത്തിൽ പരാജയപ്പെട്ട് പോകും. സമൂഹത്തിൽ താനും തന്റെ പ്രവർത്തിയും ഉത്തരവാദിത്വപ്പെട്ടതാണ് എന്ന ചിന്തയുള്ളവനെ അത്തരം കർമ്മങ്ങളിൽ വിജയിക്കുവാൻ കഴികയുള്ളു. അനേക ജീവനുകളെ രക്ഷിക്കുവാൻ ദൈവമുമ്പാകെ തീരുമാനമെടുത്ത് ഇറങ്ങിത്തിരിച്ച ആത്മീയ ശുശ്രൂഷകരെ; ദൈവത്തോട് കണക്ക് കൊടുക്കേണ്ട നാളിൽ നിങ്ങൾക്ക് എന്ത് ഉത്തരം പറയുവാനുണ്ടാകും. കർത്തൃനാമം നിമിത്തം ജീവനെ തൃണവൽഗണിച്ച് മരിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ട നിങ്ങൾ ഇന്ന് സ്വന്ത ജീവനേയും ജീവിതത്തേയും സുരക്ഷിതമാക്കുവാൻ കാട്ടുന്ന വ്യഗ്രതയുടെ പകുതിയെങ്കിലും നിങ്ങളെ ദൈവം ഏൽപ്പിച്ച ദൗത്യങ്ങളോട് കാണിക്കൂ.

ശുശ്രൂഷകരായാലും വിശ്വാസികളായാലും അവരേറ്റെടുത്തിരിക്കുന്ന ദൈവീക സേവനം എന്നത് സ്വയം സമർപ്പിച്ച് കൊണ്ട് നിർവ്വഹിക്കേണ്ട ദൗത്യമാണ്. ദൈവത്തിന്റെ വേല സ്വയം മരിച്ചും നഷ്ടപ്പെടുത്തിയും നിവർത്തിക്കുമ്പോൾ മാത്രമേ യഥാർത്ഥ ഫലം പുറത്ത് വരുന്നുള്ളു. സൗഭാഗ്യകരമായ ജീവിതചുറ്റുപാടുകളിൽ നിന്ന് ആഫ്രിക്കൻ വനാന്തരങ്ങളിലടക്കം മിഷണറി വേലയ്ക്ക് പോയവർ തങ്ങളുടെ ജീവനെ മരണത്തിന് ഏൽപ്പിച്ച് കൊണ്ടാണ് പോയത്. ഫലമോ; അവിടെയെല്ലാം ഇടംകയ്യും വലങ്കൈയ്യും തിരിച്ചറിയാത്ത ജനലക്ഷങ്ങൾ നിത്യ ജീവന് ഓഹരിക്കാരായി.

നമ്മുടെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിവുള്ളവരാകരുത്. അത് നമുക്കും സമൂഹത്തിനും ദോഷമായി ഭവിക്കും. നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറപടിയായി നിവർത്തിക്ക, അത് നമുക്കും സമൂഹത്തിനും ഗുണകരമായി ഭവിക്കും.

## ഭീഷണി മറികടന്ന്. പേജ് 15 ൽ നിന്ന്

നാട്ടിൽ സുവിശേഷം പ്രസംഗിക്കരുതെന്ന് മുന്നറിയിപ്പ് നൽകിയതല്ലേയെന്നും എന്തുകൊണ്ട് അത് നിർത്തുന്നില്ലായെന്നും ചോദിച്ചു. എന്നാൽ പാസ്റ്റർ അവരോട് യേശുക്രിസ്തുവിനെക്കുറിച്ചും എന്ത്കൊണ്ടാണ് താൻ സുവിശേഷം പ്രസംഗിക്കുന്നതെന്നും ശാന്തമായി പറയുവാൻ ശ്രമിക്കുമ്പോൾ പ്രകോപിതരായ അക്രമികൾ പാസ്റ്ററെ ക്രൂരമായി ചവിട്ടുകയും തലങ്ങും വിലങ്ങും മർദ്ധിക്കുകയുമായിരുന്നു. പാസ്റ്ററുടെ പെൺമക്കളെ മാനഭംഗപ്പെടുത്താനുള്ള അക്രമികളുടെ ശ്രമത്തെ ചെറുക്കുന്നതിനിടെയാണ് അക്രമികൾ മാരകായുധങ്ങൾ ഉപയോഗിച്ച് 4 പേരേയും വെട്ടിയത്. ആദ്യം പെൺകുട്ടികളെ കൊലപ്പെടുത്തിയതിന് ശേഷമായിരുന്നു പാസ്റ്ററേയും ഭാര്യയേയും ആക്രമിച്ച് കൊന്നത്. നാലു പേരും തത്ക്ഷണം മരിച്ചു. തുടർന്ന് പാസ്റ്ററുടെ വീടും അഗ്നിക്കിരയാക്കി. തീ പടർന്ന് മറ്റുള്ള വീടുകളിലേക്കും വ്യാപിച്ചു. അയൽവീടുകളിലെ താമസക്കാർ സംഭവം അറിയാതെ ഉറങ്ങുകയായിരുന്നതിനാൽ അവരുടെ വീടുകളും കത്തുകയും ചിലർക്ക് പൊള്ളലേൽക്കുകയും ചെയ്തു. അയൽക്കാർ പലരും ഈ അടുത്ത കാലങ്ങളിൽ ക്രിസ്തു വിശ്വാസം സ്വീകരിച്ചവരാണ്. പാസ്റ്ററുടെ വീട്ടിൽ നിന്നുള്ള നിലവിളിയും ആക്രോശവും കേട്ടുണർന്ന് ഓടിയെത്തിയ തൊട്ടടുത്ത വീട്ടിലെ യുവാവ് പാസ്റ്ററെ അക്രമിസംഘം ക്രൂരമായി കൊലപ്പെടുത്തുന്നത് കണ്ട് ഭയന്നോടി ഒളിക്കുകയായിരുന്നു. അക്രമികളുടെ പിന്നിൽ എത്തപ്പെട്ട താൻ തലനാരിഴയ്ക്കാണ് അവരിൽ നിന്ന് രക്ഷപെട്ടതെന്ന് ഇൗ യുവാവ് പിന്നീട് മാധ്യമങ്ങളോട് പറഞ്ഞു. ഇയാളാണ് സംഭവിച്ചത് പോലീസിനേയും മാധ്യമങ്ങളേയും അറിയിച്ചത്.

MATRIMONIAL

വിശ്വകർമ്മ സമുദായത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട 35 വയസുള്ള യുവാവ്, 162 സെ.മി, എം.എ, ബി.എഡ്, സെറ്റ്, ഏക മകൻ, സർക്കാർ ഉദ്യോഗസ്ഥൻ. രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് പെന്തക്കോസ്തു വിശ്വാസത്തിൽ ഉള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 9746171398

**ദൈവം നമ്മെ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ അനശ്വരമായ പൂർണ്ണതയ്ക്ക് വേണ്ടിയുള്ളതാണ്. നാം നമ്മെ മറന്നും ത്യജിച്ചും പോരാടിയെങ്കിൽ മാത്രമേ അത് വിജയപ്രദമാക്കി തീർക്കാനായി കഴിയുകയുള്ളു. ഇവിടുത്തെ പ്രതിഫലം ഇച്ഛിച്ചും സമൂഹത്തിന്റെ പ്രതികരണം നോക്കിയും കർത്തൃസേവനത്തെ വിലയിരുത്തിയാൽ നിരാശയും പരാജയവും മാത്രമായിരിക്കും നമ്മെ തേടിയെത്തുന്നതെന്ന് ദൈവവചനാടിസ്ഥാനത്തിൽ വിവിധ ദൃഷ്ടാന്തങ്ങളിലൂടെ ലേഖനകർത്താവ് ഓർമ്മിപ്പിക്കുന്നു...**

# ദൈവീക ദൗത്യങ്ങളിൽ നിന്ന് ഒളിച്ചോടുന്നവർ



**സന്തോഷ് തങ്കച്ചൻ**
മസ്ക്കറ്റ്

ഉത്തരവാദിത്വബോധമുള്ളവർക്കാണ് ഏൽപ്പിക്കപ്പെട്ട ദൗത്യങ്ങളിൽ വിജയിക്കുവാൻ കഴിയുന്നത്. കേവലം ശമ്പളത്തിന് വേണ്ടിയോ പ്രതിഫലത്തിനോ സമ്മാനത്തിനോ വേണ്ടിയോ പ്രവർത്തി ചെയ്യുന്നവർക്ക് തങ്ങളുടെ കടമ എങ്ങനെയെങ്കിലും ഒന്നു ചെയ്തു തീർക്കണം എന്ന ചിന്തയേ ഉണ്ടാവുകയുള്ളു. തന്മൂലം അവരുടെ പ്രവർത്തി പൂർണ്ണതയുള്ളതോ, അപരന്, അല്ലെങ്കിൽ സമൂഹത്തിന് പ്രയോജനപ്പെടുന്നതോ ആയി തീരുന്നില്ല. ഇന്ന് പല പ്രവർത്തി മേഘലയിലും അഴിമതി കൊടികുത്തി വാഴുകയാണ്. അതിന്റെ കാരണം ചെയ്യുന്ന ദൗത്യങ്ങളോടുള്ള ആത്മാർത്ഥത വറ്റിപോകുന്നതും സ്വാർത്ഥചിന്തകൾ വളരെ വലുതായി തീരുന്നതുമാണ്. എങ്ങനേയും ഏതിൽ നിന്നും എനിക്ക് നേട്ടമുണ്ടാക്കണം എന്ന് ചിന്തിക്കുന്നവനിൽ നിന്ന് സമൂഹത്തിന് ഉപകാരപ്പെടുന്ന തൊന്നും പ്രതീക്ഷിക്കേണ്ടതില്ല. അത്തരക്കാർ ഉത്തരവാദിത്വപ്പെട്ട സ്ഥാനമാനങ്ങളിൽ അവരോധിക്കപ്പെട്ടാൽ അവിടം പിന്നെ അഴിമതിയുടെ കുത്തരങ്ങായി തീരുകയാണ്. ഇന്നത്തെ ആത്മീയ മേഘലയുടെ സ്ഥിതിയും സമാനമായിരിക്കുകയാണ്.

*"ഗോതമ്പ് മണി നിലത്ത് വീണു ചാകുന്നില്ലായെങ്കിൽ അത് തനിയെ ഇരിക്കും; ചത്തുയെങ്കിലോ വളരെ വിളവുണ്ടാകും..."* (യോഹന്നാൻ 12:24)

(1983 ഡിസംബർ 3 രാത്രി 9 മണി, ഇന്ത്യയെ സംബന്ധിച്ചിടത്തോളം മറക്കാനാവാത്ത രാത്രിയാണ്. ഭോപാലിലെ അമേരിക്കൻ കമ്പനിയായ യൂണിയൻ കാർബൈഡ് കമ്പനിയിലെ ഒരു പൈപ്പ് വാൽവ് ലീക്കായതിനെ തുടർന്ന് മീത്തേൽ ഐസോ സയനൈഡ് എന്ന മാരകമായ വിഷവാതകം ചോർന്ന് നിമിഷനേരങ്ങൾക്കുള്ളിൽ 2000 ൽ അധികം പേരാണ് മരിച്ചത്. ആയിരക്കണക്കിന് മനുഷ്യർ മാരകരോഗികളായി. ഇന്നും ആ പ്രദേശത്തെ കുഞ്ഞുങ്ങളും മുതിർന്നവരും അതിന്റെ ദുഷ്യവശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. വാതകം ചോർന്നതിനെ തുടർന്ന് അത് വേഗത്തിൽ അന്തരീക്ഷത്തിൽ വ്യാപിച്ചു. ശ്വസിച്ചവരെല്ലാം പെട്ടെന്ന് പെട്ടെന്ന് കുഴഞ്ഞ് വീഴുവാൻ തുടങ്ങി. പലരും ആശുപത്രിയിലെത്തുന്നതിന് മുമ്പേ മരിച്ചു. ഭവനത്തിൽ നിന്ന് ഇറങ്ങി തെരുവിലേക്ക് ഓടിയവരെയാണ് ആദ്യം മരണം കവർന്നത്. വിവിധ രോഗങ്ങളുള്ളവരും ബലഹീനരുമായ മനുഷ്യർ ആദ്യനിമിഷങ്ങളിൽ തന്നെ മരിച്ചു. ആശുപത്രിക്ക് ദുരന്തമുഖമായി. ഭോപാൽ റെയിൽവേ സ്റ്റേഷനിൽ നിന്ന് ഒന്നര കി.മി ദൂരത്തിലായിരുന്നു കമ്പനി. ഭോപാൽ റെയിൽവേ സ്റ്റേഷൻമാസ്റ്റർക്ക് പെട്ടെന്ന് തന്നെ അറിവ് കിട്ടി. അടുത്ത ട്രെയിൻ ഭോപാൽ റെയിൽവേ സ്റ്റേഷനിലെത്താൻ ഇനി ചുരുക്കം ചില നിമിഷങ്ങൾ മാത്രം. തൊട്ടടുത്ത സ്റ്റേഷനിൽ ട്രെയിൻ എത്തിയതായും വിവരം ലഭിച്ചു. സ്റ്റേഷൻ മാസ്റ്ററുടെ ഉത്തരവാദിത്വബോധം പെട്ടെന്നുണർന്നു. അടുത്ത ചില നിമിഷങ്ങൾക്കുള്ളിൽ നൂറുകണക്കിന് മനുഷ്യർ, പാവപ്പെട്ട തൊഴിലാളികൾ എല്ലാം ദുരന്തമറിയാതെ ഇവിടെ വന്നിറങ്ങാൻ പോകുന്നു. അവരെ കാത്ത് മരണം വാപിളർന്ന് നിൽക്കുന്നു. ഒരു പക്ഷേ വരും യാത്രയിൽ ട്രെയിൻ നിയന്ത്രിക്കുന്നവരെ തന്നെ മരണം പിടികൂടിയാലും ദുരന്തം വലുതാകും..... അദേഹത്തിന്റെ ചിന്ത ആശങ്കാജനകമായി. സഹപ്രവർത്തകരെല്ലാം രക്ഷപെടാനുള്ള ശ്രമം നടത്തുമ്പോൾ സ്റ്റേഷൻ മാസ്റ്റർ തൊട്ടടുത്ത, ട്രെയിൻ വന്ന് നിൽക്കുന്ന സ്റ്റേഷനിലേക്ക് വിളിച്ച് പറയുവാൻ ശ്രമം നടത്തി. ഒടുവിൽ വളരെ കഷ്ടപ്പെട്ട് അദേഹം അടുത്ത സ്റ്റേഷനിലെ മാസ്റ്ററോടു സംഭവം വിവരിക്കുമ്പോഴേക്കും വാതകം കാറ്റിലൂടെ റെയിൽവേ സ്റ്റേഷനിലും പടർന്നു. ആ നീതിയുള്ള മനുഷ്യൻ ആ ഇരിപ്പിടത്തിൽ തന്നെ കുഴഞ്ഞു വീണു മരണത്തിന് കീഴടങ്ങി. സംഭവം കേട്ട മാത്രയിൽ സ്വന്തജീവനും വാരിപ്പിടിച്ച് കൊണ്ട് അദേഹത്തിന് ഓടി മറയാമായിരുന്നു. പക്ഷേ ആയിരക്കണക്കിന് ജനങ്ങളോടുള്ള ഉത്തരവാദിത്വം, തന്റെ തൊഴിലിനോടുള്ള വിശ്വസ്ഥത അദേഹം നിറവേറ്റി. നൂ ് കണക്കിന് ഇന്ത്യാക്കാരെ ജീവിക്കാനനുവദിച്ച് കൊണ്ട് സ്വയം മരണത്തിന് കീഴടങ്ങി ആ റെയിൽവേ മാസ്റ്റർ തന്റെ ഉത്തരവാദിത്വം നിറവേറ്റി. ആ വലിയ ദുരന്തത്തിനിടയിൽ മരിച്ച് വീണ ആ ചെറിയ സ്റ്റേഷൻമാസ്റ്ററെ പിന്നീട് പുസ്തകങ്ങളിലൂടെ പലരും ഓർത്തു. ഇന്നും ഭോപാൽ ദുരന്തത്തിലെ നന്മയുടെ ദീപമായി ഇന്ത്യക്കാർ അദേഹത്തെ ഓർക്കുന്നു. ഇനി പലരും മറന്നെന്നിരുന്നാലും അന്ന് ആ ദുരന്തത്തിൽ ട്രെയിനിൽ യാത്ര ചെയ്ത് രക്ഷപെട്ടവരും അവരുടെ തലമുറകളും ആ സ്റ്റേഷൻ മാസ്റ്ററെയും കുടുംബത്തേയും നന്ദിയോടെ ഓർക്കും. ദൗത്യനിർവ്വഹണത്തിനിടയിൽ മരിച്ചുകൊള്ളണം എന്നതല്ല ഇതിന്റെ അർത്ഥം, പിന്നെയോ നമ്മുടെ ഉത്തരവാദിത്വങ്ങൾ എത്രയോ വലുതാണ് എന്ന് ബോധ്യപ്പെടുത്തുകയാണിവിടെ.

ഈ സംഭവം വായിച്ചപ്പോൾ ഇന്നത്തെ ആത്മീയ ലോകത്തിന്റെ കപട ആത്മാർത്ഥതയെപ്പറ്റിയാണ് ഞാൻ ചിന്തിച്ചത്. പ്രാർത്ഥനയാലും ദൈവഭക്തിയാലും വലിയ ചലനങ്ങൾ സൃഷ്ടിച്ചവരായ നമ്മുടെ പിതാക്കന്മാരുടെ പാത പിൻപറ്റുന്ന നമ്മൾ യഥാർത്ഥത്തിൽ ഇന്ന് നിർജ്ജീവന്മാരല്ലേ? പ്രാർത്ഥനയും ആരാധനയും ദൈവഭക്തിയും കൂട്ടായ്മകളും എല്ലാം കൃത്യമായി നടക്കുന്നുണ്ടെങ്കിലും ദൈവസാന്നിദ്ധ്യം ഇറങ്ങുന്ന, അല്ലെങ്കിൽ ദൈവസാന്നിദ്ധ്യം ഇറക്കുന്ന എത്ര കൂടിവരവുകൾ ഇന്ന് നമുക്കുണ്ട്? എല്ലാം ചടങ്ങുകളായി അധ:പതിച്ചിരുക്കുന്നു. വിശ്വാസികൾക്ക് വേണ്ടായെങ്കിൽ പിന്നെ തങ്ങൾക്കെന്തിന് എന്ന് ശുശ്രൂഷകർ ചിന്തിക്കുന്നു. പണവും സാഹചര്യങ്ങളും അനുകൂലമെങ്കിൽ പിന്നെ ആത്മീയതയൽപ്പം കുറഞ്ഞാലും കുഴപ്പമില്ലെന്ന് വിശ്വാസികളും ചിന്തിക്കുന്നു.ഇതാണ് ഇന്നു കാണുന്ന കുഴപ്പങ്ങളുടെയെല്ലാം പിന്നിലുള്ള കാരണം. ഇന്നത്തെ ആത്മീയ ദൗത്യ നിർവ്വഹണത്തെക്കുറിച്ചുള്ള പരാതികൾ ഏറുകയാണ്. ദൈവവേലയാണ് പലർക്കും ജീവിതത്തിലെ പ്രധാന കർമ്മമെന്നിരിക്കെ അവരതിൽ നിന്നെല്ലാം ഒളിച്ചോടുന്ന പ്രവണതയാണ് ഇക്കാലങ്ങളിൽ നമുക്ക് കാണുവാനായി കഴിയുന്നത്. വെറും ജോലി നിർവ്വഹിക്കുന്നതുപോലെ ആത്മീയ ശുശ്രൂഷകളും നിർവ്വഹിച്ച് തീർക്കുന്നതും വെറും കടമ നിർവ്വഹണം പോലെ ആരാധനകളെ സമീപിക്കുന്നതും ഇന്നത്തെ ശുശ്രൂഷക-വിശ്വാസി വൃന്ദങ്ങളുടെ തകർച്ചയെ വെളിപ്പെടുത്തുന്നു.

കർത്താവ് നമ്മെ ഏൽപ്പിച്ച ദൗത്യങ്ങൾ ചെറുതായാലും വലുതായാലും നമ്മുടെ ഉത്തരവാദിത്വം വലുതാണ്, പ്രധാനമാണ്. വിശുദ്ധ പൗലോസാണ് ഇവിടെ നമുക്ക് മാതൃകയാകുന്നത്. ഉന്നതമായ ഭൗമിക ജീവിത സൗഭാഗ്യങ്ങളെയെല്ലാം ചവറുപോലെ ,വിട്ടെറിഞ്ഞാണ് കർത്താവിന്റെ ക്രൂശ് എടുക്കാൻ താൻ ഇറങ്ങിപ്പുറപ്പെട്ടത്. "തനിക്ക് ലാഭമായിരുന്നതൊക്കേയും ചേതമെന്നെണ്ണിയതായി' തിരുവചനത്തിൽ നാം വായിക്കുന്നു. പിന്നെ കഷ്ടതയുടെ നെടുകോട്ടകളെയാണ് തനിക്ക് നേരിടേണ്ടി വന്നത്. പലവിധിത്താലുള്ള ആപത്ത്, സ്വന്ത സഹോദരന്മാരാലുള്ള നിന്ദാപമാനങ്ങൾ, പീഡനങ്ങൾ..... തുടങ്ങി എതെല്ലാം വേദനകളിലൂടെ അദേഹം കടന്ന് പോയി. പക്ഷേ അവിടെയൊന്നും തന്റെ ദൗത്യത്തിൽ നിന്ന് ഒരിഞ്ച് പിന്നോട്ട് മാറാൻ വിശുദ്ധ പൗലോസ് തയാറായില്ല. തന്റെ പഴയ പ്രതാപത്തെ മടക്കി വിളിക്കാനും താൻ ഒരുങ്ങുന്നില്ല. കാരണം ദൈവത്തെക്കുറിച്ചുള്ള, തന്റെ നിയോഗങ്ങളെക്കുറിച്ചുള്ള വ്യക്തമായ ദർശനം താൻ ദൈവത്തിൽ നിന്ന് പ്രാപിച്ചിരുന്നു. അക്കാലത്ത് തനിക്ക് മാതൃകയോ പ്രചോദനമോ പകരാൻ മിഷണറി ശ്രേഷ്ഠന്മാരാരും തന്റെ കണ്ണിന് മുൻപിൽ ഉണ്ടായിരന്നില്ല. പക്ഷേ തന്റെ ഉത്തരവാദിത്വം എത്ര വലുതെന്ന് അദേഹം ഗ്രഹിച്ചിരുന്നു.



**ഒരു മഹാദുരന്തത്തിന്റെ ബാക്കി പത്രം...**

**ഭോപാലിലെ യൂണിയൻ കാർബൈഡ് കമ്പനിയുടെ വാതകചോർച്ചയുായ പ്രധാന ഭാഗം. ദുരന്തം കഴിഞ്ഞ് 35-ാം വർഷത്തിലേക്ക് അടുക്കുമ്പോഴും ഇന്നും ഇവിടേക്കെത്താൻ ആളുകൾ ഭയക്കുന്നു... ഇവിടെ നിന്ന് ഒന്നര കി.മി ദൂരത്തിലാണ് ഭോപാൽ റെയിൽവേ സ്റ്റേഷൻ**

ഇന്ന് 'ഞാനെന്ത് ചെയ്യണം, എങ്ങോട്ട് പോകണം കർത്താവേ' എന്നുള്ള ചോദ്യം നമ്മിൽ നിന്ന് ഉയരാത്തതാണ് ദർശനം മങ്ങിപ്പോകാൻ കാരണമായിരിക്കുന്നത്. ഏലി പുരോഹിതന്റെ കാഴ്ച മങ്ങിയത് ജനത്തിന്റെ ദുർന്നടപ്പിനും ആലയത്തിലെ ദുരന്തങ്ങൾക്കും കാരണമായി. ഒരുവിധത്തിൽ പറഞ്ഞാൽ ഇന്നും നടമാടുന്നത് അതേ അവസ്ഥ തന്നെയല്ലേ?

ന്യൂ ഇംഗ്ലണ്ടിലെ തീരദേശത്തെ കോസ്റ്റ് ഗാർഡ് റസ്ക്യൂ സ്റ്റേഷന്റെ ഭിത്തിയിൽ ഗാർഡുകളെ സജ്ജരാക്കുവാൻ എഴുതിവച്ചിരിക്കുന്ന ഒരു ആപ്തവാക്യമുണ്ട്. അതിപ്രകാരമാണ് "നിങ്ങൾ പുറപ്പെട്ട് പോകണം..നിങ്ങൾ മടങ്ങി വരേണ്ട ആവശ്യമില്ല..." ഇത് വായിച്ചാൽ കോസ്റ്റു ഗാർഡുകളെ മരണ

(ശേഷം പേജ് 6)

തുടർപരമ്പര




# പ്രസിദ്ധനാകാൻ ആഗ്രഹിക്കാത്ത യേശുക്രിസ്തുവിന്റെ ശിഷ്യന്മാരാണോ നാം?

ക്രൈസ്തവ വിചാരം



പാസ്റ്റർ കെ.വി കുരുവിള
ഷിക്കാഗോ

നമ്മുടെ കർത്താവ് പ്രസിദ്ധി ആഗ്രഹിക്കാത്ത ഒരു വ്യക്തിയായിരുന്നു. അവിടുന്ന് രോഗികളെ സൗഖ്യമാക്കിയതിനൊപ്പം അവരോടൊക്കെ പറഞ്ഞതായ ഒരു കാര്യം തന്നെ പ്രസിദ്ധപ്പെടുത്തരുതെന്നാണ്. വീട്ടിലുള്ളവരോട് ചെന്ന് സാക്ഷ്യപ്പെടുത്തുവാൻ ക്രിസ്തു ഉത്സാഹിപ്പിച്ചിട്ടുണ്ട്. ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിലൂടെ തന്നിലെ ദാസ്യമനോഭാവവും അവിടുന്ന് വെളിപ്പെടുത്തി. നിങ്ങളിൽ യജമാനത്വം ആഗ്രഹിക്കുന്നവർ ദാസനായി തീരേണമെന്ന് അവിടുന്ന് കൽപ്പിച്ചു. എന്നാൽ ഇന്ന് ക്രിസ്തുവിനെ അനുഗമിക്കുന്നുയെന്ന് പറയുന്ന ക്രിസ്തീയ നേതാക്കന്മാരും മിഷണറിമാരും പോലും യജമാനൻമാരും അധിപതികളും മേലധികാരികളുമായി തീരാനാണ് ആഗ്രഹിക്കുന്നത്. ഒരു പക്ഷേ മറ്റുള്ളവർ നമ്മെ യജമാനന്മാരായി കാണുന്നത് തടയാനായില്ലെന്ന് വന്നേക്കാം. പക്ഷേ നമ്മുടെ ഹൃദയത്തിൽ നാം യജമാനന്മാരാകുവാൻ ആഗ്രഹിക്കുന്നുണ്ടോ? യേശു വളരെ ക്ഷമയോടെ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുവാൻ ആഗ്രഹിച്ച പാഠം നാം വീണ്ടും പഠിക്കേണ്ടിരിക്കുന്നു.

അവരുടെ കാലുകൾ കഴുകിയ ശേഷം യേശു അവരോട് ഇപ്രകാരം പറഞ്ഞു: "ഈ ലോകത്തിലെ രാജാക്കന്മാരും ഉന്നത നേതാക്കന്മാരും തങ്ങളുടെ ഭൃത്യന്മാർക്ക് ആജ്ഞ .നൽകുന്നു....എന്നാൽ നിങ്ങളുടെ ഇടയിലാകട്ടെ നിങ്ങളെ ഏറ്റവും നന്നായി ശുശ്രൂഷിക്കുന്നവനായിരിക്കും നിങ്ങളുടെ നേതാവ്. ഈ ലോകത്തിലെ യജമാനൻ ഭക്ഷണത്തിനിരിക്കുന്നു. ഭൃത്യന്മാർ അയാൾക്ക് വിളമ്പി കൊടുക്കുന്നു, എന്നാൽ ഇവിടെ അങ്ങനെയല്ല എന്തെന്നാൽ ഞാൻ നിങ്ങളുടെ ഭൃത്യനാണ് ' ലൂക്കോസ് 22: 25 –27.

നമ്മുടെ കർത്താവിന്റെ ദൃഷ്ടാന്തമനുസരിച്ച് നാം എത്രയധികം ഇനി താഴേണ്ടിയിരിക്കുന്നു. വർഗ്ഗപരമായ ഉന്നത ഭാവം, ഉള്ളിലെ അഹന്ത എന്നീ കാര്യങ്ങളിൽ ഇപ്പോഴും നമുക്കുള്ള ലൗകിക മനോഭാവം ദൈവം നമുക്കുള്ളിൽ നിന്ന് നീക്കികളയട്ടെ. ദൈവരാജ്യത്തിലുള്ള മഹത്വത്തിന്റെ യഥാർത്ഥ ലക്ഷണം, യേശു ആയിരുന്നത് പോലെ ഒരു ഭൃത്യനായും വെള്ളമൊഴിച്ച് കൊടുക്കുന്നവനായും തീരുന്നതാണെന്ന പാഠം നമ്മെ പഠിപ്പിക്കട്ടെ. എലീശാ പ്രവാചകന് ഒരു 'തിരിച്ചറിയൽ' കാർഡ് ഉണ്ട്. "എലിയാവിന്റെ കൈക്ക് വെള്ളം ഒഴിച്ച ശാഫാത്തിന്റെ മകൻ എലീശാ' (2 രാജാ.3:11). നമ്മുടെ ജീവിതത്തിൽ പ്രമുഖ സ്ഥാന കാംക്ഷിയോ, ആത്മീയ ഗോളത്തിൽ നിന്ന് ,ബഹുമതിയോ, ആദരവോ, പ്രശംസാപത്രമോ ആഗ്രഹിക്കാതിരിക്കാം.

> ഇന്ത്യയിൽ കേവലം 2.3 ശതമാനം മാത്രം ക്രൈസ്തവർ ഉള്ളപ്പോൾ, 25 ശതമാനമായി ക്രിസ്തീയ സമൂഹം വളർന്നുയെന്ന് മൈക്കിൽ കൂടി വിളിച്ച് പറഞ്ഞ് വടി കൊടുത്ത് അടി വാങ്ങുകയാണെങ്കിൽ നാം ആരെയാണ് പഴി ചാരേണ്ടത്. ആത്മീയ രംഗത്തെ ഈ കള്ളക്കണക്കുകൾ കൊണ്ട് ക്രൈസ്തവ സമൂഹത്തിന് ദോഷമല്ലാതെ എന്ത് ഗുണമാണുള്ളത്?

ഇന്ന് നമ്മുടെ സഭകളിൽ കുഴപ്പമുണ്ടാക്കുന്ന ആളുകളേയും പൊങ്ങച്ചക്കാരായ മൂപ്പന്മാരേയും അധികാര പ്രമത്തരായ ശുശ്രൂഷകന്മാരേയും പറ്റി നാം അസ്വസ്ഥരാണോ? വർഷങ്ങളായി നാം വിതയ്ക്കുന്നത് തന്നെ നാം കൊയ്തെടുക്കുകയും പുനസൃഷ്ടിക്കുകയും ചെയ്യുന്ന ഒരവസ്ഥയല്ലേയിത്? തനിക്ക് വേണ്ടി ഒരു പേരുണ്ടാക്കാനും മനുഷ്യരുടെ ദൃഷ്ടിയിൽ സ്വയം ഉയർത്തുവാനും ആഗ്രഹിക്കുന്ന ഏതൊരു വിശ്വാസിക്കും ബാബിലോണിന്റെ ആത്മാവാണുള്ളത്. ബാബേൽ ഗോപുരം (ബാബിലോണിന്റെ ആരംഭം അവിടെയാണ് ) എങ്ങനെയാണ് വന്നതെന്ന് ഓർമ്മിക്കുമോ? മനുഷ്യർ ഒരുമിച്ച് കൂടി വന്നിട്ട് .......നമുക്ക് ഒരു പേരും ഉണ്ടാക്കുക എന്ന് പറഞ്ഞു' (ഉൽപ്പത്തി 11:4). വർഷങ്ങൾക്ക് ശേഷം ബാബിലോണിലെ രാജാവും ഇതേ ആത്മാവിൽ "ഇത് ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപ മഹത്വത്തിനായി പണിത മഹതിയാം ബാബൽ അല്ലയോ " എന്ന് .പറയുകയുണ്ടായി (ദാനി.4:30). ഈ വിധത്തിലാണ് പല ക്രിസ്തീയ പ്രവർത്തകരേയും പ്രസിദ്ധീകരണകാരേയും പ്രസംഗകരേയും സാത്താൻ വഞ്ചിച്ചിരിക്കുന്നത്. പ്രശസ്തിക്ക് വേണ്ടി വ്യാജ വാർത്തകൾ ചമയ്ക്കുക, തെറ്റായ കണക്കുകൾ കൊട്ടിഘോഷിക്കുക എന്നത് ഇന്നത്തെ ഒരു സ്ഥിരം പരിപാടിയായിരിക്കുകയാണ്. ഇങ്ങനെയുള്ള വാർത്തകൾ കേൾക്കുമ്പോൾ നാം ദുഖിക്കുകയും മനം കലങ്ങുകയും ചെയ്യുന്നു. പലപ്പോഴും യാഥാർത്ഥ്യം ഇവയിൽ നിന്നൊക്കെ ഏറെ ദൂരത്തും. തിരുവചനവും ഗവൺമെന്റ് കണക്കുകളും ,നമുക്കൊന്ന് പരിശോധിക്കാം.

പുറപ്പാട് 1:12 ൽ നാം വായിക്കുന്നത് "എന്നാൽ അവർ പീഡിപ്പിക്കും തോറും ജനം പെരുകി വർദ്ധിച്ചു.അതുകൊണ്ട് അവർ യിസ്രായേൽ മക്കൾ നിമിത്തം പേടിച്ചു" .യിസ്രയേൽ മക്കളെ മിസ്രയീമ്യർ പീഡിപ്പിക്കുന്തോറും അവരുടെ ജനസംഖ്യ കുറയുകയല്ല, കൂടി വരികയാണ് ചെയ്തത്. ഇവിടെ നാം ശ്രദ്ധിക്കേണ്ട മറ്റൊരു യാഥാർത്ഥ്യം, മിസ്രയീമ്യർ യിസ്രയേൽ മക്കളെ ഉള്ളാലെ ഭയപ്പെടുവാൻ തുടങ്ങി എന്നുള്ളതാണ്. യിസ്രായേല്യരുടെ വംശവർദ്ധന മിസ്രയീമ്യർക്ക് അങ്കലാപ്പുണ്ടാക്കി. ഫറവോനും മറ്റൊരു സൂത്രത്തിൽ അതിന് തടയിടുവാൻ ഭാരമേറിയ നുകം അവരുടെ തലയിൽ വച്ചു കൊടുത്തു. ഈജിപ്തിൽ സംഭവിച്ചത് തന്നെ മറ്റൊരു തരത്തിൽ .ഇന്ത്യയിലെ ക്രൈസ്തവർക്കും സംഭവിച്ച് കൊണ്ടിരിക്കുന്നു. ക്രൈസ്തവരുടെ എണ്ണം ക്രമാനുഗതമായി ഇന്ത്യയിൽ വർദ്ധിച്ചുയെന്നും ജനസംഖ്യയിൽ 25 ശതമാനം ക്രൈസ്തവരാണെന്നും കൺവെൻഷൻ വേദികളിലും മറ്റ് മാധ്യമങ്ങളിലും സഭകളും സംഘടനകളും വിളിച്ച് പറയുവാൻ തുടങ്ങി. മാത്രമല്ല മറ്റ് ചിലർ ഇന്ത്യ ചില വർഷങ്ങൾക്കുള്ളിൽ ക്രൈസ്തവ രാജ്യമാകാൻ പോകുന്നുയെന്നും പ്രഖ്യാപിക്കുന്നു. കൊട്ടിഘോഷിക്കപ്പെടുന്ന കണക്കിൽ ഭൂരിപക്ഷ സമൂഹങ്ങൾ ഭയപ്പെടുന്നത് സ്വാഭാവികം. പക്ഷേ സത്യം എവിടെ കിടക്കുന്നു? 2015 ആഗസ്റ്റ് 26ന് മലയാള മനോരമ പ്രസിദ്ധീകരിച്ച സെൻസസ് കണക്കുകൾ നോക്കുക: 2011 ലെ സെൻസസിലെ മതാടിസ്ഥാനത്തിൽ 2.78 കോടി (2.3 ശതമാനം) മാത്രമാണ് ക്രൈസ്തവർ. ഇന്ത്യയിൽ കേവലം 2.3 ശതമാനം മാത്രം ക്രൈസ്തവർ ഉള്ളപ്പോൾ, 25 ശതമാനമായി ക്രിസ്തീയ സമൂഹം വളർന്നുയെന്ന് മൈക്കിൽ കൂടി വിളിച്ച് പറഞ്ഞ് വടി കൊടുത്ത് അടി വാങ്ങുകയാണെങ്കിൽ നാം ആരെയാണ് പഴി ചാരേണ്ടത്. ആത്മീയ രംഗത്തെ ഈ കള്ളക്കണക്കുകൾ കൊണ്ട് ക്രൈസ്തവ സമൂഹത്തിന് ദോഷമല്ലാതെ എന്ത് ഗുണമാണുള്ളത്?

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ് പ്രസ്താവിച്ചത് പോലെ വ്യാജ വാർത്തകൾ സൃഷ്ടിക്കുന്നതിൽ ലോക വാർത്താ ഏജൻസികൾക്കൊപ്പം പല ക്രിസ്തീയ പ്രവർത്തകരും ഉൾപ്പെടുന്നത് ഖേദകരം തന്നെ. ദാവീദ് ഒരിക്കൽ ജനത്തെ എണ്ണി അവരുടെ സംഖ്യയിൽ പ്രശംസിച്ചത് പോലെ ഇത്തരം കാര്യങ്ങളിലുള്ള നമ്മുടെ ജഢസ്വഭാവത്തെ പറ്റി ദൈവം നമുക്ക് ഒരു കുറ്റബോധം തരാൻ ആഗ്രഹിക്കാം (2 ശമു.24). പ്രസിദ്ധീകരണ താത്പ്പര്യമുള്ള ലോകത്തിന്റെ മനോഭാവത്തിൽ നിന്ന് അവിടുന്ന് നമ്മെ വിടുവിക്കട്ടെ. എന്തെന്നാൽ ദൈവത്തിന്റെ വേലയ്ക്ക് അതെപ്പോഴും ആപൽക്കരമാണ്. പ്രതികരണത്തിന്റെ പ്രത്യക്ഷ പ്രകാശം നാം പരത്തിയില്ലെങ്കിൽ നാം ചിലപ്പോൾ വഞ്ചിക്കപ്പെട്ടു എന്ന് വരാം. നമ്മുടെ കർത്താവ് പ്രസിദ്ധി ഒരിക്കലും ആഗ്രഹിച്ചില്ല.ക്രിസ്തുവിന്റെ അതേ മനോഭാവം സൂക്ഷിക്കുവാൻ നമുക്ക് പ്രതിജ്ഞയെടുക്കാം.

Let's start planning for your family's future.
Sunny E Thomas, Your local NewYork Life Agent
20 North Martingale Road, Suite 400
Schaumburg, IL 60173
Bus. 847 585 4927 Cel. 847 370 9279



Life Insurance . Retirement . Long-Term Care
KEEP GOOD GOING
NEW YORK LIFE



യേശുവിന്റെ കല്ലറ

**യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ ഓർമ്മപ്പെടുത്തി വീണ്ടും ദുഖവെള്ളി കൂടെ കടന്ന് പോയി. ഗതകാല സ്മരണകളുയർത്തി ലോകത്തിന് നടുവിൽ തലയുയർത്തി നിൽക്കുകയാണ് ഇപ്പോഴും തലയോടിടം എന്ന ഗോൽഗോഥാ. ലോകത്തിന്റെ രക്ഷകനെ ക്രൂശിച്ച സ്ഥാനവും സ്വന്തം നെറുകയിലേറി നിത്യരക്ഷയെന്ന മഹാസത്യത്തിലേക്ക് വിരൽചൂണ്ടി കാൽവറി കാലങ്ങളെ പിന്നിടുകയാണ്.... ക്രിസ്തു വിരോധികൾ തകർത്തെറിയുകയും മണ്ണിട്ട് മൂടുകയും ചെയ്തിട്ടും ചില നൂറ്റാണ്ടുകൾക്കിപ്പുറം യേശുവിന്റെ കല്ലറയും ഗോൽഗോഥായും വീണ്ടും ഉയിർത്തെഴുന്നേൽക്കുക തന്നെ ചെയ്തു. ജെറുസലേമിലെ ആ ചരിത്രസത്യങ്ങളിലേക്ക് ...**

# മറയ്ക്കാനാവുമോ ആ മഹാസത്യത്തെ...

പഴയ ജറുസലേം ദേവാലയം നിലനിന്ന സ്ഥലം 37 ഏക്കറാണ്. ചുറ്റുമതിലുകളാൽ സംരക്ഷിച്ചിരിക്കുന്ന ഈ സ്ഥലത്തിന് വടക്ക് വശത്തായി പഴയ ദമാസ്ക്കസ് ഗേറ്റ് കാണാം. ഇവിടെനിന്ന് ഏകദേശം 330 അടിയോളം മുന്നോട്ട് നീങ്ങുമ്പോൾ ലോകചരിത്രത്തെ തന്നെ വേർതിരിച്ചതിന് മുഖാന്തിരമായ കാൽവറി മല കാണാം. തലയോടിടം എന്നാണ് ഈ സ്ഥലത്തിന്റെ മറ്റൊരു പേര്. എബ്രായ ഭാഷയിൽ ഗോൽഗോഥാ എന്നും പറയുന്നു. ഭൂ നിരപ്പിൽ നിന്ന് 45 അടി ഉയരത്തിലാണ് ഈ മല. കാഴ്ചയിൽ ഒരു വലിയ മനുഷ്യന്റെ തലയോടെന്ന പോലെയാണ് ഈ മലയുടെ രൂപം. ഉരുണ്ട മുകൾ ഭാഗവും അതിന് കീഴെയായി നെറ്റിത്തടം പോലെ പരന്നഭാഗവും അതിന് താഴെയായി കണ്ണുകളുടേയും മൂക്കിന്റെയും വായുടേയും ഭാഗത്ത് കുഴികളുമുള്ള ഈ വലിയ പാറ ഒരു തലയോട്ടിയുടെ സ്മരണയാണ് കാഴ്ചക്കാരിൽ ഉണർത്തുന്നത്. ഈ രൂപസാദൃശ്യമാണ് തലയോടിടമെന്ന പേരുവരുവാൻ കാരണം. എന്നാൽ മറ്റൊരു കാരണം കൂടി ഇവിടുത്തെ ചരിത്രം പറയുന്നുണ്ട്. ആദാമിന്റെ തലയോട്ടി ഇവിടെ നിന്നാണ് കണ്ടെടുത്തതെന്നും അതാണ് അങ്ങനെയൊരു പേരുവരുവാൻ കാരണമെന്നും പറയപ്പെടുന്നു.

വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നതിന് തക്കതായ പല സാമ്യങ്ങളും ഇന്നും ഈ സ്ഥലത്തിന് അതിപ്രാധാന്യത നൽകി നിലനിർത്തുകയാണ്. മർക്കോസ് സുവിശേഷം 15: 29 ൽ പറയുന്നു. 'വഴിയെ പോകുന്നവർ തലകുലുക്കി കൊണ്ട് ഹാ..ഹാ മന്ദിരം പൊളിച്ച് 3 നാളു കൊണ്ട് പണിയുന്നവനെ നിന്നെ തന്നെ രക്ഷിച്ച് ക്രൂശിൽ നിന്ന് ഇറങ്ങി വാ എന്ന് പറയുന്ന കാഴ്ച, ഇന്നത്തെ .കാഴ്ചക്കാരിലും നിറയ്ക്ക തക്കവണ്ണം ഈ മലയുടെ മുന്നിലായി ഒരു പ്രധാന വഴിയും ബസ്റ്റോപ്പും സ്ഥിതി ചെയ്യുന്നു. കുന്നിന്റെ മുകളിലായി യേശുവിന്റെ ക്രൂശ് നാട്ടിയ സ്ഥലം ഇപ്പോഴും വേലി കെട്ടി സൂക്ഷിച്ചിരിക്കുന്നു. യോഹന്നാൻ 19:20 ൽ പറയുന്നു 'യേശുവിനെ ക്രൂശിച്ച സ്ഥലം നഗരത്തിന് സമീപമാണെന്ന്. എബ്രായർ 13:12 ൽ നഗരവാതിലിന് പുറത്ത് വെച്ച് കഷ്ടം അനുഭവിച്ചതായും പറയുന്നു. യെഹൂദന്റെ പഴയ സംസ്കാരമനുസരിച്ച് ജഡം നഗരത്തിനുള്ളിൽ വയ്ക്കാറില്ല. അതുകൊണ്ട് തന്നെ മലയുടെ സമീപം തന്നെയാണ് കല്ലറയും സ്ഥിതി ചെയ്യുന്നതെന്ന് പിന്നീട് ഗവേഷണങ്ങളിലൂടെ തെളിയിക്കുകയായിരുന്നു.

ഒന്നാം നൂറ്റാണ്ടിൽ ആദിമ ക്രൈസ്തവർ യേശുവിനെ അടക്കിയ സ്ഥലത്ത് വന്നിരുന്നതായും പ്രാർത്ഥനകളും ആചാരാനുഷ്ഠാനങ്ങളും നിവർത്തിച്ചിരുന്നതായും ഈ കല്ലറയെ പാവനമായി കണ്ടിരുന്നതായും ഗവേഷകർ കണ്ടെത്തിയിരുന്നു. എന്നാൽ ഒന്നാം നൂറ്റാണ്ടിന് ശേഷം യേശുവിനെ അടക്കിയ സ്ഥലം നൂറ്റാണ്ടുകളോളം മറഞ്ഞ് കിടന്നു. സ്ഥലത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങളും ഏറിയിരുന്നു.കൃത്യസ്ഥാനമേതെന്നറിയാതെ ഗവേഷകരും കുഴഞ്ഞിരുന്നു. ഈ മലയുടെ താഴെയായി ഒരു തോട്ടമായിരുന്നു സ്ഥിതി ചെയ്തിരുന്നത്. ഒരു ഗ്രീക്കുകാരനായിരുന്നു ഇതിന്റെ ഉടമ.1883 കാലഘട്ടത്തിൽ ഇയാൾ ഈ തോട്ടത്തിൽ ഒരു കുളം കുഴിക്കുവാൻ മണ്ണ് നീക്കിയപ്പോഴാണ് വിശേഷപ്പെട്ട ആ കല്ലറ കണ്ടെത്തുന്നത്. അദ്ദേഹം തന്റെ പണി അവിടെ നിർത്തി വച്ചു. ഈ വാർത്ത പുറംലോകമറിഞ്ഞപ്പോൾ പുരാവസ്തു ഗവേഷകനും ഉറച്ച ക്രൈസ്തവ സത്യാന്വേഷിയുമായ ബ്രിട്ടീഷുകാരൻ ജനറൽ ചാൾസ് ഗോൾഡൻ എന്നയാൾ ഈ സ്ഥലത്തെത്തി. സ്ഥലമുടമയുടെ അനുവാദത്തോടെ നിരീക്ഷണ പരീക്ഷണങ്ങൾ നടത്തി ഇത് യേശുവിന്റെ കല്ലറയാണെന്നും മണ്ണ് നീക്കി മുന്നോട്ട് ചെന്നപ്പോൾ ഇതിന്റെ സമീപം തന്നെയാണ് ക്രൂശിത സ്ഥാനമായ ഗോൽഗോഥായെന്നും സ്ഥിരീകരിക്കുകയായിരുന്നു. അദ്ദേഹം ലണ്ടനിലെ തന്റെ സ്നേഹിതരുടെ സഹായത്തോടെ ഈ തോട്ടവും കല്ലറയും വാങ്ങി. തുടർന്ന് ഗാർഡൻ റ്റോംബ് അസോസിയേഷൻ എന്ന പ്രൊട്ടസ്റ്റന്റ് സംഘടന രൂപീകരിച്ചു, ലോകചരിത്രത്തിലെ ഈ മഹത്തായ സ്ഥാനത്തിന് പരിരക്ഷണം നൽകി. അതിന്ശേഷം നടത്തിയ നിര


(ശേഷം പേജ് -11)



ഗോൽഗോത്താ മല ഇന്ന്...തൊട്ട്താഴെയായി ബസ് സ്റ്റേഷനും കാണാം




ഗാർഡൻ ടോംമ്പ് 1885 ൽ കത്തെിയപ്പോൾ



ഗാർഡൻ ടോംമ്പ് 1890 ൽ ഗവേഷണങ്ങൾക്കായി തുറന്നപ്പോൾ



ഗോൽഗോത്താ മല. 1900 ൽ എടുത്ത ചിത്രം




# ലോകത്തെ ബന്ധിപ്പിക്കുന്ന പ്രാർത്ഥനാശൃംഖല

**ആറു ഭാഷകളിലായി അനവധി രാജ്യങ്ങളെ ടെലഫോൺ ലൈനിലൂടെ ബന്ധിപ്പിച്ച് 24 മണിക്കൂറും ആത്മീയ ശുശ്രൂഷകൾ നിർവ്വഹിക്കുകയാണ് ബോസ്റ്റൺ പ്രെയർലൈൻ**

ആത്മീയതയെ ആധുനിക യുഗം പിറകോട്ട് തള്ളുന്നുവെങ്കിലും പ്രാർത്ഥനയിലും ദൈവാശ്രയത്തിലും അഭയം ചാരുന്നവരുടെ എണ്ണവും അനുദിനം വർദ്ധിച്ച് വരികയാണ്. കാരണം. മനുഷ്യന്റെ ശാസ്ത്രത്തിനും ഇതര കണ്ടെത്തലുകൾക്കും സഹായ കരങ്ങൾക്കും അപ്പുറം രോഗവും ദുഖവും കഷ്ടവും വേദനയും നിറയുന്ന പ്രതിസന്ധികളുടെ ആഴം വർദ്ധിക്കുകയാണ്. എത്ര പണമുണ്ടായാലും പരിഹരിക്കാനാവാത്ത സങ്കീർണ്ണ പ്രശ്നങ്ങൾ മനുഷ്യനെ പൊതിയുമ്പോൾ അവർ ഒടുവിൽ തങ്ങളുടെ സൃഷ്ടാവിങ്കലേക്ക് കണ്ണുയർത്തുന്നു. ഇവിടെയാണ് ബോസ്റ്റൺ പ്രെയർലൈൻ എന്ന, 24 മണിക്കൂറും നീളുന്ന, ഭാഷയുടെ അതിരുകൾ ഭേദിച്ച് രാജ്യാന്തര തലങ്ങളിലേക്ക് വ്യാപിച്ച് പ്രവർത്തിക്കുന്ന പ്രാർത്ഥനാ കൂട്ടായ്മയുടെ പ്രസക്തി.

പ്രാർത്ഥനയ്ക്ക് വേണ്ടി ഇപ്പോൾ അനേക പ്രെയർലൈനുകൾ നിലവിലുണ്ട്. എന്നാൽ ബോസ്റ്റൺ പ്രെയർലൈൻ 24 മണിക്കൂറും തുടർച്ചയായി പ്രവർത്തിച്ച് കൊണ്ട് 10-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. പാട്ട്, പ്രാർത്ഥന, ആരാധന, സാക്ഷ്യം, ബൈബിൾ സ്റ്റഡി, ഞായറാഴ്ച സഭായോഗം, മെഡിക്കൽ സെഷൻ തുടങ്ങി ഇതര പരിപാടികൾ നടക്കുന്നതിനൊപ്പം അമേരിക്കയിൽ നിന്നും ഇന്ത്യയിൽ നിന്നും മറ്റ് പല രാജ്യങ്ങളിൽ നിന്നും ദൈവദാസീദാസന്മാർ ബോസ്റ്റൺ പ്രയർലൈൻ. ഇതിപ്പോൾ ആറു ഭാഷകളിലായി നടത്തപ്പെടുന്നു.ബോസ്റ്റൺ കമ്മ്യൂണിറ്റി പ്രെയർ ഫെലോഷിപ്പ് എന്ന പേരിൽ ഒരു നോൺ പ്രോഫിറ്റ് ഓർഗ്ഗനൈസേഷനായാണ് ഈ സംഘടന പ്രവർത്തിച്ച് വരുന്നത്.

പാസ്റ്റർ ജോസഫ് സൈമൺ എന്ന ദൈവഭൃത്യന്റെ ആത്മീയ നേതൃത്വത്തിൽ സിസ്റ്റർ സൂസൻജോർജും ഭർത്താവ് ഡോ. ഡാനിയേൽ രാജനും ഈ മിനിസ്ട്രിക്ക് ചുക്കാൻ പിടിക്കുന്നു.

ചുരുക്കം ചില വ്യക്തികളുമായി തുടങ്ങിയ ഈ മിനിസ്ട്രിയിൽ ഇന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ഐക്യതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒട്ടനവധി പേർ ഇവരോടൊപ്പം പ്രവർത്തിച്ച് വരുന്നു.

ഈ അന്ത്യകാലത്ത് എല്ലാവരും ദൈവവചനം കേൾക്കണമെന്നും വചനത്തിലൂടേയും പ്രാർത്ഥനയിലൂടേയും വിമോചിതരാകണണെന്നും ആഗ്രഹിച്ച് നടത്തപ്പെടുന്ന ഒരു ശുശ്രൂഷയാണിത്.



ഡോ. ഡാനിയേൽ രാജനും സിസ്റ്റർ സൂസൻജോർജും

(ശേഷം പേജ്-12 )

## പ്രാർത്ഥനാ നിറവിൽ, പിതാക്കന്മാരുടെ ശൈലിയിൽ 10 – ാമത് ബോസ്റ്റൺ പ്രെയർലൈൻ കോൺഫ്രൻസിന് വേദിയൊരുങ്ങുന്നു

അമേരിക്കയിലെ ബോസ്റ്റൺ പ്രെയർ ലൈനിന്റെ 10-ാമത് കോൺഫ്രൻസ് പതിവ് പോലെ ബോസ്റ്റൺ ഇന്റർനാഷണൽ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് ഈ വർഷം മേയ് 24-27വരെ നടക്കുന്നു. ഏകദേശം 600 ൽ അധികം പേർ ഈ റിപ്പോർട്ട് തയാറാക്കുമ്പോൾ തന്നെ രജിസ്റ്റർ ചെയ്ത് കഴിഞ്ഞു. മുൻ വർഷങ്ങളെക്കാൾ അധികം പേർ ഈ വർഷം ഈ കോൺഫ്രൻസിൽ പങ്കെടുക്കുമെന്നാണ് കരുതുന്നത്. പ്രമോഷണൽ മീറ്റിംഗുകളോ അമിത പരസ്യങ്ങളോ രജിസ്ട്രേഷൻ ഫീസോ സ്ത്രോത്ര കാഴ്ചയോ കൂടാതെ നടത്തപ്പെടുന്ന ഈ കോൺഫ്രൻസിൽ ഉദാരമതികളായ ദൈവജനത്തിന്റെ സംഭാവനകൾ സ്വീകരിക്കുന്നു. കുറഞ്ഞ നിരക്കിൽ താമസ സൗകര്യങ്ങളും യാത്രാ സൗകര്യങ്ങളും ക്രമീകരിക്കുന്നു. സൗജന്യമായി തന്നെ നാലു ദിവസവും ഭക്ഷണക്രമീകരണങ്ങളും ഒരുക്കുന്നു. സ്റ്റാളുകളോ ,ബിസിനസ് മീറ്റിംഗുകളോ കോൺഫ്രൻസിനോടനുബന്ധിച്ച് ഇല്ല. അതുകൊണ്ട് തന്നെ കൂടുതൽ സമയവും പ്രാർത്ഥനയ്ക്കും വചനധ്യാനത്തിനുമായി വേർതിരിക്കുകയാണ്.അഭിഷിക്തരായ ദൈവദാസന്മാർ പല രാജ്യങ്ങളിൽ നിന്നും പ്രഭാഷകരായി ഈ കോൺഫ്രൻസിൽ എത്തിച്ചേരുന്നു. അതു കൂടാതെ പ്രെയർലൈനിൽ മെസേജ് നൽകുന്ന ദൈവദാസരും പങ്കെടുക്കും. മുതിർന്നവർക്കും യുവജനങ്ങൾക്കും കുട്ടികൾക്കും ഒരേ സമയം മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകമായി മീറ്റിംഗുകൾ ക്രമീകരിച്ചിട്ടുണ്ട്. കാത്തിരിപ്പുയോഗങ്ങളും ക്രമീകരിക്കുന്നു. പ്രെയർ ലൈനിലൂടെ എല്ലാ ആഴ്ചയിലും പഠിപ്പിക്കുന്ന വേദവാക്യങ്ങൾ ഒരുമിച്ച് കോൺഫ്രൻസിൽ അവതരിപ്പിക്കാനും എഴുതുവാനും അവസരമൊരുക്കുന്നു. വിജയികൾക്ക് ട്രോഫികളും സമ്മാനിക്കും. കോൺഫ്രൻസിൽ വച്ച് സ്നാനപ്പെടുവാൻ ആഗ്രഹിക്കുന്നവർക്കായി പാസ്റ്റർ ജോസഫ് സൈമന്റെ നേതൃത്വത്തിൽ സ്നാനശുശ്രൂഷയും നടക്കും.




ടെലഫോൺ ലൈനിലൂടെ തന്നെ ദൈവവചനവും സംസാരിക്കുന്നു. 40 ൽ അധികം ലീഡേഴ്സ് പല സമയങ്ങളിലായി ഓരോ സെക്ഷനും ലീഡ് ചെയ്യുന്നു. പ്രാർത്ഥനാ പങ്കാളികളുടെ ആത്മീയ അഭിവൃദ്ധിക്കും ഐക്യ കൂട്ടായ്മയ്ക്കുമായി എല്ലാ വർഷവും കോൺഫ്രൻസുകളും ക്രമീകരിച്ച് വരുന്നു.

സോഫ്ട്വെയർ എഞ്ചിനിയറായ സൂസൻ ജോർജ് എന്ന സഹോദരിക്ക് ദൈവം നൽകിയ ദർശനമാണ്

തയാറാക്കിയത്
**അന്നമ്മ ഡാനിയേൽ**
ന്യൂയോർക്ക്



# TO TEACH YOUR CHILDREN WELL, LET GOD TEACH YOU



## "THE WAY TO AN "EASY" LIFE"


**Pastor K. V. Kuruvilla, Chicago**

JESUS THE BIBLE TEACHER:- And he said unto them, These are the words which I spake unto you, while I was yet with you, that all things must be fulfilled, which were written in the law of Moses, and in the prophets, and in the psalms, concerning me. Then opened he their understanding, that they might understand the scriptures (Luke 24:44-45). On the day of His resurrection, the Lord Jesus had given a wonderful session of Bible teaching to two of His followers on the road to Emmaus. Beginning at Moses and all the prophets, he expounded unto them in all the scriptures the things concerning himself (Luke 24:27). Later that same evening, Jesus appeared to the eleven apostles and the other disciples, probably in the upper room, and gave a similar study to all of them together, as summarized in our text above. We can learn much from our Master Teacher concerning how he also should teach the Bible, for it was He, through the Spirit of Christ (I Peter 1:11), who in effect wrote the Bible in the first place. Note in both cases, for example, that the whole Bible speaks of Christ in prophecy, or type, or in other ways. Note also that He began with the writings of Moses, which means first of all the account of creation and primeval history which is the foundation of all the rest. It is evident, too, that He regarded all the scriptures to be of divine authority, which must be fulfilled, either at His first coming or His second coming. He believed implicitly in plenary inspiration of the Bible, as well as the miracle of fulfilled prophecy.

In Matthew 4:23 we read: And Jesus went about all Galilee, TEACHING in their synagogues, and PREACHING the gospel of the kingdom, and HEALING all manner of sickness and all manner of disease among the people. In this Scripture, the Holy Spirit brings out the method of presenting the Gospel, "TEACHING, PREACHING, and HEALING." He has not changed that method until now, despite the fact, that most Christian Denominations, so-called, little "teach" or "preach" the Gospel anymore! There are even less who believe in "healing," claiming that such is not for today, etc. Someone has said that "Preaching" calls attention to Truth, while "Teaching" explains it. Jesus was recognized in His society as a Teacher, and the New Testament shows He was often addressed as "Teacher." As other teachers in that day in Judea, Jesus' teaching focused on shaping the hearers' perception of God and God's Kingdom, and thus it dealt with the implications of a personal relationship with God. In John's Gospel, much of Jesus' public instruction focused on Himself and His Own place as Son of God. Teaching situations with Christ are varied and complex. He taught great crowds in Synagogues, on a mountain or a boat anchored by the seashore. As well, He dialogued. As well, as explained above, Christ maintained an intimate teaching Ministry with His Disciples. He answered their questions about a day's events and questioned them in turn. If you listen today, you may hear His still, small voice calling you from whatever you are doing to make Him the major focus of your life and, in particular of your day. Let God's word be the final measure. Apply yourself wholly to the Bible, apply the Bible wholly to yourself.

# ഞായറാഴ്ച തൊഴിൽ രഹിത ദിനമാക്കി പോളണ്ടിൽ പുതിയ നിയമം

**വാഴ്സോ:** ഞായറാഴ്ച തൊഴിൽ രഹിതവും വ്യാപാര രഹിതവുമാക്കണമെന്ന നിയമം പോളണ്ടിൽ പ്രാബല്യത്തിൽ വന്നു. ഞായറാഴ്ചയുടെ പ്രാധാന്യം മനസിലാക്കുന്നതിനും കുടുംബങ്ങളിൽ പരസ്പരം ഒത്ത് ചേരലിനും പുതിയ നിയമം വഴിവെക്കുമെന്നാണ് കരുതുന്നത്. മാർച്ച് 11ന് ആണ് നിയമം പ്രാബല്യത്തിൽ വന്നത്.



നിയമം പ്രാബല്യത്തിലായതിനെ തുടർന്ന് മാർച്ച് 11ന് വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞപ്പോൾ

കമ്മ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ ഞെരിഞ്ഞമർന്നിരുന്ന പോളണ്ടിൽ ഞായറാഴ്ചയും പ്രവർത്തി ദിനമായിരുന്നു. എന്നാൽ കമ്മ്യൂണിസം രാജ്യത്ത് തകർന്നെങ്കിലും 1990 മുതൽ സ്വതന്ത്ര കച്ചവടനിയമങ്ങൾ രാജ്യത്ത് നിലവിൽ വന്നു. എല്ലാ ദിവസവും വ്യാപാരം ചെയ്യുന്നതിനും സ്വതന്ത്രമായ വ്യാപാര രീതികൾ മെച്ചപ്പെടുത്തുന്നതിനും അതുവഴി രാജ്യത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമായിരുന്നു ഇത്തരം നിയമങ്ങൾ ചമെച്ചത്. അതിന് ശേഷം ഇതാദ്യമായാണ് മാർച്ച് 11ന് ഞായറാഴ്ച രാജ്യത്ത് വ്യാപാര സ്ഥാപനങ്ങളെല്ലാം അടഞ്ഞ് കിടക്കുന്നത്. പോളണ്ടിലെ മുഴുവൻ കമ്പോളങ്ങളും ഞായറാഴ്ച അടഞ്ഞ് കിടന്നു. മൂന്ന് ഘട്ടങ്ങളായാണ് ഈ നിയമം രാജ്യത്ത് പ്രാബല്യത്തിൽ വരുത്തുക. ഈ വർഷം മാസത്തിൽ രണ്ട് ഞായറാഴ്ചകളും 2019 ൽ മാസത്തിൽ 3 ഞായറാഴ്ചകളും 2020 ൽ മാസത്തിലെ എല്ലാ ഞായറാഴ്ചകളും തൊഴിൽ രഹിതമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തുടർച്ചയായി ജോലി ചെയ്ത് ക്ഷീണിക്കുന്ന തൊഴിലാളികൾക്ക് ഇതൊരു അനുഗ്രഹമായി മാറുമെന്ന് ഇതിനെ അനുകൂലിക്കുന്നവർ അഭിപ്രായപ്പെടുമ്പോൾ, ഞായറാഴ്ച ദൈവീക കൂട്ടായ്മയ്ക്കുള്ള ദൈവം തുറന്ന അവസരമായി വിശ്വാസികൾ കാണണമെന്ന് സഭാ വൃത്തങ്ങൾ ആഹ്വാനം ചെയ്യുന്നു. നിയമത്തെ രാജ്യത്തെ കത്തോലിക്കാ-പ്രൊട്ടസ്റ്റന്റ് സമൂഹങ്ങൾ ഹൃദ്യമായി സ്വാഗതം ചെയ്തു. പുതിയ നിയമം പ്രാബല്യത്തിലാക്കിയതോടെ ക്രിസ്തുവിൽ നിന്നകലുന്ന യൂറോപ്യൻ രാഷ്ട്രങ്ങൾക്ക് മുന്നിൽ പോളണ്ട് വലിയോരു മാതൃകയായിരിക്കുകയാണ്. യൂറോപ്യൻ യൂണിയനെ ക്രിസ്തുദർശനത്തിലേക്ക് മടക്കി കൊണ്ട് വരികയെന്നതാണ് തന്റെ വലിയ സ്വപ്നമെന്ന് പോളണ്ടിന്റെ പ്രധാന മന്ത്രിയായ മാറ്റ്യൂസ് മൊറാവിക്കി നേരത്തെ വ്യക്തമാക്കിയിരുന്നു.

# യുഎസിൽ

...പേജ് 16 ൽ നിന്ന് തുടർച്ച

ദിവസത്തിനുള്ളിൽ കാർ കണ്ടെത്തുകയും കെവീൻ മൂൺ ,ലെസ്റ്റർ കിർണി എന്നീ അക്രമികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. പാസ്റ്റർ ജോൺ അൽഫോഡ് ബ്രോഡ്മക്സിലെ സാൻഫോർഡ് മെമ്മോറിയൽ ബാപ്റ്റിസ്റ്റ് ചർച്ചിന്റെ പാസ്റ്ററായിരുന്നു. 76 കാരിയായ നാൻസി ഭർത്താവിനൊപ്പം സഭാ ദൗത്യങ്ങളിൽ സജീവ പങ്കാളിയായിരുന്നു. സഭയടെ പ്രധാന സണ്ടേസ്കൂൾ അദ്ധ്യാപികയുമായിരുന്നു. തങ്ങളുടെ പ്രീയപ്പെട്ട നാൻസി ആന്റിയുടെ ദാരുണമായ വേർപാടിൽ അതീവ ദുഖത്തിലും വേദനയിലുമാണ് സഭാംഗങ്ങൾ. പാസ്റ്റർ സൗഖ്യം പ്രാപിച്ച് വരുന്നു. പണത്തിന് വേണ്ടിയുള്ള മോഷ്ടാക്കളുടേയും കൊള്ളക്കാരുടേയും ആക്രമണങ്ങൾ അമേരിക്കയിൽ സാധാരണമാണെങ്കിലും ഒരു ക്രിസ്തീയ ശുശ്രൂഷകനും കുടുബവും ഇത്ര ദാരുണമായ നിലയിൽ ആക്രമിക്കപ്പെട്ടതിൽ വിശ്വാസി സമൂഹവും ആശങ്കയിലാണ്.




**കൊള്ളക്കാരുടെ ആക്രമണത്തിൽ ഗുരുതരമായി പരുക്കേറ്റ പാസ്റ്റർ ജോൺ അൽഫോഡ്**

# മറയ്ക്കാനാവുമോ...

പേജ് 9 ൽ നിന്ന്

ന്തരമായ ഗവേഷണങ്ങളിൽ ഈ കല്ലറ ഒന്നാം നൂറ്റാണ്ടിലെ യെഹൂദാ കല്ലറയാണെന്നും യേശുവിന്റെ ശരീരം മാത്രമേ ഇവിടെ അടക്കിയിട്ടുള്ളുവെന്നും കണ്ടെത്തി. ക്രിസ്ത്യാനിത്വത്തിന്റെ പ്രതീകവും ഒന്നാം നൂറ്റാണ്ടിലേതുമായ കുരിശിന്റെ ചിത്രങ്ങളും മത്സ്യചിത്രങ്ങളും മറ്റു ക്രിസ്തീയ പ്രതീകങ്ങളും ഈ യെഹൂദാ കല്ലറയിൽ കൊത്തിയിരിക്കുന്നതായി കണ്ടെത്തിയതോടെ ഒന്നാം നൂറ്റാണ്ടിലെ ക്രൈസ്തവർ ഈ കല്ലറയെ പാവനമായി കണ്ടിരുന്നുയെന്ന് മനസിലാക്കി. പക്ഷേ പിന്നീട് എങ്ങനെയാണ് ഈ കല്ലറ മറഞ്ഞ്പോയത് എന്ന് നിരീക്ഷിച്ചപ്പോഴാണ് ക്രിസ്ത്യാനിത്വത്തെ ഇല്ലാതാക്കാനുള്ള ശ്രമമായിരുന്നു അതിന്റെ പിന്നിലെന്ന് മനസിലാക്കിയത്.



**യേശുവിന്റെ കല്ലറയുടെ ഉൾഭാഗം**

ശത്രുക്കളുടെ ആക്രമണത്തിന് പലവട്ടം വിധേയമായ സ്ഥലമായിരുന്നു ഇത്. യേശുവിൻരെ ക്രൂശീകരണവും കല്ലറയെക്കുറിച്ചുള്ള ഓർമ്മ പോലും ചരിത്രത്തിൽ നിന്ന് തുടച്ച് നീക്കാൻ ക്രിസ്തീയ വിരോധികൾ ശക്തമായി ശ്രമിക്കുകയായിരുന്നു. ക്രൈസ്തവർ ഇവിടം പാവനമായി കാണുന്നുയെന്ന് മനസിലാക്കിയതോടെ ഇവിടം മുഴുവൻ മണ്ണിട്ട് നികത്തുകയുമായിരുന്നു. യേശുവിന്റെ ക്രൂശീകരണവും അടക്കവും സംബന്ധിച്ച ചരിത്ര വസ്തുകൾ എല്ലാം ഈ പ്രദേശത്തോടുള്ള ബന്ധത്തിൽ യോജിക്കുകയാണ്. തോട്ടത്തിൽ നിന്ന് മുന്തിരിച്ചക്കിന്റെ അവശിഷ്ടങ്ങളും കണ്ടെടുത്തിട്ടുണ്ട്.

'അവനെ ക്രൂശിച്ച സ്ഥലത്ത് ഒരു തോട്ടവും ആ തോട്ടത്തിൽ മുമ്പ് ആരേയും വെച്ചിട്ടില്ലാത്ത കല്ലറയും ഉണ്ടായിരുന്നു" എന്ന് യോഹന്നാനും (19;41) സാക്ഷ്യപ്പെടുത്തുന്നു. ഇന്ന് ഇവിടേക്ക് ലോകമെങ്ങു നിന്നും ജനലക്ഷങ്ങളുടെ ഒഴുക്കാണ്. തങ്ങളുടെ രക്ഷകന്റെ മരണത്തിന്റെയും അതിനെ അതിജീവിച്ച പുനരുത്ഥാനത്തിന്റെയും ഓർമ്മകളുടെ ഉറവിടം തേടി....ക്രൈസ്തവർ തുലോം ചുരുക്കമായിരുന്ന കാലഘട്ടത്തിൽ തന്നെ ക്രിസ്ത്യാനിത്വത്തെ തുടച്ച് നീക്കാൻ ശ്രമം നടന്നുവെങ്കിലും ഇന്ന് ലോകത്തിൽ ഏറ്റവും അധികം ജനങ്ങൾ പിന്തുടരുന്ന മാർഗ്ഗം കല്ലറയെ അതിജീവിച്ച ക്രിസ്തുവിന്റെ മാർഗ്ഗമാണെന്നത് ഒരു സത്യത്തേയും എക്കാലവും മറച്ച് വയ്ക്കുവാൻ ലോകശക്തിയ്ക്ക് കഴിയില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്......

*ജെറുസലേം ദേവാലയ സ്ഥാനത്തിന്റെ വടക്ക് ഭാഗത്തായി ഇന്നും തലയുയർത്തി നിൽക്കുന്നു ഗോൽഗോഥാ...മുന്നിലൂടെ കടന്ന് പോകുന്നവരെ നോക്കി; നിങ്ങൾക്കിത് ഏതുമില്ലയോ ? എന്ന ആ പഴയ ചോദ്യവും ആവർത്തിച്ച് കൊണ്ട്.... അപ്പോഴും അവിടെ നിന്ന് കേവലം 330 അടി താഴത്തായി മാത്രം ഇപ്പോഴും തുറന്ന് കിടക്കുന്നു 'അവനിവിടെയില്ല; അവൻ ഉയിർത്തെഴുന്നേറ്റു ' എന്ന മഹാ സത്യത്തെ വിളിച്ചോതി ആ മഹത്തായ കല്ലറ...!!! മരണത്തിനും കല്ലറയ്ക്കും ഒതുക്കിവയ്ക്കാൻ കഴിയാത്ത മഹാസത്യത്തെ കേവലം മണ്ണിട്ട് എത്രനാൾ മറെച്ച് വയ്ക്കും?*

*ഇല്ല; ആർക്കുമതിനായില്ല, കാലം ആ മഹാസത്യത്തെ പുറത്ത് കൊ് വരിക തന്നെ ചെയ്തു. കല്ലറയെ ഭേദിച്ച കർത്താവ് ഇന്നും ജീവിക്കുന്നു; എനിക്കായി, നിങ്ങൾക്കായി...നമുക്കായി....*

**മാറാനാഥാ.**

## ഇത്രത്തോളം യഹോവ സഹായിച്ചു...



**50 വർഷം ക്രിസ്തുവിൽ ധന്യമായി കുടുംബജീവിതം പൂർത്തീകരിച്ച ഷിക്കാഗോ, ബ്രദ. തോമസ് കുര്യനും സഹധർമ്മിണി ശോശാമ്മയും. മാറാനാഥാ വോയ്സിന്റെ പ്രാർത്ഥനാശംസകൾ**

## ബോസ്റ്റൺ പ്രെയർ ലൈൻ

പേജ്–11 ൽ നിന്ന്

**എന്താണ് ഈ മിനിസ്ട്രിയുടെ പ്രത്യേകത?**
യാത്രാ സൗകര്യമില്ലാത്തവർ, ആരാധനയ്ക്ക് സ്വാതന്ത്ര്യം ഇല്ലാത്തവർ, വാർദ്ധക്യമായവർ, രോഗികൾ അങ്ങനെ എല്ലാവർക്കും ഒരു പോലെ ഭവനത്തിൽ ഇരുന്ന് വചനം കേൾക്കുവാനും പ്രാർത്ഥിക്കുവാനും കഴിയുന്നു.

അതുപോലെ പ്രെയർലൈൻ ബന്ധിപ്പിക്കുന്ന പ്രാർത്ഥനാചങ്ങലയിലൂടെ അനവധി രോഗികൾ സൗഖ്യമാകുന്നുയെന്ന അവരുടെ സാക്ഷ്യവും വലിയൊരു പ്രചോദനമാണ്. വളരെ നിസ്സഹായാവസ്ഥകളിലൂടെ കടന്ന് പോകുന്നവർക്ക് കൈത്താങ്ങൽ നൽകുകയും ഇക്കാര്യങ്ങൾക്കായി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിലും ഈ പ്രെയർലൈൻ മുൻപന്തിയിലാണ്.

ഈ ആത്മീയ ദൗത്യം വലിയൊരു ഉത്തരവാദിത്വമാണ്. അനേകർക്ക് ഇനിയും ഇത് അനുഗ്രഹവും വിടുതലുമായി തീരാൻ ദൈവജനത്തിന്റെ പ്രാർത്ഥനാ പിന്തുണയാണ് ഏറ്റവും അത്യാവശ്യമായിരിക്കുന്നത്.

## പാ. ടി.ജി ഉമ്മൻ...

പേജ്– 6 ൽ നിന്ന്

ഞാൻ 8 ഇടങ്ങഴി അരിയും മുളകും മല്ലിയും മറ്റ് പലചരക്ക് സാധനങ്ങളും പിന്നെ മീനും കൂടെ വാങ്ങിയ ശേഷം വീട്ടിൽ വന്നു സംഭവിച്ചതെല്ലാം ഭാര്യയോടും പറഞ്ഞ് ഞങ്ങൾ ദൈവത്തെ സ്തുതിച്ചു.

ചില ദിവസങ്ങൾ കഴിഞ്ഞ് ഒരാൾ ഒരു പ്രസവിക്കാത്ത പശുവിനെ 12 രൂപ വിലയിട്ട് കൊണ്ടുവന്നിട്ട് നിനക്ക് പണമുണ്ടാകുമ്പോൾ തന്നാൽ മതി എന്ന് പറഞ്ഞു നിർബന്ധിച്ച് എന്നെ ഏൽപ്പിച്ചു. എനിക്കതിൽ താത്പ്പര്യമില്ലായിരുന്നുവെങ്കിലും അത് ദൈവത്താൽ സംഭവിച്ചതാണെന്ന് പിന്നീട് എനിക്ക് മനസിലായി. കാരണം ആ പശു പിന്നീട് ചനയേറ്റു പ്രസവിച്ചു. രണ്ടര ലിറ്റർ പാൽ തുടക്കത്തിലെ ലഭിക്കാൻ തുടങ്ങി. ദൈവം ഓരോ ദിവസവും ആ നന്മയിലൂടെ ഞങ്ങളെ അനുഗ്രഹിപ്പാൻ ആരംഭിച്ചു. ആയതിനാലാണ് സഹോദരിസഹോദരന്മാരെ കൂട്ടി ഇങ്ങനെയൊരു യോഗം നടത്തണമെന്നും നല്ല ആഹാരം കൊടുക്കണമെന്നും അച്ചായനേയും കൊച്ചമ്മയേയും വിളിച്ച് ഇങ്ങനെയൊരു സുവിശേഷ യോഗം നടത്തണമെന്നും ഞങ്ങൾ തീരുമാനിച്ചത്......' ഇത് കേട്ടപ്പോൾ ഞങ്ങളുടെ കണ്ണുകളും ഈറനണിഞ്ഞു, കർത്താവ് തന്റെ മക്കളെ കരുതുന്നതും നടത്തുന്നതുമായ വഴികൾ എത്ര അഗോചരമായതെന്ന് ചിന്തിച്ച് ദൈവത്തെ മഹത്വപ്പെടുത്തി...'

വീട്ടിൽ ആഹാരത്തിന് ബുദ്ധിമുട്ടുമ്പോഴും വിശന്ന് വരുന്ന ദൈവദാസനെ സഹായിക്കണമെന്ന് തോന്നിയ മത്തായിച്ചന്റെ ദൈവസ്നേഹം തുളുമ്പിയ മനസ് ഇന്ന് എത്ര വിശ്വാസികൾക്ക് ഉണ്ടാകും? വിശന്ന് വലഞ്ഞ ദൈവദാസന് ഭക്ഷണം നൽകിയത് നിമിത്തം കാപ്പിക്കടക്കാരന്റെ അപമാനവാക്കുകൾക്ക് ഇരയാകും മുമ്പെ തന്റെ ഭക്തന് മുമ്പിൽ പണവുമായി ശത്രുവിനെ പോലും മിത്രമായി തത്സമയത്ത് അയച്ച ദൈവത്തിന്റെ കരുതൽ ഇന്ന് നമ്മിലെത്ര പേർക്ക് അനുഭവിച്ചറിയാനാകുന്നു..? ഇല്ലായ്മയിൽ നിന്ന് ഉള്ളത് മുഴുവനും തന്റെ ഭൃത്യന് വേണ്ടി കൊടുത്തപ്പോൾ മത്തായിച്ചന്റെ കുടുംബത്തിനും സുഭിക്ഷമായ ഭക്ഷണം ദൈവം ഒരുക്കിക്കൊടുക്കുന്നത് എത്ര അത്ഭുതകരമായിട്ടാണ്...! അത് മാത്രമോ, പ്രസവിക്കാത്ത പശുവിനെ കൊടുത്ത് കബളിപ്പിക്കാൻ ശ്രമിക്കുമ്പോഴും തന്റെ ഭക്തന് ദൈവം അത് നന്മയാക്കി തീർക്കുന്നു. അതിലൂടെ ദൈവം അനുഗ്രഹത്തിന്റെ വഴി തുറന്നു കൊടുക്കുന്നു.... ഹോ.... നമ്മുടെ ദൈവം എത്ര വിശ്വസ്ഥൻ.

ആധുനിക വിശ്വാസികളിൽ ചിലർക്കെങ്കിലും ഒന്നര ചക്രത്തിന്റെ കഥ തമാശയായി തോന്നിയേക്കാം. പക്ഷേ ദൈവത്തിന്റെ കരുണയിലും കരുതലിലും ആഴമായി വിശ്വസിക്കുന്നവർക്ക് ഇത് സമൃദ്ധമായ ആത്മീയ ഭോജനമാണ്.

(പാ. ടി.ജി ഉമ്മന്റെ ആത്മകഥയിൽ നിന്ന്...)

## യിസ്രായേലിന്റെ

...പേജ് 3 ൽ നിന്ന് തുടർച്ച

ഡൊണാൾഡ് ട്രമ്പും തയാറായതും യിസ്രായേലിന് വലിയ പ്രതീക്ഷയാണ് പകർന്നത് .

ട്രമ്പിന്റെ ഈ ധീരമായ നടപടിയിൽ യിസ്രായേൽ ഒന്നടങ്കം ആഹ്ളാദിക്കുകയും യിസ്രായേലിലെങ്ങും ട്രമ്പിന്റെ ഫോട്ടോ വച്ച് ആദരിക്കുകയും ചെയ്തിരുന്നു. മാത്രമല്ല, ജെറുസലേമിലെ പുതിയ റെയിൽവേ സ്റ്റേഷന് ട്രമ്പിന്റെ പേര് നൽകി അദേഹത്തെ ബഹുമാനിക്കാനും യിസ്രായേല്യർ മറന്നില്ല.

യിസ്രായേലിലെ ഒരു മന്ത്രി ട്രമ്പിനെ കോരെശ് രാജാവിനോട് സാദൃശ്യപ്പെടുത്തി സംസാരിച്ചതു മാധ്യമ ശ്രദ്ധ നേടിയിരുന്നു. മൂന്നാം ജെറുസലേം ദേവാലയം പണിയുവാൻ ട്രമ്പിന്റെ സഹായം ഉാകുമെന്ന് പ്രതിക്ഷിക്കുന്നതായി യിസ്രായേലും പ്രതികരിച്ചിരുന്നു.

ഇതിന്റെ തുടർച്ചയെന്നൊണമാണ് ഇപ്പോൾ പുതുതായി പുറത്തിറക്കിയിരിക്കുന്ന അര ശേക്കെൽ നാണയം. ഇതിൽ ട്രമ്പിന്റെ ചിത്രവും




പേരും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതിന് പിന്നിൽ വലിയ ലക്ഷ്യങ്ങളുന്നെും ആഗോള രാഷ്ട്രീയ നിരീക്ഷകർ നിരീക്ഷിക്കുന്നു.

## ക്രൈസ്തവ സംഘടനകളുൾപ്പെടെ..

പേജ് 14 ൽ നിന്ന് തുടർച്ച

വരികയായിരുന്നു വേൾഡ് വിഷൻ. രാജ്യത്തെ കുട്ടികൾക്ക് വേി ഭക്ഷണ ,ആരോഗ്യ, വിദ്യാഭ്യാസ ചികിത്സാ, പുനരധിവാസ തലങ്ങളിൽ വളരെ കാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞതായും എന്നാൽ സർക്കാരിന്റെ നിരോധന ഉത്തരവ് തങ്ങളെ ഞെട്ടിച്ചിരിക്കുകയാണെന്നും രാജ്യത്തെ വേൾഡ് വിഷന്റെ വക്താവ് പ്രതികരിച്ചു. ഇതര വികസ്വര രാജ്യങ്ങളിൽ സാമൂഹ്യ–ജീവകാരുണ്യ രംഗത്ത് പ്രവർത്തിക്കുന്ന വേൾഡ് വിഷൻ നിർദ്ധനരായ കുട്ടികൾക്കും സ്ത്രീകൾക്കും വയോജനങ്ങൾക്കും ഏറെ ആശ്വാസകരമായാണ് പ്രവർത്തിച്ച് വരുന്നത്. സാമൂഹ്യ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാരുകളുമായി ചേർന്ന് ഗ്രാമോദ്ധാരണ പ്രവർത്തനങ്ങളിലാണ് സംഘടന ഫലകരമായി പ്രവർത്തിച്ച് വരുന്നത്. ഇതോടൊപ്പം പാക്കിസ്ഥാന്റെ ഇതര മേഘലകളിൽ ഒട്ടനവധി ദുരിതാശ്വാസ പ്രക്രീയകളിൽ ഏർപ്പെട്ടിരുന്ന സംഘടനകളെയാണ് ആഭ്യന്തര മന്ത്രാലയം നിരോധിച്ചത്. ഇത് രാജ്യത്തെ സാധാരണക്കാരെ ഏറെ ക്ലേശങ്ങളിലാഴ്ത്തുമെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

## യൂറോപ്പിൽ..

പേജ് 14 ൽ നിന്ന് തുടർച്ച

ഇല്ലാതാക്കുമെന്ന് റിച്ചാർഡ് ഹോക്കിൻസും സമ്മതിക്കുകയാണ് തന്റെ ട്വീറ്റർ കുറിപ്പിലൂടെ.....യൂറോപ്പിലുയർന്ന ഇസ്ളാം മത അധിനിവേശത്തിനെതിരെ ഹംഗേറിയൻ, പോള്ട് പ്രധാനമന്ത്രിമാർ അടക്കം ഇതര രാഷ്ട്ര നേതാക്കളും റഷ്യൻ പാത്രിയർക്കീസ് അടക്കം ഇതര ക്രൈസ്തവ മത നേതാക്കളും മുന്നറിയിപ്പ് നൽകി കഴിഞ്ഞു.

## വീര്യത്തോടു പരിജ്ഞാനം

...പേജ് 5 ൽ നിന്ന് തുടർച്ച

ക്കാൾ അധികം വഷളായി പോയി. തങ്ങൾക്ക് ഏൽപ്പിച്ച് കിട്ടിയ വിശുദ്ധ കൽപ്പനയെ നീതിയുടെ വഴി അറിഞ്ഞ ശേഷം വിട്ട് കളയുന്നതിനേക്കാൾ അത് അറിയാതിരിക്കുന്നത് അവർക്ക് നന്നായിരുന്നു. എന്നാൽ സ്വന്ത ചർദ്ദിക്ക് തിരിഞ്ഞ നായെന്നും കുളിച്ചിട്ട് ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നുമുള്ള സത്യമായ പഴഞ്ചൊല്ലു പോലെ അവർക്ക് സംഭവിച്ചു (2പത്രോസ് 2:20–22).

അപ്പോസ്തലനായ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക; "എന്റെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതമെന്നെണ്ണുന്നു" പൗലോസിന്റെ ഏകലക്ഷ്യം യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് സമ്പാദിക്കുകയെന്നുള്ളതായിരുന്നു. അതിന് കൊടുക്കേണ്ട വില താൻ കൊടുത്തതിനാൽ ലോകത്തിൽ മറ്റാരെക്കാളും അധികം ദൈവത്തെക്കുറിച്ചും ദൈവപുത്രനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചുമുള്ള പരിജ്ഞാനം താൻ പ്രാപിച്ചു. ക്രിസ്തുവിന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവിടുത്തെ പുനരുത്ഥാനത്തിന്റെ ശക്തിയേയും കഷ്ടാനുഭവത്തിന്റെ കൂട്ടായ്മയേയും അനുഭവിച്ചറിയേണ്ടതിന് ക്രിസ്തു നിമിത്തം എല്ലാം ചപ്പുചവറായി എണ്ണി. ഒരുവൻ വിലയേറിയ വിശ്വാസത്തിന്റെ ഉടമയായി തീരേണമെങ്കിൽ പൗലോസ് യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ അളവ് പ്രാപിച്ചത് പോലെ പ്രാപിക്കേണ്ടതാകുന്നു.

ഇന്നത്തെ ലോകത്തിൽ 3 തരത്തിലുള്ള വിശ്വാസികളാണുള്ളത്. ക്രിസ്തുവിനെ നേടുന്നതിന് വേണ്ടി എല്ലാം ചേതമെന്ന് എണ്ണുന്നവർ, മറ്റുള്ളവരെ ക്രിസ്തുവിന് വേണ്ടി നേടേണ്ടതിന് പ്രാണനെ പോലും വിലയേറിയതായി എണ്ണാത്തവർ, ക്രിസ്തുവിനെക്കൊണ്ട് ഭൗതിക നേട്ടം കൊയ്യുന്നവർ. 90 ശതമാനം പേരും

> ദൈവം പ്രതിഫലം കൊടുക്കുമ്പോൾ ക്രിസ്തുവിനെ നേടേണ്ടതിന് നീ എന്തെല്ലാം ത്യജിച്ച് ചവറ്റു കൊട്ടയിലെറിഞ്ഞുവോ ആ ചവറ്റു കൊട്ടയുടെ തൂക്കമാണ് നിനക്ക് പ്രതിഫലം നിശ്ചയിക്കുന്നത്.

ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം ഇല്ലാത്തവരാകയാൽ ക്രിസ്തുവിനെക്കൊണ്ട് ഭൗതിക നേട്ടങ്ങൾ കൊയ്യുവാൻ വെമ്പൽ കൊള്ളുന്ന കാഴ്ച ക്രിസ്തീയ മണ്ഠലത്തിൽ ഈ കാലഘട്ടത്തിൽ കൂടുതലായി കണ്ട് വരുന്നു. ഇവർ ക്രിസ്തുവിനെ അറിയാതെ ഇരിക്കുന്നതായിരുന്നു നല്ലത്. കർത്താവിന്റെ വരവിങ്കൽ ക്രിസ്തുവിനെ അറിയാത്തവരായി എണ്ണപ്പെടുന്നവരുടെ കൂട്ടത്തിൽ ഇവർ ഉണ്ടായിരിക്കും. ക്രിസ്തുവിനെ പരിജ്ഞാനത്തിൽ ധരിക്കുവാൻ കഴിയാത്തത് കൊണ്ട് ദൈവമവരെ ഉചിതമല്ലാത്തത് ചെയ്യാനായി നികൃഷ്ഠ ബുദ്ധിക്ക് ഏൽപ്പിച്ച് കൊടുക്കുന്നു. ഇന്നത്തെ ലോകത്തിന്റെ ശാപവും ഇതു തന്നെയാണ് (റോമ.1: 28–32 വായിക്കുക).

പൗലോസ് അപ്പോസ്തലൻ ക്രിസ്തുവിനെ പരിജ്ഞാനത്തിൽ ധരിച്ചത് പോലെ നാമും ആ മാതൃക പിൻതുടരേണ്ടതാണ്. അദൃശ്യമായ ഒരു ചവറ്റുകൊട്ട അതിനായി തന്റെ പുറകിൽ കെട്ടിയിരുന്നു. ക്രിസ്തുവിനെ പരിജ്ഞാനത്തിൽ ധരിക്കുവാൻ തനിക്ക് ഈ ലോകത്തിൽ കോടീശ്വരനായിരുന്ന തന്റെ പിതാവിന്റ ധനം മുഴുവനും, ഈ ലോകത്തിൽ ലാഭമായി കരുതിയിരുന്ന യെരുശലേം യൂണിവേഴ്സിറ്റിയിലെ ഗമാലിയേലിന്റെ കയ്യിൽ നിന്നും കിട്ടിയ ജ്ഞാനം മുഴുവനും ചവറ്റു കൊട്ടയിലെറിഞ്ഞു. ഇതുകൂടാത യിസ്രായേല്യൻ എന്ന അഭിമാനവും പരീശൻ എന്ന സ്ഥാനവും ബെന്യാമിൻ ഗോത്രക്കാരൻ എന്ന സ്ഥാനവും റോമൻ പൗരത്വം,

കോടിശ്വരന്റെ മകനെന്ന സ്ഥാനവും സമൂഹത്തിലെ മാന്യതയുമെല്ലാം തന്നെ ചവറ്റു കൊട്ടയിലേക്ക് എറിയപ്പെട്ടു.തന്റെ ചവറ്റു കൊട്ട നിറഞ്ഞപ്പോൾ റോമാ കൈസരാൽ കൊല്ലപ്പെട്ട താൻ തന്റെ തല ചവറ്റുകൊട്ടയുടെ മുകളിൽ പേപ്പർ വെയ്റ്റായി അർപ്പിച്ചു. ഈ ചവറ്റുകൊട്ടയെ നോക്കി കൊണ്ട് തന്റെ അകത്തെ മനുഷ്യൻ ഇപ്രകാരം പറഞ്ഞു: 'ക്രിസ്തുവിനെ നേടേണ്ടതിന് ഞാൻ സകലവും ചവറ്റുകൊട്ടയിലെറിഞ്ഞു.എന്റെ തലയും കഴുത്തിൽ നിന്ന് വേർപെടുത്തി. ഈ ചവറ്റുകൊട്ടയുടെ തൂക്കമാണ് യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിനായി കൊടുത്ത വില. പ്രതിഫലം വിഭാഗിക്കുന്ന നാളിൽ ഒരു ത്രാസിന്റ ഒരറ്റത്ത് എന്റെ ചവറ്റുകൊട്ടയും മറുത്രാസിൽ അതിന് പകരമായി എനിക്ക് ലഭിക്കുവാൻ പോകുന്ന തേജസിന്റ നിത്യഘനവും എത്രയെന്ന് താൻ വെളിപ്പെടുത്തുന്നു.

ദൈവം പ്രതിഫലം കൊടുക്കുമ്പോൾ ക്രിസ്തുവിനെ നേടേണ്ടതിന് നീ എന്തെല്ലാം ത്യജിച്ച് ചവറ്റുകൊട്ടയിലെറിഞ്ഞുവോ ആ ചവറ്റുകൊട്ടയുടെ തൂക്കമാണ് നിനക്ക് പ്രതിഫലം നിശ്ചയിക്കുന്നത്. ക്രിസ്തുവിനെക്കൊണ്ട് ഈ ലോകത്തിൽ നേട്ടം കൊയ്തവർ നരകാഗ്നിയിലേക്ക് എറിയപ്പെടുമ്പോൾ ക്രിസ്തുവിനെ നേടേണ്ടതിന് പ്രീയ സ്നേഹിതാ നിന്റെ ചവറ്റുകൊട്ടയിൽ എന്താണുള്ളത്? ക്രിസ്തുവിനെ നേടുക, ക്രിസ്തുവിന് വേണ്ടി നേടുക, ക്രിസ്തുവിനെക്കൊണ്ട് ഭൗതിക നേട്ടങ്ങൾ കൊയ്യാതിരിക്കുക ഇതായിരിക്കട്ടെ നിന്റെ ആപ്തവാക്ക്യം. **തുടരും**







## പുതുമുഖ ഭാരവാഹികളേയും ഉൾപ്പെടുത്തി ഒമാൻ പെന്തക്കോസ്തൽ അസംബ്ലി പുതിയ പ്രവർത്തന വർഷത്തിലേക്ക്



**മസ്ക്കറ്റ്:** ഗൾഫ് മേഘലയിലെ ഏറ്റവും വലിയ പെന്തക്കോസ്തു സഭാ വിഭാഗമായ ഒമാൻ പെന്തക്കോസ്തൽ അസംബ്ലിയുടെ ആനുവൽ ജനറൽ ബോഡി സമാപിച്ചു. മാർച്ച് 16ന് വൈകിട്ട് 6ന് റൂവി ന്യൂ മെയിൻ ഹാളിൽ സഭാദ്ധ്യക്ഷൻ പാസ്റ്റർ കെ.എ ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പുതിയ പ്രവർത്തന വർഷത്തിലേക്കുള്ള ജനറൽ കൗൺസിൽ ഭാരവാഹികളേയും തെരഞ്ഞെടുത്തു.

പ്രസിഡന്റ് സഭാദ്ധ്യക്ഷനായ പാസ്റ്റർ കെ.എ ജോണിനെ കൂടാതെ ജോർജ് കെ സാമുവൽ (സെക്രട്ടറി), സണ്ണി പി.തോമസ് (ജോ. സെക്രട്ടറി), വി.വി വിൽസൻ (ട്രഷറർ), ഏബ്രഹാം പി.ജെ (ജോ.ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. അലക്സ് കെ ജോർജ് ,ജേക്കബ് മാത്യു, അനു ജേക്കബ് , ഫെയ്ത്ത് ഏബ്രഹാം, ജെയിംസ് കെ ഏബ്രഹാം മോൻസി മാമൻ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ. അലക്സാർ പി.എസ്, ഷിജു ചാക്കോ എന്നിവരെ ഓഡിറ്റേഴ്സായും തെരഞ്ഞെടുത്തിട്ട്. സഭയുടെ യൂത്ത് ഫെലോഷിപ്പ് ഭാരവാഹികളായി ജീസൻ ജോർജ് (സെക്രട്ടറി), ജോബി തോമസ് (ട്രഷറർ), ജോമോൻ ജേക്കബ് (മെമ്പർ) എന്നിവരേയും സോദരി സമാജം ഭാരവാഹികളായി ടിന്റു ജോജി (സെക്രട്ടറി), ടെസി ഏബ്രഹാം (ട്രഷറർ), കുഞ്ഞുമോൾ ബിജു, സ്മിത ചെറിയാൻ (അംഗങ്ങൾ)എന്നിവരെയും തെരഞ്ഞെടുത്തു. ഈ മാസത്തെ ആദ്യ വ്യാഴാഴ്ച്ച ഗാലാ ബോഷ് ഹാളിലായിരുന്നു യൂത്ത് ഫെലോഷിപ്പ്.-സോദരി സമാജം എന്നിവയുടെ വാർഷിക മീറ്റിംഗ്. ഒരു വർഷമാണ് മൂന്ന് ഭരണസമിതികളുടെയും കാലാവധി. പ്രവാസി ദേശത്ത് 45 വർഷം പിന്നിടുന്ന ഒമാൻ പെന്തക്കോസ്ത് അസംബ്ലി ഗൾഫ് മേഘലയിലെ ഏറ്റവും വലിയ മലയാളി പെന്തക്കോസ്തു സഭയും ദൈവജനത്തിന്റ ഐകൃതയുടെ പ്രതീകവുമാണ്. ഒമാന്റെ വിവിധ മേഘലകളിൽ ഒപിഎയുടെ ഭാഗമായി 16 പ്രാദേശിക സഭകളും പ്രവർത്തിച്ച് വരുന്നു. കേരളത്തിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുമായി സാമൂഹ്യ-ജീവകാരുണ്യ -സുവിശേഷീകരണ ദൗതൃങ്ങളിലും സഭ സജീവ പങ്ക് വഹിക്കുന്നു.

## ഇന്ത്യക്കാർക്ക് ആശ്വാസം ; തൊഴിൽ വിസയ്ക്ക് സ്വഭാവ സർട്ടിഫിക്കേറ്റ് നിബന്ധന ഒഴിവാക്കി യുഎഇ

**ദുബൈ:** യുഎഇയിൽ പുതിയ തൊഴിൽ വിസ്ക്ക് സ്വന്ത രാജ്യത്ത് നിന്നുള്ള സ്വഭാവ സർട്ടിഫിക്കേറ്റ് അനിവാര്യമാണെന്ന നിബന്ധന ഒഴിവാക്കിയതായി സൂചന. ഔദ്യോഗിക പ്രഖ്യാപനം പുറത്ത് വന്നിട്ടില്ലെങ്കിലും ഇന്ത്യയടക്കമുള്ള 9 രാജ്യങ്ങളിൽ നിന്നുള്ളവർക്ക് സ്വഭാവ സർട്ടിഫിക്കേറ്റ് കൂടാതെ തന്നെ യുഎഇ തൊഴിൽ വിസ അനുവദിച്ച് തുടങ്ങി.

സ്വഭാവ സർട്ടിഫിക്കേറ്റ് സ്കാൻ ചെയ്ത് സമർപ്പിക്കാത്ത വിസ അപേക്ഷകൾ നേരത്തെ നിരസിച്ചിരുന്നു.ഈ വർഷം ആദ്യമാണ് യുഎഇ ഉത്തരവ് പുറത്തിറക്കിയത്. മറ്റേതെങ്കിലും രാജ്യങ്ങളിൽ 5 വർഷത്തിൽ കൂടുതൽ താമസിക്കുകയാണെങ്കിൽ അവിടെ നിന്നുള്ള സർട്ടിഫിക്കേറ്റായിരുന്നു ഹാജരാക്കേത്. ഇതോടെ വിവിധ രാജ്യക്കാർ ബുദ്ധിമുട്ട് ചൂിക്കാട്ടി യുഎഇ മന്ത്രാലയത്തെ സമീപിച്ചിരുന്നതായാണ് റിപ്പോർട്ട്.

ഇതിന് പിന്നാലെയാണ് 9 രാജ്യങ്ങൾക്ക് നിബന്ധനകളിൽ ഇളവ് നൽകിയിരിക്കുന്നത്. ഇന്ത്യയ്ക്ക് പുറമേ ശ്രീലങ്ക, ബംഗ്ലാദേശ്, ഈജിപ്ത്, ടുണീഷ്യ, സെനഗൽ, നൈജീരിയ, കെനിയ, ഇന്തോനേഷ്യ എന്നിവയാണ് ഇളവ് ലഭിക്കപ്പെട്ട മറ്റ് രാജ്യങ്ങൾ.

## പ്രവാസികളുടെ പണത്തിന് നികുതി ചുമത്തണമെന്ന നിർദ്ദേശം കുവൈറ്റ് തള്ളിയേക്കും



**കുവൈറ്റ്:**രാജ്യത്തെ പ്രവാസികൾ നാട്ടിലേക്ക് അയക്കുന്ന പണത്തിന് നികുതി ചുമത്തണമെന്ന നിർദ്ദേശം കുവൈറ്റ് തള്ളിയേക്കുമെന്ന വാർത്ത പുറത്ത് വരുന്നു. ഇത് സംബന്ധിച്ച് നിയമം നടപ്പാക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നാണ് പാർലമെന്റ് നിയമകാര്യ സമിതിയുടെ നിലപാട്. എന്നാൽ കരട് ബില്ലിന് അനുമതി നൽകിയ ധനകാര്യ സമിതി ഭരണഘടനാപരമായി തടസ്സമില്ലെന്ന നിലപാടിൽ ഉറച്ച് നിൽക്കുകയാണ്. പാർലമെൻരിലെ സുപ്രധാന സമിതികൾ ര് തട്ടിലായതോടെ സർക്കാർ ഈ നിർദ്ദേശം തള്ളുമെന്നാണ് വിലയിരുത്തൽ. പുതിയ നിയമം നടപ്പാക്കിയാൽ കള്ളപ്പണം .വെളുപ്പിക്കൽ, തീവ്രവാദികൾക്ക് സാമ്പത്തിക സഹായം എത്തിക്കൽ തുടങ്ങിയ വിപരീത പ്രവർത്തികൾക്ക് സാഹചര്യം സൃഷ്ടിക്കുമെന്നാണ് നിയമകാര്യ സമിതിയുടെ നിലപാട്. ജനങ്ങളെ ര് തട്ടിലാക്കുന്ന ഇത്തരം നിയമങ്ങൾ പാസാക്കുന്നത് ഭരണഘടനയ്ക്ക് വിരുദ്ധമാണെന്ന് നിയമകാര്യ സമിതി ചെയർമാൻ ഹുമൈദി അൽ സുബായി പറഞ്ഞു. ഇക്കാര്യത്തിൽ സർക്കാർ വിയോജിപ്പ് പ്രകടിപ്പിക്കുമെന്നും അദേഹം ചൂിക്കാട്ടി. രാജ്യത്തെ .വിവിധ ധന ഇടപാട് സ്ഥാപനങ്ങളും മണി എക്സേഞ്ച് യൂണിയനുകളും പുതിയ നിയമത്തോട് എതിർപ്പ് പ്രകടിപ്പിച്ചിട്ടു ് .

## 'അഗ്മ' ഉദ്ഘാടന സമ്മേളനം ഏപ്രിൽ 17ന്



**തിരുവനന്തപുരം:** അസംബ്ളീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേഷന്റെ(അഗ്മ) ഉദ്ഘാടന സമ്മേളനവും പുരസ്കാര സമർപ്പണവും ഏപ്രിൽ 17-ന് തിരുവനന്തപുരം പ്ളാമൂട് ഏ.ജി. ഇവാഞ്ചലിസ്റ്റിക് സെന്ററിൽ നടക്കും. സൗത്തിന്ത്യ അസംബ്ളീസ് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി പാസ്റ്റർ കെ. ജെ.മാത്യു ഉദ്ഘാടനം നിർവ്വഹിക്കും. അരനൂറ്റാിലധികമായി ക്രൈസ്തവ കൈരളിക്ക് നൽകിയ സമഗ്ര സംഭാവനകൾക്ക് ബ്രദർ എൽ.സാമിന് പാസ്റ്റർ എ. സി.സാമുവൽ മാധ്യമ പുരസ്കാരം, അസംബ്ളീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സെക്രട്ടറി പാസ്റ്റർ ടി.വി.പൗലൊസ് സമ്മാനിക്കും. പാസ്റ്റർ അനിൽ കൊടിത്തോട്ടം മുഖ്യപ്രഭാഷണം നടത്തും. □അഗ്മ□യുടെ ലോഗോ സമ്മേളനത്തിൽ പ്രകാശനം ചെയ്യും. പാസ്റ്റർ ഡി. കുഞ്ഞുമോൻ അധ്യക്ഷത വഹിക്കും.ലോകമെമ്പാടുമുള്ള അസംബ്ളീസ് ഓഫ് ഗോഡ് സഭാംഗങ്ങളായ മലയാളി എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും സംഗമവേദിയാണ് അസംബ്ളീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേഷൻ.

**പാസ്റ്റർ കെ.കെ.എബ്രഹാം**

## അഖിലേന്ത്യ പെന്തക്കോസ്തു ഐക്യവേദി വാർഷിക സമ്മേളനം ഏപ്രിൽ 24ന് കൊട്ടാരക്കരയിൽ

**കൊട്ടാരക്കര** : വിവിധ പെന്തെക്കോസ്ത് സഭകളുടെ സംയുക്ത കൂട്ടായ്മയായ അഖിലേന്ത്യ പെന്തെക്കോസ്തു ഐക്യവേദിയുടെ(എ.പി.എ.) മൂന്നാമത് വാർഷിക സമ്മേളനം ഏപ്രിൽ 24-ന് കൊട്ടാരക്കര കേരള തിയോളജിക്കൽ സെമിനാരി ആഡിറ്റോറിയത്തിൽ നടക്കും. അഖിലേന്ത്യാ പെന്തെക്കോസ്തു ഐക്യവേദി ജനറൽ സെക്രട്ടറി പാസ്റ്റർ കെ.പി.ശശി സമ്മേളനം ഉത്ഘാടനം ചെയ്യും. ബഹു.വനം വകുപ്പ് മന്ത്രി ശ്രീ. കെ. രാജു, ബഹു.പ്രതിപക്ഷ നേതാവ് ശ്രീ.രമേശ് ചെന്നിത്തല എന്നിവർ മുഖ്യാതിഥികളായിരിക്കും. എ.പി.എ. നാഷണൽ പ്രസിഡന്റ് പാസ്റ്റർ ബിജു ഡൊമനിക് അദ്ധ്യക്ഷത വഹിക്കും. അന്നേ ദിനം ഉച്ചയ്ക്ക് 2.30ന് സുവിശേഷ റാലിയും നടക്കും. സുവിശേഷ യോഗത്തിൽ പാസ്റ്റർ ജെയ്സ് പാനാട് പ്രഭാഷണം നടത്തും. വിവിധ സഭാ, സംഘടന, രാഷ്ട്രീയ പ്രതിനിധികൾ ആശംസകൾ അർപ്പിക്കും. സമ്മേളനത്തിന് മുന്നോടിയായി ഏപ്രിൽ 22 ഞായറാഴ്ച 2.30 നു കൊട്ടാരക്കരയിലും പരിസര പ്രദേശങ്ങളിലും ബൈക്ക റാലി നടക്കും.

**പാ. ഡി.കുഞ്ഞുമോൻ**

## പി.ഡബ്ലിയു.സി.സംസ്ഥാന സമ്മേളനം

**തിരുവല്ല.** പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ (പി. സി. ഐ.) വനിതാ വിഭാഗമായ പെന്തക്കോസ്തൽ വിമെൻസ് കൗൺസിലിന്റെ (പി. ഡബ്ലിയു. സി.) സംസ്ഥാന സമ്മേളനം എപ്രിൽ 23 ാം തീയതി തിങ്കൾ രാവിലെ 09.30 മുതൽ ഉച്ചകഴിഞ്ഞ് 02.00 വരെ തിരുവല്ല ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും. പി. സി. ഐ ജനറൽ പ്രസിഡ് കെ. എബ്രഹാം സമ്മേളനം ഉദ്ഘാടനം ചെയ്യും. ഐ. ബി സി അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ സ്റ്റാർലാ ലൂക്ക് സ്തീകൾ സഭയിലും സമൂഹത്തിലും എന്ന വിഷയത്തെ ആസ്പദമാക്കി മുഖ്യസന്ദേശം നൽകും. പി. ഡബ്ലിയു. സി. യുടെ ചാരിറ്റി വിഭാഗമായ **"തബിഥാ മൂവ്മെന്റ്** " പി. സി. ഐ. വർക്കിംഗ് പ്രസിഡ് എൻ. എം. രാജു ഉദ്ഘാടനം ചെയ്യും. പി. ഡബ്ലിയു. സി. ക്വയർ ഗാനങ്ങൾ ആലപിക്കും. പി. സി. ഐ., യുവജന വിഭാഗമായ പി.വൈ. സി., പി. ഡബ്ലിയു. സി. ഭാരവാഹികളും പ്രവർത്തകരും പങ്കെടുക്കും.

## ഐപിസി ഹൂസ്റ്റൺ ഫെലോഷിപ്പിന് നവ നേതൃത്വം



**ഹൂസ്റ്റൺ:** ഇന്ത്യ പെന്തക്കോസ്തു ദൈവസഭയുടെ ഹൂസ്റ്റണിലും പ്രാന്തപ്രദേശങ്ങളിലും ഉള്ള സഭകളുടെ ഐക്യവേദിയായ ഐപിസി ഹൂസ്റ്റൺ ഫെലോഷിപ്പിന് നവനേതൃത്വം. പാസ്റ്റർ ഷാജി ഡാനിയേൽ-പ്രസിഡന്റ്, പാസ്റ്റർ റോയിമോൻ കോശി-വൈസ് പ്രസിഡന്റ്, ജോസഫ് കുര്യൻ-സെക്രട്ടറി, ജെയ്സൻ ജോസഫ്-ട്രഷറർ, കെ.എ തോമസ്-ചാരിറ്റി ആന്റ് മിഷൻ കോ-ഓർഡിനേറ്റർ, ജോയി തുമ്പമൺ-മീഡിയ കോ-ഓർഡിനേറ്റർ എന്നിവരെ തെരഞ്ഞെടുത്തു. ഏകദിന സമ്മേളനങ്ങൾ, പ്രാർത്ഥനാ കൂട്ടായ്മ, സെമിനാറുകൾ, ഭാരതത്തിൽ പ്രേക്ഷിത-ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ.

**ജോയി തുമ്പമൺ**

## യുപിജി വിഭാവന കോൺഫ്രൻസ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് യുപിജിയുടെ പ്രഥമ കോൺഫ്രൻസ് സഭാ ആസ്ഥാനമായ മുളക്കുഴ സീയോൻ കുന്നിൽ മാർച്ച് 21ന് നടന്നു. രാവിലെ 10 മണിക്ക് ആരംഭിച്ച വിഭാവന കോൺഫ്രൻസിനു യുപിജി കേരളാ സ്റ്റേറ്റ് ഡയറക്ടർ പാസ്റ്റർ വിനോദ് ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. റവ. സുശീൽ മാത്യു, പാസ്റ്റർ വി. വി അലക്സാർ, പാസ്റ്റർ പി. ആർ ബേബി, ഡോക്ടർ ഐസക് സൈമൺ, പാസ്റ്റർ വിജയൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം വഹിച്ചു. സുവിശേഷം എത്തിയിട്ടില്ലാത്ത ജന വിഭാഗങ്ങൾക്കിടയിൽ സുവിശേഷികരണ ദൗതൃവുമായി മിഷണറിമാരെ അയക്കുന്ന ദൈവസഭ അന്തർദ്ദേശിയ നേതൃത്വത്തിന്റെ പദ്ധതിയാണ് അൺ റീച്ചഡ് പിപ്പിൾ ഗ്രൂപ്പ് എന്നത്.

# ആഫ്രിക്കൻ ഭുഖണ്ഠം രണ്ടായി പിളരുന്നു

## സോമാലി ഫലകം നൂബിയൻ ഫലകത്തിൽ നിന്ന് തെന്നിമാറുയെന്ന് കണ്ടെത്തൽ



**മഹിയു** (കെനിയ): ചരിത്രത്തിലാദ്യമായി ഭൂമി പിളർന്ന് മാറുന്ന മഹാസംഭവത്തിനും ലോകം സാക്ഷിയാവുന്നു. ആഫ്രിക്കയുടെ കൊമ്പ് എന്നറിയപ്പെടുന്ന കിഴക്കൻ ഭാഗം ആഫ്രിക്കൻ ഭൂഖണ്ഠത്തിൽ നിന്ന് പിളർന്ന് മാറുന്നു. മനുഷ്യ ചിന്തക്കതീതമായ വേഗത്തിലാണ് ഈ പിളർന്ന് മാറ്റമെന്നും മൈ ജോയ് ഓൺലൈൻ റിപ്പോർട്ട് ചെയ്യുന്നു.

സോമാലിയ, എതോപ്യ, ജിബൂട്ടി തുടങ്ങിയ രാജ്യങ്ങളാണ് കിഴക്കൻ ആഫ്രിക്കയിൽ സ്ഥിതി ചെയ്യുന്നത്. സാധാരണ ഭൂമിക്കടിയിൽ ഉണ്ടാകുന്ന വിള്ളൽ രൂപപ്പെടാനും ചെറിയ അകൽച്ച പോലും സംഭവിക്കാനും ലക്ഷകണക്കിന് വർഷങ്ങളാണ് വേണ്ടി വരുന്നത്. എന്നാൽ ഈ പിളർപ്പ് അതിവേഗത്തിലാണെന്നാണ് ഭൂമിശാസ്ത്രജ്ഞരുടെ വിലയിരുത്തൽ. ആഫ്രിക്കയിൽ നിന്ന് കിഴക്കൻ ഭാഗം പിളരുന്നതോടെ ഇരുഭാഗത്തേയും തമ്മിൽ വേർതിരിക്കുന്നത് സമുദ്രമായിരിക്കും എന്നും പറയുന്നു. ആഫ്രിക്ക, കിഴക്കൻ ആഫ്രിക്ക എന്നിങ്ങനെ രണ്ട് ഭാഗമായി മാറുന്നതോടെ ഇവയ്ക്കിടയിൽ റിഫ്ട് രൂപപ്പെടും. ഇതോടെ കിഴക്കൻ ആഫ്രിക്ക ഉൾപ്പെടുന്ന സോമാലി ഫലകം ന്യൂബിയൻ ഫലകത്തിൽ നിന്ന് അകന്ന് മാറുകയും ചെയ്യും. പ്രതിവർഷം 2.5 സെന്റിമീറ്റർ വേഗത്തിലാണ് സോമാലി ഫലകം നൂബിയൻ ഫലകത്തിൽ നിന്ന് തെന്നിമാറുന്നതെന്നാണ് കണക്കാക്കിയിരിക്കുന്നത്. കിഴക്കൻ ഭാഗം ഭൂഖണ്ഠത്തിൽ നിന്ന് തെന്നിമാറുന്നതിന്റെ വേഗത പ്രതീക്ഷിച്ചതിനെക്കാൾ കൂടുതലാണെന്നതിന്റെ സൂചനകളാണ് ഇപ്പോൾ ആഫ്രിക്കയിലെ മുഖ്യ ചർച്ചാവിഷയം. കെനിയയിലെ തിരക്കേറിയ മായി മഹിയു പാതയിൽ ഇതിനോടകം തന്നെ വലിയ വിള്ളൽ രൂപപ്പെട്ടു കഴിഞ്ഞു. അഗ്നി പർവ്വത സ്ഫോടനത്തിന്റെ ഫലമായി രൂപപ്പെട്ട ഭ്രംശരേഖയാണ് പാതയിൽ ഇത്തരത്തിൽ വിള്ളലുണ്ടാകാൻ കാരണം.

കെനിയയുടെ നാഷണൽ ഹൈവേയ്സ് അതോറിറ്റിയാണ് രാജ്യത്തെ പ്രധാന പാതയിൽ വലിയ വിള്ളലുണ്ടായ കാര്യം മാധ്യമങ്ങളെ അറിയിച്ചത്. അതോടെ ഇവിടേക്കുള്ള സന്ദർശകരുടെ എണ്ണവും വർദ്ധിച്ചിരിക്കുകയാണ്. അമ്പത് അടി താഴ്ചയിലും ഇരുപത് മീറ്റർ വീതിയിലുമാണ് ഹൈവേയിൽ ഇപ്പോൾ വിള്ളലുണ്ടായിരിക്കുന്നത്. നിലവിൽ മണ്ണും പാറയും ഇട്ട് വിള്ളൽ നികത്തി ഗതാഗതം പുനസ്ഥാപിച്ചുയെങ്കിലും ഭൂമിക്കടിയിലെ ഫലകചലനവുമായി ബന്ധപ്പെട്ടുണ്ടായ വിള്ളലായതിനാൽ ഇത് അധിക കാലത്തേക്ക് പ്രയോജനപ്പെടില്ലയെന്നാണ് റിപ്പോർട്ട്.

# ഈജിപ്തിൽ തുടർച്ചയായി ആരാധന നടത്തുന്ന കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നു

## നവീകരണ സഭകൾക്ക് പ്രതീക്ഷ

**കെയ്റോ:** ക്രൈസ്തവ ആരാധനകൾക്കും ആരാധനാലയങ്ങൾക്കും കടുത്ത മതവിവേചനം നേരിടുന്ന ഈജിപ്തിൽ തുടർച്ചയായി ചില വർഷങ്ങളായി ആരാധന നടത്തിവരുന്ന കെട്ടിടങ്ങളെ ആരാധനാലയങ്ങളായി പരിഗണിച്ച് നിയമസാധുത നൽകുന്നു. ഇതിനോടുള്ള ബന്ധത്തിൽ 53 ക്രിസ്തീയ ആരാധനാലയങ്ങൾക്ക് സർക്കാർ അംഗീകാരം നൽകി. ഇവിടെ ഇനി സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ആരാധന തുടരാം.

നിലവിൽ ചർച്ചുകളായി പണിതിട്ടുള്ളവ, വർഷങ്ങളായി ആരാധന ,നടത്തിവരുന്ന കെട്ടിടങ്ങൾ ഇവയ്ക്കാണ് കഴിഞ്ഞ ഫെബ്രുവരി 26ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ നിയമസാധുത നൽകുന്നത്. ക്രിസ്ത്യാനികൾ ഔദ്യോഗികമായി അംഗീകാരം ഇല്ലാത്ത കെട്ടിടങ്ങളിൽ ആരാധന നടത്തുന്നുണ്ടെങ്കിൽ അവരുടെ മുൻകാല പ്രവർത്തനങ്ങൾ തുടർന്ന് വരുന്ന പശ്ചാത്തലത്തിൽ അവർക്ക് അംഗീകാരം നൽകണമെന്ന് കഴിഞ്ഞ ജനുവരിയിൽ ഈജിപ്ഷ്യൻ സർക്കാർ ഒരു പ്രഖ്യാപനം നടത്തിയിരുന്നു. അതിന്റെ ചുവട് പിടിച്ചാണ് ഫെബ്രുവരിയിൽ പുതിയ ഉത്തരവ് പുറത്തിറക്കിയത്. തുടർന്നാണ് 53 ആരാധനാലയങ്ങൾക്ക് അനുമതി നൽകിയത്. എന്നാൽ ഇതേ പോലെ ആയിരക്കണക്കിന് ആരാധനാലയങ്ങൾ അംഗീകാരത്തിനായി അപേക്ഷ നൽകി കാത്തിരിക്കുകയാണ് ഇപ്പോഴും. ഇവിടെ ക്രിസ്തീയ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് അനുമതിയോ, രജിസ്ട്രേഷനോ ഇല്ല. ഇതിനായി കാലങ്ങളായി ക്രൈസ്തവർ സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയായിരുന്നു. രാജ്യത്തെ മതമൗലിക വാദികളുടെ സമ്മർദ്ദത്തിന് അടിപ്പെട്ട് ക്രൈസ്തവർക്ക് നേരെ കടുത്ത നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പൗരാണികത്വം തുളുമ്പുന്ന നൂറുകണക്കിന് ആരാധനാലയങ്ങൾ ഈജിപ്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഇവയെല്ലാം സർക്കാരിന്റെ നിയന്ത്രണത്തിലുമാണ്. പുരാതന ക്രിസ്തീയ വിഭാഗമായ കോപ്റ്റിക്കുകളാണ് രാജ്യത്തെ പ്രഥമ ക്രൈസ്തവർ. ഇവരെ കൂടാതെ കത്തോലിക്ക, ഓർത്തഡോക്സ്, ബാപ്റ്റിസ്റ്റ്, പെന്തക്കോസ്തു സഭകളും ഇപ്പോൾ സജീവമാണ്. ആഗോള സുവിശേഷ മുന്നേറ്റത്തിന്റെ ഭാഗമായി രാജ്യത്തിന്റെ വിവിധ മേഘലകളിൽ ഇവാഞ്ചലിക്കൽ- പെന്തക്കോസ്തു സഭകളുടെ വളർച്ച ത്വരിതഗതിയിലാണ്. വിവിധ കെട്ടിടങ്ങളിലുള്ള ആരാധന ഇത്തരം നവീകരണ സഭകളുടേതാണ്. അംഗീകാരമില്ലാത്ത സഭകൾക്കെതിരെ കർശന നിയന്ത്രണങ്ങളാണ് സർക്കാർ ചെലുത്തുന്നതെങ്കിലും ഇപ്പോഴത്തെ പുതിയ ഉത്തരവ് വർഷങ്ങളായി രാജ്യത്തിൻരെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന നവീകരണ സഭകൾക്ക് ഏറെ പ്രതീക്ഷ നൽകുന്നു.



# ക്രൈസ്തവ സംഘടനകൾ ഉൾപ്പെടെ 27 ജീവകാരുണ്യ പ്രസ്ഥാനങ്ങൾക്ക് പാക്കിസ്ഥാനിൽ നിരോധനം

## വേൾഡ് വിഷന്റെ വൻ പ്രോജക്റ്റുകളും നിർത്തലാക്കി

**ഇസ്ളാമാബാദ്:** പാക്കിസ്ഥാനിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി വരുന്ന ക്രിസ്തീയ ഗ്രൂപ്പുകൾ ഉൾപ്പെടെ 27 സംഘടനകൾക്ക് നിരോധനം ഏർപ്പെടുത്തി. 90 ദിവസങ്ങൾക്കകം ഈ സംഘടനകളുടെ പ്രവർത്തനം അവസാനിപ്പിക്കുവാൻ പാക്ക് ആഭ്യന്തര മന്ദ്രാലയമാണ് ഉത്തരവിട്ടത്. സർക്കാർ ഇതര സന്നദ്ധ സംഘടനകൾ തങ്ങളുടെ പ്രവർത്തന പരിധി വിടുന്നുയെന്നും നിയമ വ്യവസ്ഥ പാലിക്കുന്നില്ലെന്നും ആരോപിച്ചാണ് നിരോധനം എന്ന് ആഭ്യന്തര മന്ത്രി തലാൽ ചൗദരിയുടെ ഓഫീസിൽ നിന്നുള്ള ഉത്തരവിൽ പറയുന്നു.

വിലക്കേർപ്പെടുത്തിയവയിൽ അന്താരാഷ്ട്ര ക്രൈസ്തവ സന്നദ്ധ സംഘടനയായ വേൾഡ് വിഷനും പെടുന്നു. 2015 മുതൽ പാക്കിസ്ഥാനിൽ 8 ലക്ഷത്തോളം നിർദ്ധനരായ കുട്ടികൾക്ക് പഠനത്തിനും ഭക്ഷണത്തിനും സഹായിച്ച്

(ശേഷം പേജ് –12)

# യൂറോപ്പിൽ ക്രിസ്ത്യാനിത്വം തകരുന്നതിൽ ആശങ്ക പങ്ക് വച്ച് നിരീശ്വരവാദിയായ പരിണാമശാസ്ത്രജ്ഞനും






**ഡോ. റിച്ചാർഡ് ഡോകിൻസ്**

യൂറോപ്പിലെ ക്രൈസ്തവ വിശ്വാസത്തിന് മങ്ങലേൽക്കുന്നു എന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കുകയും അതിൽ ആശങ്ക പങ്ക് വയ്ക്കുകയും ചെയ്തുകൊണ്ട് പ്രമുഖ യൂറോപ്യൻ പരിണാമവാദിയും നിരീശ്വരവാദിയുമായ ഡോ. റിച്ചാർഡ് ഡോകിൻസ്. ക്രിസ്ത്യൻ രഹിത യൂറോപ്പ് വലിയൊരു അപകടമാകുമെന്നാണ് അദേഹത്തിന്റെ വിലയിരുത്തൽ

മാർച്ച് 28ന് ബുധനാഴ്ച പോസ്റ്റ് ചെയ്ത ട്വീറ്ററിലൂടെയാണ് അദേഹം തന്റെ 27 ലക്ഷത്തോളം വരുന്ന ഫോളോവേഴ്സുമായി ഇക്കാര്യം പങ്ക് വച്ചത്. 20-ാം നൂറ്റാണ്ടിലെ പ്രസിദ്ധനായ കത്തോലിക്ക എഴുത്ത്കാരൻ ഹിലൈർ ബെലോക്കിന്റെ പദ്യശകലവും അദേഹം തന്റെ സന്ദേശത്തോടൊപ്പം ചേർത്തിട്ടുണ്ട്. കാരുണ്യ ഭാവമുള്ള ക്രിസ്തുമതത്തിന്റെ അവസാനത്തിൽ ആഹ്ളാദിക്കുന്നതിന് മുമ്പ്, ഹിലൈർ ബെലോക്കിന്റെ ഈ പദ്യം നമുക്ക് മറക്കാതിരിക്കാം. 'മോശമായതെന്തെങ്കിലും സംഭവിക്കുമെന്ന ഭയത്താൽ എപ്പോഴും ഒരു നേഴ്സിനെ കൂടെ കരുതാം' ഇങ്ങനെയാണ് അദേഹം ട്വീറ്ററിൽ കുറിച്ചത്. യൂറോപ്പിലെ ക്രൈസ്തവ വിശ്വാസത്തിന്റെ ബലക്ഷയത്തെക്കുറിച്ച് 'ദി ഗാർഡിയനിൽ' വന്ന ഒരു ലേഖനമാണ് അദേഹത്തെ ഇങ്ങനെ കുറിക്കുവാൻ പ്രേരിപ്പിച്ചത്. ആ ലേഖനത്തിന്റെ ഭാഗങ്ങൾ പങ്ക് വച്ച് കൊണ്ടാണ് അദേഹം തന്റെ സന്ദേശം പോസ്റ്റ് ചെയ്തിരിക്കുന്നത്. കടുത്ത നിരീശ്വരവാദിയും എപ്പോഴും ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്നയാളുമായ ഡോ. റിച്ചാർഡിന്റെ ഈ ആശങ്ക വെളിപ്പെടുത്തലിനെ 'അത്ഭുതം' എന്നാണ് പലരും വിശേഷിപ്പിച്ചത്. യൂറോപ്യൻ രാജ്യങ്ങൾ ക്രിസ്തുമതത്തെ പുറന്തള്ളുന്നുയെന്ന റിപ്പോർട്ടുകൾ ഉയരുന്ന സാഹചര്യത്തിൽ ഡോകിൻസിനെ പോലുള്ള നിരീശ്വരവാദിയായ ഒരാൾ നടത്തുന്ന മുന്നറിയിപ്പും വിലയിരുത്തലും ഇപ്പോൾ യൂറോപ്യൻ മേഘലയിൽ ചർച്ചയായിരിക്കുകയാണ്. ക്രിസ്തുമത തത്വങ്ങളോട് തനിക്ക് യാതൊരു യോജിപ്പുമില്ലെങ്കിലും യൂറോപ്പിനെ ആകെ അടിസ്ഥാനപ്പെടുത്തുകയും പൊതിയുകയും ചെയ്തിരിക്കുന്ന കരുണാർദ്രവും നിർദ്ദോഷവുമായ ഒരു സംസ്കാരത്തെ അകറ്റിനിർത്തുന്നത് യൂറോപ്പിന്റെ മുഖച്ഛായയേയും ജീവിതമൂല്യങ്ങളേയും

(ശേഷം പേജ് –12)



### പാസ്റ്റർ രാജീവ് മോഹൻ

കട്ടപ്പന: ദി. പെന്തക്കോസ്തു മിഷൻ കട്ടപ്പന സെന്റർ പാസ്റ്റർ രാജീവ് മോഹൻ (56) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഏപ്രിൽ 5ന് ഉച്ചയ്ക്ക് 2.30ന് ഇടുക്കി ഇരുപതേക്കർ സഭാ സെമിത്തേരിയിൽ നടത്തി. പാറക്കടവ് ടിപിഎം സെന്റർ സഭാഹാളിലായിരുന്നു സംസ്കാരശുശ്രൂഷകൾ നടത്തപ്പെട്ടത്. കോട്ടയം, എറണാകുളം, തൃശ്ശൂർ, റാന്നി, മൂന്നാർ എന്നിവിടങ്ങളിലെ കർത്തൃസേവനങ്ങൾക്ക് ശേഷമായിരുന്നു ഇടുക്കി സെന്ററിലെത്തിയത്. 32 വർഷമായി സുവിശേഷ വേലയിലായിരുന്നു. തിരുവനന്തപുരം വെള്ളനാട് മിത്രനികേതൻ ഗ്രെയ്സ് വില്ലയിൽ പരേതനായ എം മോസസിന്റെ മകനാണ്. സഹോദരൻ, പരേതനായ എം മോഹൻദാസും ടിപിഎം സഭയുടെ സെന്റർ പാസ്റ്ററായിരുന്നു.



### തോമസ് വൈ യോഹന്നാൻ

പൂയപ്പള്ളി/ഒക്കലഹോമ: ശാരോൻ ഫെലോഷിപ്പ് ഒക്കലഹോമ സഭാ സെക്രട്ടറി പാസ്റ്റർ തേജസ് തോമസിന്റെ പിതാവ് കൊട്ടാരക്കര പൂയപ്പള്ളി ചാവടിയിൽ ഏബനേസറിൽ തോമസ് വൈ യോഹന്നാൻ (69) ഒക്കലഹോമയിൽ വച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. ഹൃദയസംബന്ധമായി ചികിത്സയിലായിരുന്നു. സംസ്കാര ശുശ്രൂഷ ഏപ്രിൽ 7ന് ഒക്കലഹോമ ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ വച്ച് നടത്തി.

ഭാര്യ, കുറ കിഴക്കേ വീട്ടിൽ തരകൻ കുടുംബാംഗം പൊടിയമ്മ തോമസ്.

മറ്റ് മക്കൾ: ബ്ലെസി (ഷാർജ), ഗ്ലാഡ്സി (അയർലന്റ്) മരുമക്കൾ: പ്രീതി, ബിനു, സാം



### ലീലാ ചെറിയാൻ

ഒർലാന്റോ:മലയാളി പെന്തക്കോസ്തു കോൺഫ്രൻസ് മുൻ നാഷണൽ കൺവീനർ ആലപ്പുഴ മേക്കാട്ട് കുടുംബാംഗം പാസ്റ്റർ ജേക്കബ് ചെറിയാന്റെ ഭാര്യ ലീലാ ചെറിയാൻ (80) ഒർലാന്റോയിൽവച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. മാർച്ച് 23ന് ഒർലാന്റോ ഇന്ത്യ പെന്തക്കോസ്തു ദൈവസഭയിൽ പൊതുദർശനവും 24ന് ശനിയാഴ്ച രാവിലെ സഭാങ്കണത്തിൽ നടന്ന സംസ്കാര ശുശ്രൂഷകൾക്കും ശേഷം 12 മണിക്ക് വുഡ്ലോൺ സെമിത്തേരിയിൽ സംസ്കാരവും നടത്തി. പരേത കോട്ടയം ,പാമ്പാടി കാഞ്ഞിരമലയിൽ കുടുംബാംഗമാണ്.

മക്കൾ: നാൻസി, ഫിന്നി, റൂബി. മരുമക്കൾ: ഡോ. കുര്യൻ ഏബ്രഹാം, ഡോ. എലിസബെത്ത് ഫിന്നി, ഡോ. കോശി സാമുവൽ



### പാസ്റ്റർ വി.റ്റി ഏബ്രഹാമിന്റെ മകൾ ബെയൂല

കോഴിക്കോട്: സൗത്ത് ഇന്ത്യ അസംബ്ലിസ് ഓഫ് ഗോഡ് സൂപ്രും കോഴിക്കോട് എ.ജി സഭാശുശ്രൂഷകനുമായ റവ വി.റ്റി ഏബ്രഹാമിന്റെ മകൾ ബെയുല (38) ഏപ്രിൽ 2ന് രാവിലെ സൗദി അറേബ്യയിലെ റിയാദിൽ വച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. താഴ്ന്ന രക്ത സമ്മർദ്ധവും ശ്വാസതടസവും മൂലം ചില ദിവസങ്ങളായി ചികിത്സയിലായിരുന്നു. കുടുംബമായി റിയാദിൽ താമസിച്ച് വരികയായിരുന്നു.തൃശ്ശൂർ ആൽപ്പാറ ഇടപ്പാറ വീട്ടിൽ ബിജുവാണ് ഭർത്താവ്. മക്കൾ :ജോവൽ, ജെറോം. സംസ്കാരം ഏപ്രിൽ 10ന് തൃശ്ശൂർ ആൽപ്പാറ ഐപിസിയിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം കരിപ്പക്കുന്ന് സെമിത്തേരിയിൽ നടന്നു.



### അൻമ്പായി ജോസഫ്

തിരുവനന്തപുരം ഹെവൻലി വോയ്സ് ചർച്ചസ് ഇൻ ഇന്ത്യ സ്ഥാപക, ശ്രീകാര്യം ഹെവൻലി കോട്ടേജിൽ അൻമ്പായി ജോസഫ് (76) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം മാർച്ച് 19ന് തിങ്കളാഴ്ച രാവിലെ പരുത്തിപ്പാറ ഗ്രെയ്സ് മിനി ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം 12ന് മുട്ടട സെമിത്തേരിയിൽ നടത്തി. മക്കൾ : എ.ജെ ജോയി, സുവി. എ.ജെ റോയി, സുവി. എ.ജെ റോബി



### മോളി മാത്യു

പെൻസിൽവാനിയ/തിരുവല്ല: ആഞ്ഞിലിത്താനം പൂവക്കാലായിൽ കിഴക്കേതിൽ കുര്യൻ മാത്യുവിന്റെ ഭാര്യ മോളി കുര്യൻ (69) പെൻസിൽവേനിയയിലെ പിറ്റ്സ്ബർഗ്ഗിൽ വച്ച് നിത്യത പൂകി. ഏപ്രിൽ 6,7 തീയതികളിൽ പിറ്റ്സ്ബർഗിൽ വച്ച് മെമ്മോറിയൽ സർവ്വീസ് നടന്നു. ഏപ്രിൽ 14ന് ഐപിസി ഹെബ്രോൻ ഹൂസ്റ്റൺ ചർച്ചിന്റെ ചുമതലയിൽ സംസ്കാരം നടക്കും. പരേത, ഇടുക്കി കല്ലാർ നെല്ലിമലയിൽ കുടുംബാംഗമാണ്.മക്കൾ: റീന, റീബ.മരുമകൻ: ആൻഡ്രു മകോർമിക്.



### കുഞ്ഞുകുഞ്ഞമ്മ

കൊട്ടാരക്കര: പുലമൺ ശോഭനാ വിലാസത്തിൽ തങ്കച്ചൻ യോഹന്നാന്റെ സഹധർമ്മിണി കുഞ്ഞുഞ്ഞമ്മ തങ്കച്ചൻ (72) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഏപ്രിൽ 6ന് വെള്ളിയാഴ്ച ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം 1 മണിക്ക് പുലമൺ ഐപിസി ബേർശേബ സഭാസെമിത്തേരിയിൽ നടത്തി. പരേത, പാലക്കോട്ട് കുടുംബാംഗമാണ്. മക്കൾ: ശോഭ, ജിജോ തങ്കച്ചൻ, പാസ്റ്റർ ജിനു തങ്കച്ചൻ, ജിജി പ്രിൻസ്. മരുമക്കൾ: സിൽവാനോസ് മാത്യു, മിനി ജിജോ, മിനി, പാസ്റ്റർ പ്രിൻസ് വേങ്ങൂർ

### മത്തായി കൊച്ചുകുഞ്ഞു

**മേപ്രാൽ :** വെട്ടുചിറയിൽ മത്തായി കൊച്ചുകുഞ്ഞ് (ഉണ്ണിക്കുഞ്ഞ്-73) അമേരിക്കയിൽ വച്ച് നിതൃത പൂകി. സംസ്കാരം മാർച്ച് 11ന് മേപ്രാൽ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടന്നു. ഭാര്യ, പുറമറ്റം എരുമപ്പെട്ടിയിൽ കുടുംബാംഗം സൂസമ്മ. മക്കൾ: മോൺസി (സൗദി), റ്റാൻസി (ദുബൈ), മരുമക്കൾ: സിനി,പ്രകാശ്

## റിയാദിൽ വിഷ ഉറുമ്പിന്റെ കടിയേറ്റ് ചികിത്സയിലിരിക്കെ മരിച്ച സൂസി ജെഫിയുടെ സംസ്കാരം നടത്തി



**അടൂർ:** വിഷ ഉറുമ്പിന്റെ കടിയേറ്റ് ചികിത്സയിലിരിക്കെ ഏപ്രിൽ 3ന് പുലർച്ചെയാണ് സൂസി ജെഫി (33) മരിച്ചത്. റിയാദിലെ ഫ്ലാറ്റിൽ വച്ചാണ് ഉറുമ്പ് കടിയേറ്റത്. വേദന കൂടുകയും ശരീരമാകെ ചൊറിഞ്ഞ് തടിക്കുകയും അസ്വസ്ഥതകൾ പെട്ടെന്ന് വർദ്ധിക്കുകയും ചെയ്തതോടെ താമസസ്ഥലത്തിന് അടുത്തുള്ള ഒബൈദ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. അതോടെ അബോധാവസ്ഥയിലേക്കും മാറ്റപ്പെട്ടിരുന്നു. തുടർന്ന് 16 ദിവസത്തോളം വെന്റിലേറ്ററിലായിരുന്നു. ഉറുമ്പിന്റെ കടിയേറ്റതിനെ തുടര്ന്നുള്ള അലർജിയാകാം മരണകാരണമെന്ന് പറയുന്നു. ഭർത്താവ് ജെഫി മാത്യു റിയാദിൽ എഞ്ചിനിയറാണ്. ഏഴും മൂന്നും വയസുള്ള 2 കുട്ടികളു്. സംസ്കാരം ഏപ്രിൽ 7ന് ശനിയാഴ്ച രാവിലെ 12.30ന് അടൂർ വെള്ളക്കുളങ്ങര ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ നടത്തി.

## ഭീഷണി മറികടന്ന് സുവിശേഷം പ്രസംഗിച്ചതിന് സുഡാനിൽ പാസ്റ്ററേയും കുടുംബത്തേയും അതിദാരുണമായി കൊലപ്പെടുത്തി

**ദാർഫർ:** ഭീഷണി മറികടന്ന് സുവിശേഷം പ്രസംഗിച്ചതിന് സുഡാനിൽ പാസ്റ്ററേയും കുടുംബത്തേയും രാത്രിയുടെ മറവിൽ അതിദാരുണമായി കൊലപ്പെടുത്തി; വീടും അയൽവീടുകളും തീയിട്ട് നശിപ്പിക്കുകയും ചെയ്തു. പടിഞ്ഞാറൻ സുഡാനിലെ ദാർഫറിൽ മാർച്ച് 2ന് ആണ് സംഭവം. ബർണ്ണബാസ് ഫിനെ ഉദ്ധരിച്ച് ഗ്ലോബൽ ക്രിസ്ത്യൻ ന്യൂസാണ് വാർത്ത പുറത്ത് വിട്ടത് .സുഡാനിലെ ക്രൈസ്തവ സമൂഹത്തെ നടുക്കിക്കൊള്ള ഒരു നരനായാട്ടാണ് സുവിശേഷവിരോധികൾ നടത്തിയത്. ദാർഫറിലെ ഒരു പ്രാദേശിക സഭയുടെ ശുശ്രൂഷകനായ പാസ്റ്റർ സ്റ്റീഫെൻ ടോംസ്

**പാസ്റ്ററുടെ പെൺമക്കളെ മാനഭംഗപ്പെടുത്താനുള്ള അക്രമികളുടെ ശ്രമത്തെ ചെറുക്കുന്നതിനിടെയാണ് അക്രമികൾ മാരകായുധങ്ങൾ ഉപയോഗിച്ച് 4 പേരേയും വെട്ടിയത്.**

അബൂർ, ഭാര്യ ബിയാട്രീസ്, പെൺമക്കളായ റേച്ചൽ, പ്രിസ്ക്കില്ല എന്നിവരാണ് ദാരുണമായി കൊല്ലപ്പെട്ടത്. പുലർച്ചെ ഒരു മണിയോടെ മാരകായുധങ്ങളുമായി എത്തിയ മുഖംമൂടി ധാരികളായ അക്രമികൾ ആരാധനാലയത്തോടു ചേർന്നുള്ള ഭവനത്തിന്റെ വാതിലിൽ മുട്ടിവിളിക്കുകയായിരുന്നു. വാതിൽ തുറന്നയുടനെ അകത്തേക്ക് തള്ളിക്കയറിയ ഇവർ

(ശേഷം പേജ്-6)

## യുഎഇയുടെ അപ്പോസ്തലന് യാത്രാമൊഴി....

പേജ് 3 ൽ നിന്ന്

അറിവു പുലർത്തിയിരുന്ന അദേഹം അത് വിശ്വാസി ഹൃദയങ്ങളിൽ പകരുന്നതിനും ബദ്ധശ്രദ്ധാലുവായിരുന്നു. നിരവധി അനുഭവ ഗാനങ്ങളും രചിച്ചിട്ടുണ്ട്. മാർച്ച് 24ന് ദുബൈ സമയം പകൽ ഒരു മണിക്ക് ദുബൈ ട്രിനിറ്റി ചർച്ചിൽ ആരംഭിച്ച ശവസംസ്കാരശുശ്രൂഷയിൽ മരുപ്രയാണം പൂർത്തീകരിച്ച ആ നല്ല സമരിയന് വിശ്വാസി സമൂഹം പ്രത്യാശാനിർഭരമായ യാത്രയയപ്പേകി. ദുബൈയിലെ ജബൽ അലി ക്രിസ്ത്യൻ സെമിത്തേരിയിൽ ആയിരുന്നു സംസ്കാരം. ഐപിസി കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി , ഐപിസി യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗെർസിം പി ജോൺ തുടങ്ങിയവർ സംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. കുടുംബാംഗങ്ങളേയും ബന്ധു മിത്രാദികളേയും കൂടാതെ യുഎഇയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് അനവധി ശുശ്രൂഷകരും വിശ്വാസികളും സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ആറാട്ടുപുഴ കൊച്ചേട്ടുകാലായിൽ കുഞ്ഞുമോൾ ആണ് ഭാര്യ. ജിജി, ജിനി, സജി എന്നിവർ മക്കളാണ്.

## നൈജീരിയയിൽ നിർബന്ധിത വിവാഹത്തിനായി ക്രിസ്ത്യൻ പെൺകുട്ടികളെ തട്ടിയെടുത്തത് തടഞ്ഞ 12 ക്രൈസ്തവർക്ക് ദാരുണാന്ത്യം

**കടുന:** നൈജീരിയയിലെ ഒരു ക്രിസ്തീയ ഭവനത്തിലെ 2 പെൺകുട്ടികളെ സംഘടിതമായി എത്തി തട്ടിക്കൊണ്ട് പോകാൻ ശ്രമിച്ച പ്രാദേശിക മുസ്ളിങ്ങളെ സംഘടിതമായി ചെറുത്ത 12 ക്രൈസ്തവരെ അക്രമി സംഘം ക്രൂരമായി കൊലപ്പെടുത്തി. നൈജീരിയയിലെ കഡുന സംസ്ഥാനത്തെ കസുവാൻ മഗാനി പട്ടണത്തിൽ കഴിഞ്ഞ ഫെബ്രുവരി 25ന് ആണ് ദാരുണസംഭവം അരങ്ങേറിയത്.

സംഭവ ദിവസം കൗമാരക്കാരികളായ 2 ക്രിസ്തീയ പെൺകുട്ടികളെ ഏതാനും മുസ്ളിങ്ങൾ ചേർന്ന് വാഹനത്തിൽ തട്ടിക്കൊണ്ട് പോവുകയായിരുന്നു. ഇതറിഞ്ഞ സ്ഥലത്തെ ക്രൈസ്തവർ പെട്ടെന്ന് തന്നെ സംഘടിക്കുകയും മറ്റൊരു വാഹനത്തിൽ അവരെ പിന്തുടർന്ന് കുട്ടികളെ മോചിപ്പിക്കുകയുമായിരുന്നു. അതോടെ സംഭവം വർഗ്ഗീയവൽക്കരിക്കപ്പെടുകയും കുട്ടികളെ തട്ടിക്കൊണ്ട് പോയവർ ആയുധങ്ങളും കൂടുതൽ ആളുകളുമായി കുട്ടികളെ തട്ടിയെടുത്ത സ്ഥലത്തെത്തി തിരിച്ച് വീടുകൾ കേന്ദ്രികരിച്ച് ആക്രമണം അഴിച്ച് വിടുകയായിരുന്നു. രാത്രിയുടെ മറവിലായിരുന്നു ആക്രമണം. അപ്രതീക്ഷിതമായ ആക്രമണത്തിൽ നിസ്സഹായരായ ക്രൈസ്തവർ മുറിവേറ്റ് വീഴുകയും മരണത്തിന് കീഴടങ്ങുകയായിരുന്നു. സംഭവത്തിൽ 12 പേർ മരിക്കുകയും 20 ഓളം പേർക്ക് പരുക്കേൽക്കുകയും ചെയ്തു. കൂടാതെ ക്രിസ്തീയ ഭവന

### 20 ഓളം പേർക്ക് ഗുരുതരമായി പരുക്കേറ്റു; പെന്തക്കോസ്തു ആരാധനാലയവും കത്തിച്ചു

ങ്ങൾ, കടകൾ എല്ലാം അഗ്നിക്കരിയാക്കുകയും ചെയ്തു. കൂട്ടത്തിൽ ആക്രമണം നടത്തിയതിന് സമീപമുള്ള അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ഒരു ആരാധനാലയവും അഗ്നിക്കിരയാക്കി. കൊല്ലപ്പെട്ടവരും പരുക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവരും ഇവാഞ്ചലിക്കൽ ചർച്ച് വിന്നിംഗ്, അസംബ്ലീസ് ഓഫ് ഗോഡ്, ബാപ്റ്റിസ്റ്റ് ചർച്ച് സ്വതന്ത്ര സഭകൾ എന്നിവയിലെ അംഗങ്ങളാണ്. കുട്ടികളെ തട്ടിക്കൊണ്ട് പോയി മതം മാറ്റി വിവാഹം കഴിക്കുകയെന്നതായിരുന്നു അക്രമികളുടെ ലക്ഷ്യമെന്നും ഇത്തരത്തിൽ ഒറ്റപ്പെട്ടതെന്ന് തോന്നത്തക്ക നിലയിൽ ധാരാളം ക്രിസ്തീയ പെൺകുട്ടികളെ തട്ടിക്കൊണ്ട് പോയി നിർബന്ധിത വിവാഹം നടത്താറുണ്ടെന്നും ഇവാഞ്ചലിക്കൽ ചർച്ച് വിന്നിംഗ് സഭാംഗം ജെയിംസ് മഡാക്കി പറയുന്നു. പലപ്പോഴും പോലീസും അക്രമികൾക്ക് അനുകൂലനിലപാടാണ് സ്വീകരിക്കുന്നതത്രെ. ഒരു സാധാരണ സംഭവമായി മാത്രമാണ് രാജ്യത്തെ മാധ്യമങ്ങൾ ഇതിനെ പ്രസിദ്ധപ്പെടുത്തിയത്. ഇന്റർനാഷണൽ ക്രിസ്ത്യൻ വാർത്താ ഏജൻസികളാണ് വാർത്ത വസ്തുനിഷ്ഠമായി പുറംലോകത്തെത്തിച്ചത്.

# MARANATHA VOICE

"REGISTERED NEWS PAPER"
RNI : No- KERBIL - 2000/2219
Postal Reg: No- KL/QN/301/2018-20
Licence no-
KL/QN/WPP/123/2018-20
'Licensed to post without Prepayment'

10 APRIL 2018 | MONTHLY | 16 PAGES | Annual Subscription Rs. 100/-


# ക്രിസ്തുവിനെ തള്ളാൻ തയാറായില്ല; ലിയ ഷരിബു ഇപ്പോഴും ഭീകര ക്യാമ്പിൽ

**ദാപ്ച്ചി** (നൈജീരിയ): ഫെബ്രുവരി 19ന് വടക്ക് കിഴക്കൻ നൈജീരിയയിലെ ദാപ്ച്ചിയിലെ സർക്കാർ ഗേൾസ് സ്കൂളിൽ നിന്ന് ബൊക്കോഹറാം തീവ്രവാദികൾ തട്ടിക്കൊണ്ട് പോയ 110 ,പെൺകുട്ടികളിൽ 104 പെൺകുട്ടികൾ മോചിപ്പിക്കപ്പെടുകയും 5 കുട്ടികൾ കൊല്ലപ്പെടുകയും ചെയ്തിരുന്നു. എന്നാൽ മതപരിവർത്തനത്തിനായി തീവ്രവാദികളുടെ നിർബന്ധത്തിന് വഴങ്ങാതിരുന്ന ലിയ ഷരിബു എന്ന 15 കാരി പെൺകുട്ടിയെ അവർ നിർബന്ധപൂർവ്വം തടവറയിലാക്കി. കുട്ടിയുടെ മോചനത്തിന് വേണ്ടി പ്രസ്ഥാവനകളല്ലാതെ കാര്യമായ ശ്രമങ്ങൾ ഒന്നും നടക്കുന്നില്ലെന്നാണ് രാജ്യത്തെ ക്രൈസ്തവ സമൂഹം ആരോപിക്കുന്നു

നൈജീരിയൻ സർക്കാർ ഭീകരരുമായി നടത്തിയ സന്ധി സംഭാഷണങ്ങളുടെ ഫലമായാണ് 104 കുട്ടികൾ മോചിപ്പിക്കപ്പെട്ടത്. കുട്ടികൾക്ക് വേണ്ടി സർക്കാർ ഭീകരർക്ക് പണം നൽകിയോ എന്ന കാര്യത്തിൽ സർക്കാർ വൃത്തങ്ങൾ ഇതുവരേയും പ്രതികരിച്ചിട്ടുമില്ല. കുട്ടികളെ മുഴുവൻ മോചിപ്പിക്കും എന്നതായിരുന്നു തീവ്രവാദികൾ സർക്കാർ പ്രതിനിധികളോട് പറഞ്ഞിരുന്നതെങ്കിലും 5 പെൺകുട്ടികൾ കൊല്ലപ്പെട്ടെന്ന വാർത്തയാണ് പിന്നീട് ലഭിച്ചത്. കൂട്ടത്തിലെ ക്രൈസ്തവ വിശ്വാസിയായ ഒരു പെൺകുട്ടി വിട്ടയക്കപ്പെട്ടതുമില്ല. 9 വാഹനങ്ങളിലായി പുലർച്ചെ

**നൈജീരിയയിൽ ബൊക്കോഹറാം തടവറയിലാക്കിയ 110 പെൺകുട്ടികളിൽ ഉൾപ്പെട്ട ക്രിസ്തീയ പെൺകുട്ടിക്ക് ഇനിയും മോചനമായില്ല**



സ്കൂൾ കവാടത്തിൽ ഭീകരർ തന്നെ കുട്ടികളെ കൊണ്ടിറക്കി വിടുകയായിരുന്നുയെന്ന് ദൃക്സാക്ഷികൾ പറയുന്നു. നിലവിൽ ജീവനോടെയുള്ള കുട്ടികൾ സുരക്ഷിതരായി തിരിച്ചെത്തണം എന്ന ആഗ്രഹത്താൽ സർക്കാർ തീവ്രവാദികളുടെ .നിലപാടുകൾ അംഗീകരിക്കുകയും സംയമനം പാലിക്കുകയുമായിരുന്നുയെന്നാണ് പൊതുവെയുള്ള അഭിപ്രായം. കാരണം 2 വർഷം മുമ്പ് ചിബോക്കിലെ സ്കൂളിൽ ,നിന്ന് തട്ടിക്കൊണ്ട് പോയ കുട്ടികളിൽ പലരേയും ഇനിയും രക്ഷപെടുത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല.

അതിൽ ചിലർ സ്വയമേ രക്ഷപെടുകയും മറ്റ് ചിലരെ സർക്കാർ ഇടപെടലിലൂടെ മോചിപ്പിക്കപ്പെടുകയുമായിരുന്നു. മാത്രമല്ല സർക്കാർ ഭീകരർക്കെതിരെ സൈനിക നടപടി സ്വീകരിച്ചതിന്റെ ഫലമായി ഭീകരരും വളരെ ക്രൂരമായാണ് അക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചത്. തങ്ങളിൽ 5 പേർ മരിച്ചതായും ക്രിസ്ത്യാനിയായ ഒരു പെൺകുട്ടി മതപരിവർത്തനത്തിന് വിസ്സമതിച്ചതിനാൽ ഭീകരർ വിട്ടയച്ചില്ലെന്നും മോചിതയായ ഖദീജ എന്ന പെൺകുട്ടി പറഞ്ഞതായി മോചന ദിവസം തന്നെ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നു. എന്റെ ഹൃദയം ലിയയുടെ മാതാപിതാക്കൾക്കൊപ്പമാണെന്നും ഭീകരരുടെ കയ്യിൽ നിന്ന് കുട്ടിയെ മോചിപ്പിക്കുകയെന്നത് തന്റെ ഉത്തരവാദിത്വമാണെന്നും കുട്ടിയെ എത്രയും പെട്ടെന്ന് മോചിപ്പിക്കുവാൻ വേണ്ടത് ചെയ്യുമെന്നും നൈജീരിയൻ പ്രസിഡൻര് മുഹമദ് ബുഹാരി കുട്ടികൾ മോചിപ്പിക്കപ്പെട്ട ദിവസം പറഞ്ഞിരുന്നു. എന്നാൽ ഇതുവരേയും നടപടികൾ ഒന്നും സജീവമായിട്ടില്ലെന്നാണ് രാജ്യത്തെ ക്രൈസ്തവ സമൂഹത്തിന്റെ പരാതി. മാത്രമല്ല , കുട്ടിയെ കുറ്റപ്പെടുത്തുന്ന തരത്തിലാണ് ഇപ്പോൾ പ്രസിഡനറ് പ്രതികരിക്കുന്നതെന്നും ആരോപണമുയരുന്നു. ലിയ ഷരിബുവിന്റെ പിതാവ് നാഥാൻ ഒരു പോലീസ് ഓഫീസറാണ്. മാതാവ് റിബേക്ക. ഏക മകൾ മടങ്ങിയെത്തിയിട്ടില്ലെന്നറിഞ്ഞ് മാതാവ് മാനസികമായി തകർന്നിരിക്കുകയാണെന്ന് റിപ്പോർട്ടിൽ പറയുന്നു. കുട്ടി ഉപദ്രവിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യാമെന്നും വേഗത്തിൽ മോചിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സ്വന്ത ജീവൻ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ പോലും തന്റെ ദൈവവിശ്വാസത്തെ കൈവിടാത്ത ലിയയുടെ നിശ്ചയദാർഢ്യത്തിൽ അഭിമാനിക്കുന്നുയെന്നും ക്രിസ്ത്യൻ അസോസിയേഷൻ ഓഫ് നൈജീരിയ പറയുന്നു. രാജ്യത്തെ ക്രൈസ്തവ ആരാധനാലയങ്ങളിലെല്ലാം ലിയ ഷരിബുവിന്റെ മോചനത്തിനായുള്ള പ്രാർത്ഥന ശക്തമായിരിക്കുകയാണ്. പാശ്ചാത്യ വിദ്യാഭ്യാസത്തെ വളരെ എതിർക്കുന്ന ബോക്കോഹറാം ഭീകരർ പെൺകുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്നതിനും എതിരാണ്.

# യുഎസിൽ കൊള്ളക്കാർ പാസ്റ്ററുടെ ഭാര്യയെ തീവെച്ചു കൊന്നു

**നോർത്ത് കരോലിന:** അമേരിക്കയിൽ കൊള്ളസംഘം പാസ്റ്ററുടെ ഭവനത്തിലേക്ക് അതിക്രമിച്ച് കയറി പാസ്റ്ററെ മർദ്ധിച്ച് അവശനാക്കിയ ശേഷം ഭാര്യയെ തീവെച്ച് കൊന്നു. അത്യന്തം ദാരുണമായ ഈ സംഭവം അരങ്ങേറിയത് നോർത്ത് കരോലിനായിലെ ലിറ്റിൽടണിലാണ്. മാർച്ച് 9ന് വെള്ളിയാഴ്ച ആയിരുന്നു സംഭവം

ലിറ്റിൽടണിലെ മൾബറി കോർട്ടിൽ ലേക്ഗാട്ട്സൺ ഭവനത്തിൽ താമസിച്ചിരുന്ന ബാപ്റ്റിസ്റ്റ് സഭാശുശ്രൂഷകനായ പാസ്റ്റർ ജോൺ അൽഫോഡിനും ഭാര്യ നാൻസിക്കും നേരെയാണ് കൊള്ളക്കാരുടെ ക്രൂരമായ ആക്രമണമുണ്ടായത്. മാർച്ച് 9 ന് വെള്ളിയാവ്ച രാവിലെ മുഖംധാരികളായ 2 പേർ ഇവരുടെ വീട്ടിലെത്തി ആയുധം കാട്ടി ദമ്പതികളെ ഭീഷണിപ്പെടുത്തുകയായിരുന്നു.ഒരാൾ പാസ്റ്ററെ ബലമായി പിടിച്ച് വച്ച ശേഷം നാൻസിയെ ബല



**വീട് കൊള്ളയടിക്കാൻ ശ്രമിക്കുന്നതിനിടെയാണ് സംഭവം; പാസ്റ്റർക്കും പരുക്കേറ്റു**

മായി കാറിൽ കയറ്റിക്കൊണ്ട് പോയി റോവാനോക് റാപ്പിഡ്സിലെ സ്റ്റേറ്റ് എംപ്ലോയ്സ് ക്രെഡിറ്റ് യൂണിയൻ ബ്രാഞ്ച് എറ്റിഎംൽ നിന്ന് 1000 ഡോളർ പിൻവലിപ്പിക്കുകയായിരുന്നു. തുടർന്ന് വീട്ടിലേക്ക് മടക്കിക്കൊണ്ട് വന്നപ്പോഴേക്കും അടുത്ത അക്രമി പാസ്റ്ററെ മർദ്ധിച്ച് അവശനാക്കിയിരുന്നു. ഈ രംഗം കണ്ട് നാൻസി ഭയന്ന് ഒച്ച വയ്ക്കുവാൻ ശ്രമിച്ചു. ഉടനെ അക്രമികൾ രണ്ട് ,പേരും ചേർന്ന് പാസ്റ്ററേയും ഭാര്യയേയും ജീവനോടെ തീകൊളുത്തുകയായിരുന്നു. പാസ്റ്റർ ജോൺ തീ അണയ്ക്കാനുള്ള ശ്രമത്തിൽ അതിസാഹസികമായി പുറത്തേക്ക് ഓടി മറിഞ്ഞും ഉരുണ്ടും തീ കെടുത്തുകയും അക്രമികളിൽ നിന്ന് രക്ഷപെടുകയും ചെയ്തു. എന്നാൽ നാൻസി അൽഫോഡിന് അതിന് കഴിഞ്ഞില്ല. അവർ വീണിടത്ത് തന്നെ വെന്ത് മരിച്ചു. അൽപ്പ സമയത്തിനകം വീട്ടിലെത്തിയ പാസ്റ്റർ ജോൺ ഭാര്യ മരിച്ച് കിടക്കുന്നതായാണ് കണ്ടത്. വീട് കൊള്ളയടിച്ച് അക്രമികൾ തന്റെ കാറുമായി രക്ഷപെട്ടിരുന്നു. തുടർന്ന് അദേഹം തന്നെ ബഹളം വച്ച് അയൽക്കാരെ കൂട്ടുകയായിരുന്നു. അവർ അദേഹത്തെ ഡ്യൂക്ക് യൂണിവേഴ്സിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നോർത്ത് കരോലിന സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ വകുപ്പ് ഊർജ്ജിതമായി നടത്തിയ അന്വേഷണത്തിന്റെ ഫലമായി 2

(ശേഷം പേജ്– 11)






Printed, Published & Owned by Thomas George Anayazhikathu.Printed at shine star Printers,Puthoor,Kollam,and published from Anayazhikoth,thrikkannamangal,kottarakara,Kollam dist-691506
Editor - Thomas George Anayazhikathu.